## ‘ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
## ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ’

**Kshatra Sandesam**
Quarterly News Magazine of
Kshatriya Kshema Sabha
October - December 2010
Me 1186 Thulam - Dhanu
Volume 10 Issue 4

**ക്ഷാത്രസന്ദേശം**
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ഒക്ടോബർ - ഡിസംബർ 2010
1186 തുലാം - ധനു
വാല്യം 10, ലക്കം 4

# വിഷയവിവരം

പത്രാധിപക്കുറിപ്പ് 1

കുടുംബയോഗങ്ങൾ ചേരുക 3
**കെ. സി. മാനവർമ്മരാജ**

വിദ്വാന്മാരും വിദുഷികളും 4
**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

വേണാട് (തിരുവിതാംകൂർ രാജവംശം) 8
**ഡോ. ആർ.പി. രാജാ**

സാന്ത്വനം 10
**പ്രൊഫ. കെ.എൻ.എസ്. വർമ്മ**

സമസ്യ 11

ചൂണ്ടയിൽ കൊളുത്തിയിട്ട ഇര 12
**നാരായൺ ഗംഗോപാദ്ധ്യായര**
**പരിഭാഷ: ഡോ. കെ.സി.എം. രാജ**

ദേവീ മാഹാത്മ്യം 16
**ഹൈമവതി വർമ്മ**

വീണ്ടും ചില വീട്ടുകാര്യങ്ങൾ 16
**കെ. ഹരികൃഷ്ണവർമ്മ**

ചിരിയരങ്ങ് 18
**സമ്പാ: വത്സലാ രവിവർമ്മ**

ലഘുപാചകം 19
**ശാരദാവർമ്മ**

**എം.സി. കേരളവർമ്മരാജ ജന്മശതാബ്ദി**
**– സംഭാവന നൽകിയവരുടെ പേര്** 21

ആത്മാവിന്റെ വിലാപം 26
**കെ.സി. ചെറിയനുജത്തി തമ്പുരാട്ടി**

മരണം, നിദ്രയും സ്വപ്നവും 26
**ഗോകുൽ കെ.എൻ**

പുസ്തകജാലകം 25
**മനോജ് വർമ്മ**
**കെ. എൽ. ശ്രീകൃഷ്ണദാസ്**

ബാലവേദി 27

ആചാര്യശിഷ്യസംവാദം 28

വാർത്തകൾ - വിശേഷങ്ങൾ 30

വൈവാഹികം 37

പത്രാധിപക്കുറിപ്പ്

# ക്ഷാത്രമംഗല്യ സംഗമം

**ക്ഷ**ത്രിയസമുദായം ഇന്ന് നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നം വൈവാഹികമായ കാര്യത്തിൽ ആണെന്നു കരുതുന്നു. അനുയോജ്യരായ യുവതീയുവാക്കളെ കണ്ടെത്തുന്നതിൽ രക്ഷകർത്താക്കൾ നന്നേ വിഷമിക്കുന്നു എന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ജാതകപ്പൊരുത്തം ഒരു അവിഭാജ്യഘടകമായിത്തീർന്നിരിക്കുന്ന ഇന്നത്തെ കാലത്ത് ന്യൂനപക്ഷ മുന്നോക്ക സമുദായങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിൽനിൽക്കുന്ന ക്ഷത്രിയർ സ്വജനങ്ങളിൽ നിന്നും യോഗ്യരായ വധൂവരന്മാരെ കണ്ടെത്തുന്ന കാര്യത്തിൽ ഒട്ടേറെ വൈഷമ്യങ്ങൾ നേരിടുന്നുണ്ട്. നമ്മുടെ കൂട്ടർക്ക് ജാതകപ്പൊരുത്തത്തിലുള്ള വിശ്വാസം അസാധാരണമാംവിധം വർദ്ധിച്ചിട്ടുമുണ്ട്. അതിനെ ചോദ്യം ചെയ്യുകയോ എതിർക്കുകയോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ജാതകം പരിശോധിച്ച് ഉത്തമമെന്ന് ജ്യോതിഷിമാർ സാക്ഷ്യപ്പെടുത്തിയിട്ടും മറ്റു പല കാരണങ്ങളെക്കൊണ്ടും വിവാഹകാര്യങ്ങളിൽ തടസ്സങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. പുരുഷന് സ്ത്രീയേയോ സ്ത്രീയ്ക്ക് പുരുഷനെയോ (കാഴ്ചയിലോ യോഗ്യതയിലോ) ഇഷ്ടപ്പെട്ടില്ലെങ്കിൽ ‘ജാതകം ചേരുന്നില്ല’ എന്ന കാരണം പറഞ്ഞ് ഒഴിഞ്ഞുമാറുന്നതും ഇന്ന് സർവ്വസാധാരണമായിട്ടുണ്ട്. ഇതുകൊണ്ട് സംഭവിക്കുന്നതാകട്ടെ, നമ്മുടെ കൂട്ടർ അന്യസമുദായങ്ങളിലേക്ക് ചേക്കേറാൻ നിർബന്ധിതരാകുന്നു എന്നതും. ഒരു തരത്തിൽപ്പറഞ്ഞാൽ ഇത് സമുദായത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയായിത്തീർന്നിരിക്കുകയാണ്.

ക്ഷത്രിയരുടെയിടയിലെ വിവാഹപ്രായമായ യുവതീയുവാക്കളുടെ ഒരു ‘സംഗമം’ സംഘടിപ്പിക്കുന്നതിനെപ്പറ്റി മുമ്പൊരിക്കൽ ഒരു നിർദ്ദേശം ഭരണസമിതിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും അതിന് വേണ്ടത്ര ഗൗരവം ആരും നൽകിയിരുന്നില്ല. ഇന്ന് മുന്നോക്ക സമുദായങ്ങളിൽപ്പെട്ട പല സംഘടനകളും ഈ മാർഗ്ഗം സ്വീകരിച്ചതായി കാണുന്നു. വിവാഹപ്രായമായ യുവതീയുവാക്കൾ രക്ഷകർത്താക്കൾക്കൊപ്പം ഒരു സ്ഥലത്ത് ഒത്തുചേരുന്നു. ജാതകം പരിശോധിക്കുന്നതിൽ പരിചയവും അറിവുമുള്ള ജ്യോതിഷിയെക്കൊണ്ട് പരിശോധിപ്പിച്ചശേഷം നേരിട്ടുകണ്ട് ഇഷ്ടപ്പെടുന്നവരുടെ കാര്യത്തിൽ തീരുമാനം അപ്പോൾതന്നെ എടുക്കാൻ സാധിക്കുന്നു. ക്ഷത്രിയർക്കും ഈ മാതിരി ഒരു ‘മംഗല്യസംഗമം’ സംഘടിപ്പിക്കുന്ന കാര്യത്തെപ്പറ്റി ആലോചിച്ചുകൂടെ? രക്ഷകർത്താക്കളിൽ നിന്നും പങ്കാളികളെ കണ്ടെത്താൻ കഴിയാതെ വിഷമിക്കുന്ന ചെറുപ്പക്കാരിൽ നിന്നും പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു. ●

**പത്രാധിപ സമിതി**
**എം. രവിവർമ്മ രാജാ**
*മുഖ്യപത്രാധിപർ*
**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**
**ദിനേശ്**
**ജി രാമവർമ്മ**
**ടി.എൻ. ആദിത്യവർമ്മ തമ്പാൻ**
**ആർ. കിഷോർ കുമാർ വർമ്മ**

ഓഫീസ് നിർവഹണം : ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ

മുഖചിത്രം : രാധാമാധവം (അഷ്ടപദി) റീജന്റ്റാണി ജന്മവാർഷികത്തിൽ അവതരിപ്പിച്ച നൃത്തശില്പത്തിലെ ഒരു രംഗം

## വായനക്കാരുടെ കത്തുകൾ

പ്രിയപ്പെട്ട ക്ഷാത്രസന്ദേശമേ
കാത്തുകാത്തു വളരെ മടുത്തുഞാൻ
ഇത്രമാത്രമൊരു നേരമിരുന്നൂ
എത്തിടാത്തതുമതെന്തു ഗ്രന്ഥമീ
ക്ഷാത്രവൃത്തിയതുമെന്റെ പക്കലായ്

ഇന്നു വന്നയൊരു മാസികയ്ക്കു ഞാൻ
ഒന്നുചേർന്നു വളരെപ്പരിഭവം
ചൊന്നുചൊന്നുമമ മാസികയ്ക്കുമായ്
എന്നതുണ്ടുമിവിടെക്കുറിപ്പിതാ

ത്രിമൂർത്തികൾ നല്ല കലയ്ക്കു ചേർന്നവർ
വർമ്മദ്വയങ്ങൾ ബത തമ്പുരാനും (ആർ.
വി. കുഞ്ഞുക്കുട്ടൻ തമ്പുരാൻ)
ചിരിച്ചുകൊണ്ടങ്ങു വിളങ്ങിനില്ക്കും
ശരിയ്ക്കു നന്നായിയലങ്കരിച്ചും.
കൊണ്ടുള്ള നൽ മാസിക ലക്കമാണീ
കൊണ്ടാടിടുന്നേനിതു നന്ന് നന്ന്
പത്രാധിപർ ചൊല്ലിയ കാര്യമെല്ലാ
മത്രയ്ക്കു നന്നായ് ഇവരെക്കുറിച്ചും
ബാക്കിയുള്ള വിഭവങ്ങളത്രയും
നോക്കിടുന്നു വളരെക്കുതുകത്താൽ
ഒക്കുമേയവയുമൊക്കെ നന്നുതാ
നക്കമിട്ടു പറയാമതിന്നു ഞാൻ

**<u>നവവത്സരാശംസകൾ</u>**

രണ്ടായിരപ്പത്തിനൊടൊന്നു കൂട്ടി
രണ്ടായിരപ്പൂം പതിനൊന്നു പൂക്കെ
കൊണ്ടാടിടേണം പുതുഗന്ധമേറ്റി
പ്പൂണ്ടിങ്ങു വന്നീടുക ക്ഷാത്രപത്രം

**കുട്ടിഅനിയൻ രാജ**

### ക്ഷാത്രസന്ദേശം വരിസംഖ്യ

ക്ഷാത്രസന്ദേശം വരിസംഖ്യ കുടിശ്ശികയുള്ളവർ എത്രയും വേഗം കുടിശ്ശിക തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ തന്നെ 2011 വർഷത്തേക്കുള്ള വരിസംഖ്യ ₹ 100/- നൽകിയിട്ടില്ലാത്തവർ യൂണിറ്റുള്ള സ്ഥലങ്ങളിൽ യൂണിറ്റു വഴിയും അല്ലാതുള്ള സ്ഥലങ്ങളിൽ നേരിട്ടും വരിസംഖ്യ 'സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, തിരുവനന്തപുരം എന്ന പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ഡി.ഡി.യായോ ചെക്കായോ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

# പി. ആർ. രാഘവവർമ്മ രാജ പന്തളം രാജപ്രതിനിധി



ഈ വർഷത്തെ തിരുവാഭരണഘോഷയാത്രയ്ക്ക് ചിത്തിരനാൾ പി.ആർ. രാഘവവർമ്മ തിരഞ്ഞെടുക്കപ്പെട്ടു. കിടങ്ങൂർ പാട്യാൽ ഇല്ലത്ത് ഗോദശർമ്മൻ നമ്പൂതിരിപ്പാടിന്റെയും പന്തളം കൈപ്പുഴ അംബികാവിലാസ (പന്തപ്ലാവ്) ത്തിൽ അംബികത്തമ്പുരാട്ടിയുടെയും പുത്രനാണ് രാഘവ വർമ്മ. കർണ്ണാടകത്തിലെ ഹോസ് പെറ്റ് വിജയനഗർ കോളേജ്, ഹരപ്പനഹള്ളി എ.ഡി.ബി.കോളേജ് എന്നിവിടങ്ങളിൽ ഇംഗ്ലീഷ് പ്രൊഫസറായിരുന്നു. 2002–ൽ വിരമിച്ചശേഷം മൂത്തമകൾ ഇന്ദിര (ഇന്ദു –സോഫ്ട്വെയർ എൻജിനീയർ, ഇൻഫോസിസ്) യോടും മരുമകൻ നന്ദകുമാർ രാജ (നന്ദു–യുണൈറ്റഡ് വേൾഡ് കോളേജ്)യോടുമൊപ്പം പൂനെയിലും സഹധർമ്മിണി കെ. വത്സലയുമൊത്ത് അവരുടെ കുടുംബമായ കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്തും ആയി താമസിച്ചുവരുന്നു. മകൻ കെ. ഹരികുമാറും മരുമകൾ സിന്ധുവും (സോഫ്റ്റ്വെയർ എൻജിനീയർമാർ) അമേരിക്കയിൽ സാൻഫ്രാൻസിസ്കോയിലാണ്. ക്ഷത്രിയക്ഷേമസഭ സംസ്ഥാന വൈസ്പ്രസിഡന്റും സംസ്ഥാന മന്ത്രി (തദ്ദേശസ്വയംഭരണം) പാലൊളി മുഹമ്മദ് കുട്ടിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുമായ പി.ജി. ശശികുമാർ വർമ്മ ഇളയ സഹോദരനാണ്.

# ഡോ. രാമവർമ്മരാജക്ക് 'നാസ' അവാർഡ്



വാഷിംഗ്ടൺ: ബഹിരാകാശ ഏജൻസിയായ നാസയുടെ ഗ്രൂപ്പ് അച്ചീവ്മെന്റ് അവാർഡിന് മലയാളി ശാസ്ത്രജ്ഞൻ ഡോ. രാമവർമമരാജ അർഹനായി. ബാലുശ്ശേരി കിനാലൂർ മുണ്ടക്കര കോവിലകത്ത് അംബാദേവി അമ്മ രാജയുടെയും തിരുവല്ല നെടുമ്പ്രത്ത് തെക്കേ കൊട്ടാരത്തിൽ രാജരാജവർമ്മയുടെയും മൂത്തമകനാണ്

പ്രസിഡന്റിന്റെ കത്ത്

# കുടുംബയോഗങ്ങൾ ചേരുക

പ്രിയബന്ധുജനങ്ങളെ,

സാമൂഹ്യജീവിയായ മനുഷ്യൻ പല സന്ദർഭങ്ങളിലും താൻ ഒരു വലിയ സ്വത്വത്തിന്റെ (identity) ഭാഗമാണ് എന്നഭിമാനിക്കുന്നവനാണ്. തന്റെ വ്യക്തിസത്ത പൂർണ്ണമാകുന്നത് ഈ സ്വത്വവുമായി താദാത്മ്യം പ്രാപിക്കുമ്പോഴാണ് എന്ന തിരിച്ചറിവാണ് അവനെ അതിലേക്കു നയിക്കുന്നത്.

കേരളത്തിലെ കൊട്ടാരങ്ങളും കോവിലകങ്ങളും നമ്മുടെ സമുദായാംഗങ്ങളുടെ സ്വത്വത്തിന്റെ ഭാഗമാകുന്നത് ഈയടിസ്ഥാനത്തിലാണ്. പേരിനൊപ്പം കുടുംബപേര് ചേർക്കുന്ന രീതി ഏതാണ്ടവസാനിച്ചെങ്കിലും കൂട്ടുകുടുംബവ്യവസ്ഥയുടെ തിരുശേഷിപ്പുകളിൽ കുടുംബസ്മരണ മാത്രമാണ്തെല്ലെങ്കിലും അവശേഷിക്കുന്നത്. പ്രാദേശിക കേന്ദ്രീകരണമില്ലെങ്കിലും പുല-വാലായ്മകളിലൂടെ കുടുംബാംഗങ്ങൾ നേർത്ത ബന്ധമെങ്കിലും പുലർത്തിവരുന്നുണ്ട്. ജോലിസ്ഥലവും അതുമായി ബന്ധപ്പെട്ട തിരക്കുകളും മനുഷ്യസമ്പർക്കവും അവസാനിച്ചു കഴിയുമ്പോഴാണ് ജീവിത സായാഹ്നത്തിൽ പലർക്കും നമ്മുടെ രക്തബന്ധുക്കൾ എവിടെയൊക്കെയോ ഉണ്ടെന്ന തോന്നൽ ഈ ആചാരങ്ങളിലൂടെ അനുഭവപ്പെടുന്നത്.

എന്നാൽ അടുത്തകാലത്തായി കേരളത്തിലെ പല സമുദായങ്ങളിലുമെന്നപോലെ ക്ഷത്രിയ സമുദായത്തിലും കുടുംബ യോഗങ്ങൾ ചേരുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. വിശേഷദിവസങ്ങളിലെ ആഘോഷങ്ങളുമായി ബന്ധപ്പെട്ടോ കുടുംബക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ചോ കുടുംബയോഗങ്ങൾ ചേർന്നുവരുന്നതായി കാണാം. വിപുലമായ പരിപാടികളോടെ കുടുംബയോഗങ്ങൾ നടത്തുന്നതും അപൂർവ്വമല്ല.

ഇത്തരം കുടുംബയോഗങ്ങൾ ചേരുന്നതിന് നാമേവരും പ്രോത്സാഹനം നൽകണമെന്നും സ്വന്തം കുടുംബങ്ങളിൽ ഇത്തരം കുടുംബയോഗങ്ങൾ ചേരുന്നതിന് ഉത്സാഹിക്കണമെന്നുമാണ് എനിക്ക് ഓരോ ബന്ധുജനങ്ങളോടും അഭ്യർത്ഥിക്കുവാനുള്ളത്. ഒത്തുചേരുവാൻ മനസ്സുകൊണ്ടു തീരുമാനിച്ചു കഴിഞ്ഞാൽ അതിനുള്ള സാഹചര്യം തനിയെ വന്നുകൊള്ളും. ഈ ഒത്തുചേരൽ നമ്മുടെ കുട്ടികൾക്ക് പാരമ്പര്യത്തിന്റെ നന്മകൾ പകർന്നു നൽകുമെന്നതിൽ സംശയമില്ല. ഓരോ സമുദായവും, പ്രദേശവും, രാജ്യവും പാരമ്പര്യത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടു തന്നെയാണ് മുന്നേറുന്നത്. ആയതിനാൽ കേരളത്തിലെ എല്ലാ ക്ഷത്രിയ കുടുംബങ്ങളോടും സൗകര്യപ്രദമായ ഇടവേളകളിൽ കുടുംബയോഗങ്ങൾ പതിവായി ചേരുന്നതിന് ഞാനഭ്യർത്ഥിക്കുന്നു.

കുടുംബങ്ങൾ അവരുടെ അംഗങ്ങളുടെ മേൽവിലാസവും മറ്റ് വിവരങ്ങളും ഉൾക്കൊള്ളുന്ന ഡറക്ടറി തയ്യാറാക്കി അംഗങ്ങൾക്ക് ലഭ്യമാക്കുന്നതും 'കുടുംബ വൃക്ഷം' രേഖപ്പെടുത്തുന്നതും ഈ ശ്രമങ്ങൾക്ക് കരുത്തു പകരും. ഇതിനകം അത്തരം ശ്രമം തുടങ്ങിയിട്ടില്ലാത്ത കുടുംബങ്ങൾ ഈ പുതുവർഷത്തിൽ അതിനു ശ്രമിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കട്ടെ.

ഏവർക്കും ഒരു നല്ല പുതുവത്സരമാശംസിച്ചുകൊണ്ട്

സ്നേഹപൂർവ്വം കെ.സി.മാനവർമ്മരാജ

26.10.2010

---

*ഡോ. രാമവർമ്മരാജ തുടർച്ച ...*

ഡോ. രാമവർമ്മരാജ. വൈക്കത്ത് പായിക്കാട്ടു കോവിലകത്ത് രാധാമണിത്തമ്പുരാട്ടിയുടെയും ഓമല്ലൂർ വെളിയത്തുമുറി കോയിക്കൽ ഉദയവർമ്മയുടെയും മകൾ ശ്രീകലാവർമ്മയാണ് ഭാര്യ.

കാലാവസ്ഥാ പ്രവചനങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന Atmospheric Infrared Sound മായി (AIRS) ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനാണ് പുരസ്കാരം. 2002 മുതൽ 'നാസ'യുടെ അക്വ ഉപഗ്രഹത്തിൽ പ്രവർത്തിക്കുന്ന ഈ Infrared Sounder ഭൗമാന്തരീക്ഷത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ കൂടുതൽ വ്യക്തമായ തരത്തിൽ വിലയിരുത്തുന്നതിന് സഹായകരമായതാണ് പുരസ്കാരത്തിന് അർഹമാക്കിയത്. 2008-ൽ National Oceonographic Atmospheric Administration- ന്റെ (NOAA) മികച്ച ശാസ്ത്രപ്രബന്ധത്തിനുള്ള പുരസ്കാരത്തിനും ഡോ. രാമവർമ്മ അർഹനായിട്ടുണ്ട്.

# കൊടുങ്ങല്ലൂർ രാജവംശം
## (പത്താം ഭാഗം)
# വിദ്വാന്മാരും വിദുഷികളും

(തുടർച്ച)

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

ഇദ്ദേഹം കുറച്ചുനാൾ കൂടി ജീവിച്ചിരുന്നുവെങ്കിൽ, ഭാവഗീതങ്ങൾ കൂടി രചിക്കുമായിരുന്നു. തമ്പുരാന്റെ സൂര്യാഷ്ടകത്തിലെ താഴെച്ചേർക്കുന്ന ശ്ലോകം ഇതു വ്യക്തമാക്കുന്നു.

*'കരുത്ത കൂർച്ചക്കതിർ കൊണ്ടു കുത്തീ-*
*ട്ടിരുൾ കരിമ്പാറ പൊളിച്ചു മാറ്റി*
*പെരുത്തുയാർക്കോളുലകം തുറക്കും*
*കരുക്കതിർത്തട്ടിനു കൈതൊഴുന്നേൻ.*

### കലിദിന സംഖ്യാപ്രയോഗം

ഹരിവംശമൊഴികെ, തമ്പുരാൻ മഹാഭാരതം തർജ്ജമ ആരംഭിച്ചതിനേയും, പൂർത്തിയാക്കിയതിനേയും കുറിച്ച് കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച, താഴെച്ചേർക്കുന്ന പദ്യം ശ്രദ്ധിക്കുക.

*'ലോഭേഷ്യാദുഃഖദുഷ്ടാണം*
*കലിക്കൂരിരുൾ നീങ്ങുവാൻ*
*സൗഖ്യനാള പ്രദീപം' നൽ*
*കല്യാണം കാൺക ഭാരതം'*

ലോഭേഷ്യദുഃഷ്ടു എന്നതിനോട് ചേർന്നുവരുന്ന കലിനിന്ന പദം 1828143 എന്ന കലിദിനത്തെ സൂചിപ്പിക്കുന്നു. അതുപ്രകാരം തർജ്ജമ തുടങ്ങിയത് 1079 മേടം 25-ാം തീയതിയാണെന്നു മനസ്സിലാക്കാം.'സൗഖ്യനാളപ്രദീപം' എന്നതിനോടു ചേർന്നുവരുന്ന കല്യാണപദം 1829017 എന്ന കലിദിനത്തേയും സൂചിപ്പിക്കുന്നു. അതായത് 1082 കന്നി 12 ന് തർജ്ജമ തീർന്നു.

### ഗദ്യകാരൻ

ഐതിഹ്യങ്ങൾ, ഭാഷാ പ്രയോഗങ്ങൾ, സംഗീതം എന്നിങ്ങനെ, അന്നുണ്ടായിരുന്ന ആനുകാലികങ്ങളിൽ ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രകാശിതമായിരുന്നു. വിദ്യാവിനോദിനിയുടെ രണ്ടു ലക്കങ്ങളിലായി തമ്പുരാൻ സംഗീതത്തെക്കുറിച്ചെഴുതിയും ലേഖനങ്ങൾ വായിച്ച വടക്കെക്കുറുപ്പത്തെ കുട്ടിപ്പാറുവമ്മ ഇദ്ദേഹത്തിന്റെ ആരാധികയായി. പ്രായം മുപ്പതു തികഞ്ഞിട്ടും, ഇവർ തമ്പുരാനെയല്ലാതെ മറ്റൊരാളെ വിവാഹം കഴിക്കുവാൻ തയ്യാറായില്ല. ആദ്യ ഭാര്യ മരിച്ചെങ്കിലും രണ്ടാം ഭാര്യയുടെ അനുമതി വാങ്ങിക്കാതെ, തമ്പുരാന്റെ സുഹൃത്തായ പാലിയത്തു വലിയ കൊച്ചുണ്ണിയച്ചൻ, സൂത്രത്തിൽ തമ്പുരാനെ കൊണ്ട് പുടവ കൊടുപ്പിച്ച് ഇവരെ ഭാര്യയാക്കി.

കവിതകളെന്നപോലെ ഇദ്ദേഹത്തിന്റെ ലേഖനങ്ങളും ദ്രുതരചനകളായിരുന്നു എന്ന് കുറ്റിപ്പുറത്തു കേശവൻനായർ അനുസ്മരിച്ചിട്ടുണ്ട്.

ഒരു ദിവസം തമ്പുരാനും, കേശവൻനായരും വള്ളത്തോൾ താമസിക്കുന്ന തൃശൂരിലെ വാടക വീട്ടിലെത്തി. 'എഡോ! നമുക്കിന്ന് പെട്ടിചാരി ചതുരംഗം വെക്കണം' എന്നു പറഞ്ഞു. 'ആവാം എന്നാൽ ആദ്യം 'രാമാനുജൻ മാസിക(1)ക്ക് ഒരു ലേഖനമെഴുതിത്തരണം' എന്ന വള്ളത്തോളാവശ്യപ്പെട്ടു. കുറച്ചുകളിച്ചശേഷമാകാമെന്ന് തമ്പുരാൻ പറഞ്ഞു. കളി തുടങ്ങിയാൽ കാര്യം നടക്കില്ല, കാര്യം കഴിഞ്ഞിട്ടു മതി കളി എന്നു വള്ളത്തോൾ നിർബന്ധിച്ചു.

ഒരു ചരിത്രകാരനും, ആകാത്തവിധം, ഗ്രന്ഥങ്ങളൊന്നും പരിശോധിക്കാതെ, ഒരു മണിക്കൂർ കൊണ്ട് ആലത്തിയൂർ ഗ്രാമം' എന്ന ലേഖനം തമ്പുരാൻ പറഞ്ഞു കൊടുത്തത് വള്ളത്തോൾ എഴുതിയെടുത്തു.

'മംഗളോദയം' 1085 മകരം ലക്കം മാസികയിൽ തമ്പുരാന്റേതായി 'മേനോൻ കൊശവനായത്' എന്ന കഥയും പ്രകാശിതമായിട്ടുണ്ടെന്നതും പ്രസ്താവ്യമാണ്.

### വായനാശീലം

ആരെങ്കിലും അവരുടെ രചന തമ്പുരാനയച്ചു കൊടുത്താൽ അതു മുഴുവൻ വായിക്കും എന്നിട്ടതിനെ കുറിച്ചുള്ള അഭിപ്രായം അവരെ അറിയിക്കുമായിരുന്നു. പദ്യരൂപത്തിലായിരിക്കും അഭിപ്രായമറിയിക്കുക. തമ്പുരാന്റെ വായനാശീലവും യാത്രകളുമാണ്, ഇദ്ദേഹത്തിന്റെ രചനകളിൽ പല ഗ്രാമ്യപദങ്ങളും കാണുവാനിടയായിട്ടുള്ളത്. മലപ്പുറം ജില്ലയിലുപയോഗിച്ചിരുന്ന 'ഇച്ചേലില്' വടക്കൻ കേരളത്തിലുപയോഗിച്ചിരുന്ന

(1) തുഞ്ചത്തെഴുത്തച്ഛന്റെ സ്മരണക്കായി തുടങ്ങിയ മാസിക

ഓൻ, ഓൾ, തിരുവനന്തപുരം ഭാഗത്തുപയോഗിച്ചിരുന്ന അണ്ണൻ, തമ്പി എന്നിവയുദാഹരണങ്ങളാണ്.

**അഭിനയം**

1.നാടകമെഴുതുക മാത്രമല്ല തമ്പുരാൻ ചെയ്തത്, അവയിലഭിനയിക്കുക കൂടി ചെയ്തിരുന്നു. മനോരമയിൽ വന്ന ഒരു റിപ്പോർട്ടനുസിച്ച് 1067 കന്നി 27–ാം തീയതി തമ്പുരാന്റെ 'ചദ്രികനടിക' (അഞ്ചങ്കത്തിൽ കുറവാകയാൽ നടിക) യിൽ രാജാവിന്റേയും പുഷ്കരവർമ്മാവിന്റേയും ഭാഗം തമ്പുരാൻ അഭിനയിക്കുകയുണ്ടായി.

2. 26.4.1069–ൽ മനോരമയിൽ വന്ന റിപ്പോർട്ടുപ്രകാരം ഇദ്ദേഹം മനോരമയ്ക്ക് കവിതകളയാക്കാത്തതിനെക്കുറിച്ച് ഇങ്ങിനെ പറയുന്നു: 'അവിടന്ന് ഇപ്പോൾ നാടകാഭിനയത്തിൽ ഭ്രമിച്ച്, ചില ബാലന്മാരെ കൂട്ടിച്ചേർത്ത് ഒരു സംഘമുണ്ടാക്കി അഭിനയം അഭ്യസിപ്പിച്ചുവരുന്നു.'

3. 26.9.1964ൽ എം. മുകുന്ദരാജ (മണക്കുളം പാലസ്) മാതൃഭൂമിയിൽ രേഖപ്പെടുത്തിയ ഒരു സംഭവം

'വള്ളത്തോൾ ഒരിക്കൽ കൊടുങ്ങല്ലൂർ കോവിലകത്തു ചെന്നപ്പോൾ, 'അവിടത്തെക്കഭിനയ വിദ്യ അറിയുമോ' എന്നു ചോദിച്ചു.'കുറച്ചൊക്കെ അറിയാം' എന്നായിരുന്നു തമ്പുരാന്റെ മറുപടി. എങ്കിൽ അഭിനയിച്ചു കണ്ടാൽ കൊള്ളാം എന്നു വള്ളത്തോൾ പറഞ്ഞു. അതനുസരിച്ചദ്ദേഹം 'കീചകന്റെ മരണം' അഭിനയിക്കാൻ തുടങ്ങി. കീചകൻ മരണശ്വാസം വലിച്ച് ഊർദ്ധ്വൻ വരെയെത്തി. അടുത്തുണ്ടായിരുന്ന ചെറിയ കൊച്ചുണ്ണിതമ്പുരാൻ തട്ടിയുണർത്തിയില്ലായിരുന്നു എങ്കിൽ മരണം സംഭവിച്ചേനെ. ഇതൊക്കെ ആരുടെ പക്കൽ നിന്നാണ് പഠിച്ചത് എന്ന് കൊച്ചുണ്ണിതമ്പുരാൻ ചോദിച്ചു. ഏട്ടൻ കുഞ്ഞുണ്ണിയെ പഠിപ്പിക്കുന്നതുകാണാറുണ്ട്. അതിനുപുറമെ നാട്യശാസ്ത്രം എന്ന ഗ്രന്ഥം വായിച്ചിട്ടുമുണ്ട്' എന്നായിരുന്നു തമ്പുരാന്റെ മറുപടി.

**സൂക്ഷ്മഗ്രാഹി**

രചനകൾ പേരുമാറ്റിയെഴുതിയാലും, ശൈലി നോക്കി ആളെ തിരിച്ചറിയുന്നതിൽ തമ്പുരാൻ സമർത്ഥനായിരുന്നു.

**ചില സംഭവങ്ങൾ**

1.'കോട്ടൂർ ലക്ഷ്മിക്കുട്ടി' എന്ന പേരിൽ മനോരമയിൽ ഒരു കവിത വന്നു. ആരാണിതെഴുതിയതെന്ന് പത്രാധിപരോട് ചോദിച്ചെങ്കിലും, അദ്ദേഹം പേരു പറഞ്ഞില്ല. രചനാശൈലി നോക്കി കർത്താവ് കോടശ്ശേരി കുഞ്ഞൻ തമ്പാനാണെന്നിദ്ദേഹം തിരിച്ചറിഞ്ഞു.

2. 'വെൺമണിക്കായിതം' എന്ന ഒരു കൃതി ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ പലരേയും അതിലധിക്ഷേപിച്ചിരുന്നു. അതിനാൽ, ആരുടെതാണ് കൃതി എന്നറിയുവാൻ, തമ്പുരാൻ പ്രസ്താവന എന്ന കവിത ആ പത്രത്തിൽ പ്രസിദ്ധീകരിച്ചു. എങ്കിലും ശരിയായ ഉത്തരം ലഭിക്കുകയുണ്ടായില്ല. സൂക്ഷ്മഗ്രാഹിയായ തമ്പുരാൻ, അമ്പലപ്പുഴ മാധവപുതുവാളാണ് അതിന്റെ കർത്താവെന്ന് തിരിച്ചറിഞ്ഞു.

3. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരതവിവർത്തനത്തെ പ്രകീർത്തിച്ചുകൊണ്ടും തുഞ്ചത്തെഴുത്തച്ഛന്റെ ഭാരതത്തെ അല്പം താഴ്ത്തിക്കൊണ്ടും, എ.ആർ. രാജരാജവർമ്മ രസികരഞ്ജിനിയിൽ ഒരു ലേഖനമെഴുതി. ഇത് എഴുത്തച്ഛന്റെ നാട്ടുകാരായ കുറ്റുപ്പുറത്തു കേശവൻനായരേയും വള്ളത്തോളിനേയും ക്ഷുഭിതരാക്കി. ഉടനെ കേശവൻനായർ എ.ആറിന്റെ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് രാമാനുജൻ മാസികയിൽ ഒരു ലേഖനമച്ചടിക്കാൻ കൊടുത്തു. എന്നാൽ കേശവൻനായർക്ക് തിരുവനന്തപുരത്തേക്കു പോകേണ്ട ഒരാവശ്യം വന്നു. അവിടെവച്ചദ്ദേഹം, എ.ആറിന്റെ വിശദീകരണം കേട്ടു. കാര്യം ഗ്രഹിച്ച, നായർ തന്റെ ലേഖനത്തിന്റെ അച്ചടി നിർത്തിവെക്കുവാൻ നിർദ്ദേശിച്ചു. എന്നാൽ ചില ഭേദഗതികളോടെ, 'കെ.എൻ.' എന്ന തൂലികാനാമത്തിൽ തയ്യാറാക്കി പ്രസ്സിലേക്കു പോയി. കുറച്ചു കഴിഞ്ഞപ്പോൾ തമ്പുരാൻ അവിടെ എത്തി, കുത്തിക്കെട്ടിക്കൊണ്ടിരുന്നത് കയ്യിലെടുത്തു വായിച്ച് ഇതു തന്റേതല്ലേ' യെന്ന് കേശവൻനായരോട് ചോദിച്ചു. അതെ എന്ന് നായർ മറുപടി പറഞ്ഞു.

**പുരാണപാരായണക്കാരൻ**

പുരാണപാരായണത്തിലും തമ്പുരാൻ വിദഗ്ദ്ധനായിരുന്നു. കോവിലകത്തെ തമ്പുരാട്ടിമാർക്ക് ഇദ്ദേഹത്തിന്റെ ഭാഗവതപാരായണം എത്ര കേട്ടാലും മതി വന്നിരുന്നില്ല. അഞ്ചേരിയിലെ സി.കെ. രാമവർമ്മയിൽ നിന്നും ഇതു മനസ്സിലാക്കിയ സ്ത്രീകൾ. തമ്പുരാന്റെ സുഹൃത്തായ അമ്മുണ്ണിതിരുമുൽപ്പാടു വഴി അഞ്ചേരി മഠത്തിൽ വെച്ച് രണ്ടു മണിക്കൂറോളം, ഇദ്ദേഹത്തിന്റെ ഭാഗവതപാരായണം ആസ്വദിക്കുകയുണ്ടായി.

ഇതുകൂടാതെ നമ്പൂതിരിമാർക്കും മറ്റു സവർണ്ണർക്കും വേണ്ടതായ വൈദിക കർമ്മങ്ങളിലും തമ്പുരാനു വ്യുൽപത്തിയുണ്ടായിരുന്നതായി, സ്യാലൻ കെ.സി. വീരരായൻ രാജ രേഖപ്പെടുത്തിയിട്ടുണ്ട്.

**സംഘാടകൻ**

കവി സമാജം, ഭാഷാപോഷിണിസഭ മുതലായവയിൽ ഇദ്ദേഹം സജീവമായി പങ്കെടുത്തിരുന്നു. കോട്ടക്കലെ താമസക്കാലത്ത് സംസ്കൃതഭാഷാപോഷണത്തിന്നായി 'ഗീർവ്വാണിസഭ' ഇദ്ദേഹം രൂപീകരിച്ചു. ഇതിനുപുറമെ 'സൗഹൃദസഭ' എന്ന ഒരു സംഘടനയും ഉണ്ടാക്കി. മഹാഭാരതം തർജ്ജമ ചെയ്തശേഷം, തൃശൂ

രിൽ 'ഭാരതവിലാസം' എന്ന സഭയും രൂപീകരിക്കുകയുണ്ടായി.

1067–ൽ ഭാഷാപോഷിണി സഭയുടെ തൃശൂർ സമ്മേളനത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്തതിദ്ദേഹമാണ്. എന്നാൽ അസുഖം മൂലം അതിൽ പങ്കെടുക്കാൻ സാധിച്ചില്ല. 1069ൽ ഭാഷാപോഷിണിയുടെ കോഴിക്കോട്ടു സമ്മേളനം സംഘടിപ്പിക്കുന്നതിൽ ഇദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. 1084–ൽ നടന്ന ഭാഷാപോഷിണിയുടെ ഒടുവിലത്തെ സമ്മേളനത്തിൽ ഒരു സംഭവം പ്രത്യേകം പ്രസ്താവ്യമാണ്. പന്തളം കേരളവർമ്മ ആ സദസ്സിൽ പദ്യപ്രസംഗം നടത്തുമെന്ന് പരസ്യം ചെയ്തിരുന്നു. അന്ന് കേരളവർമ്മ സദസ്സിൽ ഒരു പദ്യം വായിക്കുക മാത്രമാണ് ചെയ്തത്. പിറ്റേന്നാളത്തെ സമ്മേളനത്തിൽ തമ്പുരാൻ, ഒരു പദ്യപ്രസംഗം നടത്തണമെന്നദ്ദേഹത്തിന്റെ ആരാധകരാവശ്യപ്പെട്ടു. 'പന്തളത്തിന് അത് ഒരസുഖത്തിനു കാരണമായിത്തീരും' എന്നു പറഞ്ഞ് തമ്പുരാൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. എങ്കിലും കൂട്ടുകാരുടെ നിർബന്ധത്തിനദ്ദേഹം വഴങ്ങി സമ്മതിച്ചു. പിറ്റേന്ന് കാര്യപരിപാടിയനുസരിച്ചുള്ള പ്രസംഗങ്ങൾ തീർന്നപ്പോൾ ഒരു മാന്യൻ എഴുന്നേറ്റ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഒരു പദ്യപ്രസംഗം നടത്തുമെന്നു പ്രസ്താവിച്ചു. അദ്ധ്യക്ഷനായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ കുഞ്ഞിക്കുട്ടൻ രാജാവിന്റെ യോഗ്യത ഇവിടെവെച്ച് പരീക്ഷിച്ചറിയണമെന്നില്ല. അദ്ദേഹം വശ്യകവിയാണ്. പദ്യപ്രസംഗം നടത്തേണ്ട എന്ന് തീർപ്പു കല്പിച്ചു.

ഭാരതസഭയുടെ 2–ാം യോഗത്തിലും 3–ാം യോഗത്തിലും ഉണ്ടായ ഇദ്ദേഹത്തിന്റെ വേഷംഭേദം പ്രസ്താവ്യമാണ്. മഹാഭാരതം തർജ്ജമ ചെയ്ത് 'കേരളവ്യാസൻ' എന്ന കീർത്തി ലഭിച്ച ശേഷമാണ് 2–ാ മതു യോഗം നടന്നത്. തമ്പുരാന്റെ അന്നത്തെ വേഷത്തെക്കുറിച്ച്, സഭയിൽ സന്നിഹിതനായിരുന്ന അമ്പലപ്പുഴ മഹാദേവശർമ്മ വിവരിക്കുന്നു, 'നവീനാഡംബരങ്ങളിൽ ഭ്രമമില്ലാതെ, നാടൻമട്ടിൽ മുണ്ടും രണ്ടാംമുണ്ടും ധരിച്ച് ഒരു സാധാരണക്കാരനെപ്പോലെയാണദ്ദേഹം യോഗത്തിനെത്തിയിരുന്നത്.'

1083ൽ നടന്ന 3–ാമതു യോഗത്തിൽ എ.ആർ. രാജരാജവർമ്മയായിരുന്നു അദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ അന്നത്തെ വേഷത്തെക്കുറിച്ച് സി.കെ.രാജ (ചിറ്റഞ്ഞൂർ കോവിലകം) രേഖപ്പെടുത്തിയതിങ്ങിനെയാണ്. 'ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, തമ്പുരാനെ കോട്ടും കാലുറയുമെല്ലാമിടുവിച്ച്, കുതിരവണ്ടിയിൽ കൊണ്ടുവന്നിറക്കി.തുടർന്നെടുത്ത ഗ്രൂപ്പ് ഫോട്ടോ സാഹിത്യ അക്കാദമിയിൽ കാണാം.

## ശാസ്ത്രീയവീക്ഷണം.

കൊടുങ്ങല്ലൂരിലെ പൊതുപ്രവർത്തകരായ കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്, നന്ത്യേലത്തു പത്മനാഭമേനോൻ മുതലായവർ സ്ഥാപിച്ച 'ക്രാങ്കന്നൂർ യൂണിയൻ' കൊച്ചിയിലെ സ്ഥാനത്യാഗം ചെയ്ത മഹാരാജാവിന്റെ ഷഷ്ഠിപൂർത്തി ആഘോഷിക്കാൻ തീരുമാനിക്കുകയുണ്ടായി. അതിനായി ചേർന്ന യോഗത്തിൽ തമ്പുരാനാണ് അദ്ധ്യക്ഷത വഹിച്ചത്. യൂണിയൻ ഹാളിന്റെ ചുവരിൽ, മഹാരാജാവിനെക്കുറിച്ച് ഒരു 'ബന്ധശ്ലോകം' എഴുതണമെന്ന് തമ്പുരാനോടെല്ലാവരും ആവശ്യപ്പെട്ടു.' നിങ്ങളുടെ ഇഷ്ടംപോലെ ഒരു ബന്ധമുണ്ടാക്കുവിൻ, ഞാൻ അതിലൊപ്പിക്കത്തക്കവിധം ഒരു ശ്ലോകം ഉണ്ടാക്കാം' എന്ന തമ്പുരാൻ പറഞ്ഞു. ഉടനെ പത്മനാഭമേനോൻ ഒരു ബന്ധം (കുറെ കള്ളികളടങ്ങിയത്) ചുവരിൽ, വരച്ചു. ആശയ ഗംഭീര്യമുള്ള ഒരു ശ്ലോകമുണ്ടാക്കി, തമ്പുരാൻ ആ കള്ളികളിലെഴുതി. സാഹിത്യരസികനായ ഒരു മാന്യൻ അതു കണ്ട്, ഇത് അലങ്കാരശാസ്ത്രത്തിൽപ്പെട്ട ബന്ധമല്ല. ശ്ലോകം തരക്കേടില്ല. ബന്ധം മനസ്സിലാകുന്നില്ല' എന്നു പറഞ്ഞു. ഉടനെ തമ്പുരാൻ 'എന്നാൽ അത് ഒരു വിഷമബന്ധമായിക്കോട്ടെ. എല്ലാം ശാസ്ത്രത്തിൽ കണ്ടതേ നാം ചെയ്യുന്നുള്ളു എങ്കിൽ പുതിയ കണ്ടുപിടുത്തങ്ങൾക്ക് നാം അശക്തരാണെന്നു വരില്ലേ'എന്ന് പ്രതികരിച്ചു.

കേരളം മഹാകാവ്യത്തിൽ, കേരളത്തിന്റെ ഉൽപത്തിയെക്കുറിച്ച് പറയുമ്പോൾ, ഐതിഹ്യപ്രകാരം പരശുരാമൻ മഴുവെറിഞ്ഞ് വീണ്ടെടുത്തതാണെന്ന് പറയുമ്പോൾ തന്നെ അദ്ദേഹത്തിന്റെ വീക്ഷണം വ്യക്തമാക്കുന്നു.

'വൻകാറ്റടിച്ചാഴിയകന്നൊഴിഞ്ഞോ
ഹുംകാരിഭൂകമ്പമീയർന്നുയർന്നോ
മുൻ കാലമീ കേരളകൊങ്കണങ്ങൾ
വൻകാഴ്ചയായെന്നു ചിലർക്കു
പക്ഷം'

(സർഗ്ഗം1. ശ്ലോകം 3)

(കൊങ്കണത്തിന്നും ഭാർഗ്ഗവക്ഷേത്രം എന്ന പേരുണ്ട്.)

## പ്രാസവാദം

മനോരമപത്രത്തിലൂടെ പ്രാസവാദത്തെക്കുറിച്ച് ഒരു സംവാദം നടുക്കുകയുണ്ടായി. മലയാള കവിതയുടെ ആരംഭകാലം തൊട്ടേ, ശ്ലോകങ്ങളുടേയും പദ്യങ്ങളുടേയും പാദങ്ങളിൽ രണ്ടാമത്തെ അക്ഷരം ഒരുപോലെ വരത്തക്കവണ്ണമാണ് രചനകൾ നടന്നിരുന്നത്. ഇതിനെ ദ്വിതീയാക്ഷരപ്രാസം എന്നു പറയുന്നു. ഇത് വർജ്ജിക്കണമെന്നാണ് എ.ആർ.രാജരാജവർമ്മയുടെ നേതൃത്വത്തിൽ ഒരു വിഭാഗം സാഹിത്യകാരന്മാർ അഭിപ്രായപ്പെട്ടത്. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കൂട്ടത്തിൽപ്പെട്ട സാഹിത്യകാരന്മാർ, ആശയംപോലെ തന്നെ പ്രധാനപ്പെട്ടതാണ് ശബ്ദഭംഗിയെന്നു അഭിപ്രായപ്പെടുകയുണ്ടായി. ആദ്യത്തെ

കൂട്ടരുടെ വാദത്തെ എതിർത്തു കൊണ്ട് തമ്പുരാൻ മനോരമയിൽ എഴുതുകയുണ്ടായി. ശബ്ദാലങ്കാരത്തിന് പ്രാധാന്യം നൽകുമ്പോൾ, കവിതയിൽ നിരർത്ഥകപദങ്ങൾ ഉപയോഗിക്കേണ്ടിവരുന്നു എന്നതാണ് ഒന്നാമത്തെ കൂട്ടർ ചൂണ്ടിക്കാണിച്ചത്. ആശയാലങ്കാരത്തോടൊപ്പം ശബ്ദാലങ്കാരം കൂടി ഉണ്ടെങ്കിൽ, കവിതക്ക് മാറ്റു കൂട്ടുമെന്നാണദ്ദേഹം അഭിപ്രായപ്പെട്ടത് കൂടാതെ വാസനയില്ലാത്തവർ കവിതയെഴുതുമ്പോൾ വൃത്തഭംഗം ഒഴിവാക്കുവാനും നിരർത്ഥകപദങ്ങൾ ഉപയോഗിക്കുന്നതു കാണാമെന്നും അതിനാൽ വൃത്തം ത്യജ്യമാണെന്ന് പറയേണ്ടി വരുമെന്ന ദ്ദേഹം ചൂണ്ടിക്കാട്ടി. അനാവശ്യമായ വാദപ്രതിവാദങ്ങൾക്കു വശംവദരാകാതെ 'കവിതകളെഴുതി കൂട്ടുവിൻ കൂട്ടുകാരേ' എന്നിദ്ദേഹം ആഹ്വാനം ചെയ്തു.

**രസികരഞ്ജിനിയിൽ**

കൊച്ചിയിലെ രാമവർമ്മ അപ്പൻ തമ്പുരാൻ, കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണി തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ എന്നിവരാലോചിച്ച്, 'രസികഞ്ജിനി' എന്ന മാസിക തുടങ്ങുവാൻ തീരുമാനിക്കുകയുണ്ടായി. തമ്പുരാൻ, അതിന്റെ പത്രാധിപരായി നിയമിക്കപ്പെട്ടു. 1078–ൽ ഈ മാസിക തുടങ്ങി. മാങ്കാവിലെ കോവിലകത്തെ ഗ്രന്ഥപ്പുരയിൽ നിന്നു കണ്ടെടുത്ത 'ഉണ്ണിനീലിസന്ദേശം' കോവിലകത്തെ ജ്യോത്സ്യന്മാർ പഠിപ്പിച്ചിരുന്ന 'യുക്തിഭാഷ' എന്നിവയും പി.വി. കൃഷ്ണവാരിയരുടെ വീട്ടിലെ ഗ്രന്ഥപ്പുരയിൽ നിന്നും കണ്ടെടുത്ത 'വ്യവഹാരമാല' 'ലീലാതിലകം' 'മാതംഗലീല' ഭാഷ മുതലായ താളിയോലഗ്രന്ഥങ്ങൾ ഈ മാസികയിലൂടെ വെളിച്ചം കാണുകയുണ്ടായി. പ്രാചീന ചരിത്രപരമായ ലേഖനങ്ങൾ, നവീനഗദ്യലേഖനങ്ങൾ, കവിതകൾ, കഥകൾ, നാടകങ്ങൾ, ശാസ്ത്രലേഖനങ്ങൾ മുതലായവയും മാസികയിൽ പ്രസിദ്ധീകരിക്കാൻ കുഞ്ഞിക്കുട്ടൻ തമ്പുരാനും അപ്പൻ തമ്പുരാനും പ്രത്യേക താല്പര്യം കാണിച്ചു. ഇതിലേക്കായി പത്രാധിപർ, അന്നത്തെ സാഹിത്യകാരന്മാരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഇതിനുവേണ്ടി കേരളവർമ്മ വലിയ കോയിതമ്പുരാനാവശ്യപ്പെട്ടത് പ്രത്യേകം പ്രസ്താവ്യമാണ്. മഹാഭാരത തർജ്ജമയുടെ ആദ്യഭാഗങ്ങൾ വായിച്ച അദ്ദേഹം തന്റെ സന്തോഷം പത്രാധിപരെ അറിയിക്കുകയുകയും അതു പൂർത്തിയാക്കുവാൻ പരദേവത അനുഗ്രഹിക്കട്ടെ എന്നാശംസിക്കുകയും ചെയ്തു. അഭിപ്രായം ഒരു ലേഖനമായി തമ്പുരാനാവശ്യപ്പെട്ടപ്പോൾ തന്റെ അവശതയെ അറിയിച്ചുകൊണ്ട് കോയിത്തമ്പുരാൻ പ്രതികരിച്ചത് ഇങ്ങിനെയാണ്. 'എഴുതുവാനുള്ള കൈതരിപ്പ് തീരാത്ത കാലമായിരുന്നു എങ്കിൽ, അവിടത്തെ സന്തോഷത്തിനു വേണ്ടി, ഒരു പത്തുപായ കടലാസ് എഴുതി അയച്ചുകളയുമായിരുന്നു'.

രസികരഞ്ജിനിയിൽ തമ്പുരാന്റെ സംഭാവനകളധികവും ലേഖനങ്ങൾ ആയിരുന്നു. ഇന്നത്തെ ഗദ്യശൈലി 'രസികരഞ്ജിനി' യോടെ മാത്രം കടപ്പെട്ടിട്ടുണ്ട് എന്നറിയുവാൻ ഉള്ളൂരിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ മതി. 'കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ സംസ്കൃതവും, ആധുനിക കൈരളിയും, അപ്പൻ തമ്പുരാന്റെ പ്രാചീനകൈരളിയും ഇംഗ്ലീഷും സമ്മേളിച്ചപ്പോൾ ഉണ്ടായ ഫലം വിസ്മയാവഹമായിരുന്നു' എന്നാണദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്.

**കവനകൗമുദിയിൽ**

പന്തളം കേരളവർമ്മ തമ്പുരാന്റെ പത്രാധിപത്യത്തിൽ, കവിതകൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് 1080–ൽ 'കവനകൗമുദി' പ്രസിദ്ധീകരിക്കാൻ തുടങ്ങി. തുടക്കം മുതൽ തന്നെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഈ മാസികയിലേക്ക് പതിവായി കവിതകൾ അയച്ചുകൊടുത്തിരുന്നു. സാമ്പത്തിക പ്രശ്നം മൂലം മാസികനിന്നു പോകുമെന്ന ഘട്ടം വന്നപ്പോൾ, പി.വി. കൃഷ്ണവാരിയർ അതിന്റെ ഉടമസ്ഥാവകാശം ഏറ്റെടുത്തു. എന്നാൽ കവനകൗമുദി നടത്തിക്കൊണ്ടുപോകാൻ കഴിയുമോ എന്നു കൃഷ്ണവാരിയർക്ക് ആശങ്ക ജനിച്ചു. തമ്പുരാന്റെ പ്രോത്സാഹനമാണ് വാരിയർക്കു ധൈര്യം പകർന്നത്. ഞാനുള്ള കാലത്തോളം ഓരോ ലക്കത്തിലേക്കും വേണ്ടത് ഞാൻ തന്നുകൊള്ളാം' എന്ന പറഞ്ഞാണ് വാരിയർക്ക് ധൈര്യം നൽകിയത് എന്നാൽ കേരളം മഹാകാവ്യത്തിന്റെ രചനയിലേർപ്പെട്ട തമ്പുരാന്, ഏതാണ്ട് ഒരു വർഷത്തോളം കാര്യമായ സംഭവനകളൊന്നും ചെയ്യാൻ കഴിഞ്ഞില്ല. തന്റെ വാക്കു പാലിക്കാൻ കഴിയാത്ത കുറ്റബോധത്തോടെ 1086 മേടത്തിൽ കോട്ടക്കൽ ചെന്ന് 'കംസൻ' എന്ന ഖണ്ഡകാവ്യവും 'ശരസേതുബന്ധനം' എന്ന പുരാണകാവ്യവും വാരിയരെ ഏല്പിച്ചു. പിന്നീട് അവിടുത്തെ അകാലനിര്യാണം വരേക്കും, അതിനു ശേഷം കുറേക്കാലവും, അവിടുത്തെ കവിതകൾ കൊണ്ടലങ്കരിക്കാതെ 'കൗമുദി' ഒരിക്കലും പുറത്തിറങ്ങിയിട്ടില്ല' എന്നാണ് കൃഷ്ണവാരിയർ പറഞ്ഞിട്ടുള്ളത്.

*(തുടരും)*

## അറിയിപ്പ്

ക്ഷാത്രസന്ദേശത്തിന്റെ കോപ്പികൾ നേരിട്ട് അയയ്ക്കുന്ന ചില വരിക്കാർക്കും ചില യൂണിറ്റുകളിലെ അംഗങ്ങൾക്കും ലഭിക്കുന്നില്ല എന്നറിയുന്നു. കോപ്പികൾ കിട്ടാത്ത വരിക്കാരും, വരിസംഖ്യ കുടിശ്ശിക സംബന്ധമായ കൂടുതൽ വിവരങ്ങൾ അറിയേണ്ടവരും ശ്രീ. **കെ. ഹരികൃഷ്ണ വർമ്മ, സർക്കുലേഷൻ മാനേജർ, ക്ഷാത്ര സന്ദേശം, കാട്ടിൽ കോവിലകം, ചേർത്തല സൗത്ത് പി.ഒ – 688552** എന്ന വിലാസ ത്തിൽ ബന്ധപ്പെടുക. ഫോൺ: 953900 3614

# വേണാട്

## (തിരുവിതാംകൂർ) രാജവംശം – X LVII

ഡോ. ആർ. പി. രാജാ

ശ്രീ. കൊട്ടാരത്തിൽ ശങ്കുണ്ണി തുടരുന്നു: "അമ്പലപ്പുഴ കൃഷ്ണസ്വാമിക്ക് പ്രതിദിനം മുപ്പത്തിയാറു പറ പാൽ കൊണ്ട് പഞ്ചസാരപ്പായസം പതിവുണ്ടായിരുന്നു. അതിൽ ഗുരുവായൂരപ്പൻ അട്ടയും മറ്റും കാണിച്ച് നിവേദ്യത്തിനു കൊള്ളാത്ത വിധത്തിലാക്കിത്തീർത്തു തുടങ്ങി. ഇങ്ങനെ ഇവർ തമ്മിലുള്ള സ്പർദ്ധയും മത്സരവും നിമിത്തം രണ്ടുപേർക്കും പൂജാനിവേദ്യാദികൾ നടത്തുവാൻ നിവൃത്തിയില്ലാതെ വന്നതിനാൽ, ഗുരുവായൂരപ്പനെ, ടിപ്പു സുൽത്താന്റെ ഉപദ്രവം ശമിക്കുന്നതുവരെ മാവേലിക്കര കൊണ്ടുപോയി ഇരുത്തേണ്ടതായി വന്നു. ഗുരുവായൂരപ്പനെ കുടിയിരുത്തിയിരുന്ന സ്ഥലവും അവിടുത്തെ വകയായി ഒരു കിണറും ഇപ്പോഴും അമ്പലപ്പുഴെ കാണാനുണ്ട്". അമ്പലപ്പുഴെ ശ്രീ ഗുരുവായൂരപ്പനെ കുടിയിരുത്തിയ സ്ഥലത്ത് ഇപ്പോഴും വിളക്ക് കൊളുത്തുകയും ഭക്തജനങ്ങൾ അവിടെ പ്രദിക്ഷണം വയ്ക്കുകയും ചെയ്തു വരുന്നുണ്ട്.

മാവേലിക്കര രാജകുടുംബത്തിന്റെ 'തേവാരപ്പുര' സ്ഥിതി ചെയ്യുന്നത്, മാവേലിക്കര ശ്രീ കൃഷ്ണസ്വാമി അമ്പലത്തിന്റെ മതിലിന് വെളിയിൽ, തെക്കു പുറത്തായി തൊട്ടടുത്തു തന്നെയാണ്. ഈ തേവാരപ്പുരയെ 'ശ്രീ ഗുരുവായൂരമ്പലം' എന്ന് പറഞ്ഞുവരുന്നു. കുറച്ച് വർഷങ്ങൾക്കു മുൻപ്, എന്തുകൊണ്ടാണ് ഈ തേവാരപ്പുരയെ 'ശ്രീ ഗുരുവായൂരമ്പലം' എന്ന് പറയുന്നത് എന്നന്വേഷിച്ചപ്പോൾ ഒരു ക്ലിപ്തമായ ഉത്തരം അന്ന് ലഭിച്ചില്ല. കുറച്ചു കാലം കഴിഞ്ഞ്, ശ്രീ. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ 'ചില ഈശ്വരന്മാരുടെ പിണക്കം' വായിച്ചപ്പോഴാണ് ഈ തേവാരപ്പുരക്ക് 'ശ്രീ ഗുരുവായൂരമ്പലം' എന്ന് പറയുവാനുള്ള കാരണത്തെപ്പറ്റി ഒരു സൂചന ലഭിച്ചത്. ഗുരുവായൂരപ്പന് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവളപ്പിനകത്ത് കഴിയുവാൻ ഇഷ്ടമല്ലെന്ന് കണ്ടതുകൊണ്ടാണ് മാവേലിക്കര കൊണ്ടുവന്നത്. മാവേലിക്കരയിലുള്ള പ്രസിദ്ധമായ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനകത്ത് ശ്രീ ഗുരുവായൂരപ്പനെ കുടിയിരുത്തിയാൽ, അമ്പലപ്പുഴയുണ്ടായ പ്രശ്നം ആവർത്തിക്കുമോ എന്ന ഭയത്തിലാണ്, ക്ഷേത്രവളപ്പിന് പുറത്ത് തെക്കുവശത്തായി കുടിയിരുത്തിയത്. എങ്കിലും, ഈ ചരിത്രം ഒരൈതിഹ്യമായി മാത്രമെ അന്ന് കാണുവാനായിരുന്നുള്ളു.

എന്നാൽ, ചില ചരിത്ര ഗവേഷണങ്ങളുടെ ഭാഗമായി തിരുവനന്തപുരത്തെ സർക്കാർ ഗ്രന്ഥപ്പുരയിൽ, രേഖകൾ പരിശോധിക്കുന്ന കാലത്ത്, താഴെ ഉദ്ധരിച്ചിരിക്കുന്ന ഒരു 'നീട്ട്' കണ്ടെത്തുകയുണ്ടായി.

*'975–ാമാണ്ട് മീനമാസം 14–ാം തീയതി നീട്ട്'*

"ഗുരുവായൂർ കൃഷ്ണസ്വാമിയെ മാവേലിക്കര എഴുന്നള്ളിച്ചിരുന്നു എല്ലൊ. ഇപ്പോൾ ഗുരുവായുരു തന്നെ എഴുന്നള്ളിക്കത്തക്ക വണ്ണം എഴുതി അയച്ചിരിക്കകൊണ്ടു കൃഷ്ണസ്വാമി വകയായിട്ട് ഏതാനും തിരുവാഭരണവും പൊൻവെള്ളിയും കലവറയും മാവേലിക്കര മുളകുമടിശ്ശീല വകയിൽ ഏൾപ്പിച്ചിരിക്കുന്ന പ്രകാരവും ആയതിനെ തിര്യെ' തരുവിക്കണമെന്നും ഓതിക്കനും മല്ലിച്ചെരിയും ഇവിടെ വന്നു പറകകൊണ്ടു കൃഷ്ണസ്വാമി വകയായിട്ടു മുളകുമടിശ്ശീലവകയിൽ ഏൾപ്പിച്ചിരിക്കുന്ന തിരുവാഭരണം പൊൻവെള്ളി കലവറക്കു ഒക്കക്കും കണക്കു ശൊധന ചെയ്യിച്ചു ആ വക അത്രയും ഓതിക്കനും മല്ലിശ്ശേരിയും വശം ഏൽപ്പിച്ചു പറ്റുശെട്ടി വാങ്ങിക്കൊള്ളുകയും വെണം എന്നും ഇക്കാര്യം ചൊല്ലി 975–ാമാണ്ട് മീനമാസം 14–ാം തീയതി തമ്പി ചെമ്പകരാമൻ വെലായുധനും മെലെഴുത്ത് കണക്കു ചിതംബരനാഥൻ സൊമനാഥനും നീട്ട് എഴുതി വിട്ടു എന്ന് തിരുവുള്ളമായ നീട്ട്."

(തുല്യം)

1788–89 കാലത്താണ് ടിപ്പു സുൽത്താൻ ഇരിങ്ങാലക്കുട എത്തുന്നത്. ഗുരുവായൂരപ്പനെ മാവേലിക്കരയിൽ നിന്നും തിരികെ എഴുന്നള്ളിയ്ക്കുന്നത് 1800 ലാണ്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് സാമൂതിരി കോവിലകം തിരുവിതാംകൂറിൽ വന്നിരുന്നല്ലൊ. സാമൂതിരിപ്പാടിന്റെ ശാഖ പടിഞ്ഞാറെ കല്ലടയിൽ കുന്നത്തൂർ കോവിലകത്തും, മനോരമ തമ്പുരാട്ടിയുടെ ശാഖ എണ്ണക്കാട്ടും ആണ് പാർത്തിരുന്നത്. സാമൂതിരിപ്പാട്

ദേഹാസ്വാസ്ഥ്യം കാരണം വളരെക്കാലം കുന്നത്തൂർ കോവിലകത്തു തന്നെ പാർത്തു. കോഴിക്കോട്ടെ കാര്യങ്ങളൊക്കെ ഒരു ഇളമുറ–കൃഷ്ണരാജ–യാണ് നോക്കിയിരുന്നത്. മലബാറിലെ സ്ഥിതിഗതികൾ പൂർണ്ണമായും ശാന്തമാകുവാൻ കാലതാമസം വന്നതിനാലാണ് ഗുരുവായൂരപ്പനെ തിരിയെ ഗുരുവായൂർക്ക് എഴുന്നള്ളിക്കുവാൻ താമസം നേരിട്ടത്. ഗുരുവായൂർ ക്ഷേത്രം വക വില പിടിപ്പുള്ള സാധനങ്ങൾ സൂക്ഷിച്ചിരുന്നത് വേലുത്തമ്പി ദളവായുടെ (അന്ന് മുളകുമടിശ്ശീല കാര്യക്കാർ) ചുമതലയിലായിരുന്നു. ഇന്നുള്ള ' ശ്രീ ഗുരുവായൂരമ്പല'ത്തിലായിരുന്നു, മാവേലിക്കരയിൽ എഴുന്നരുളിച്ച ശ്രീ ഗുരുവായൂരപ്പനെ കുടിയിരുത്തിയിരുന്നത്.

തിരുവിതാംകൂർ ചരിത്രവും ഭാരതചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്ന വേലുത്തമ്പി ദളവായെക്കുറിച്ച് രണ്ട് വാക്ക് പറഞ്ഞില്ലെങ്കിൽ, അത് ഉചിതമായിരിക്കുകയില്ലാ എന്ന് തോന്നുന്നു. വേലുത്തമ്പിയുടെ ഭരണകാലത്ത്, വീടുകളുടെ വാതിലുകൾ അടയ്ക്കാതെ ജനങ്ങൾക്ക് ഉറങ്ങാമായിരുന്നു. കച്ചവടക്കാർക്ക് ആരേയും ഭയപ്പെടാതെ ഏതു സമയത്തും എവിടെയും സഞ്ചരിക്കാമായിരുന്നു. സർക്കാരിലേക്ക് വരുവാനുള്ള പണങ്ങൾ ഉദ്യോഗസ്ഥന്മാരുടെ മടിശ്ശീലകളിലെത്താതെ കൃത്യമായി സർക്കാർ ഖജനാവിൽ എത്തുമായിരുന്നു.

ദിവാൻജിയുടെ ആസ്ഥാനം ആലപ്പുഴ ആയിരുന്നു. ആലപ്പുഴയിൽ നിന്നും പല ദിക്കുകളിലേക്കും പോകുവാനായി പാതകൾ നിർമ്മിച്ചു. ചങ്ങനാശ്ശേരി, തലയോലപ്പറമ്പ്, മഞ്ഞാലി (ആലങ്ങാട്) എന്നിവിടങ്ങളിൽ ചന്തകൾ സ്ഥാപിച്ചും കാടായിക്കിടന്ന പാതിരാമണൽ എന്ന ദ്വീപ് ഫലഭൂയിഷ്ഠമായ ഭൂപ്രദേശമാക്കി. കൊല്ലം ചെങ്കോട്ട റോഡ് നിർമ്മിച്ചു. ഇങ്ങനെ രാജ്യപുരോഗതിക്ക് ആവശ്യമായ പല നല്ല കാര്യങ്ങളും അദ്ദേഹം ചെയ്തുകൊണ്ടിരുന്നു. ബ്രിട്ടീഷ് സർക്കാരുമായി വളരെ സൗഹൃദത്തിലായിരുന്നു വേലുത്തമ്പി പെരുമാറിയിരുന്നത്.

കാര്യങ്ങൾ സുഗമമായി പൊയ്ക്കൊണ്ടിരുന്നപ്പോൾ, രാജ്യത്തിന്റെ സാമ്പത്തികബാധ്യത കുറയ്ക്കുവാനും അതിൽക്കൂടി കമ്പനിക്ക് കൊടുക്കുവാനുണ്ടായിരുന്ന പണം കൊടുക്കുവാനുമായി നായർ പട്ടാളത്തെ നിലനിറുത്തേണ്ട ആവശ്യമില്ല എന്ന ചിന്തയിൽ, അവരുടെ ശമ്പളം നിറുത്തലാക്കി. സ്വാഭാവികമായും, ഈ നടപടി ഒരു സൈനിക കലാപത്തിന് കളമൊരുക്കി. അവർ കൂട്ടംകൂടി മഹാരാജാവിനെ കാണുവാനും, വേലുത്തമ്പിയെയും അനുയായികളെയും പിരിച്ചുവിട്ട് വധശിക്ഷയ്ക്ക് വിധിക്കുവാനും, സൈന്യം നിർദ്ദേശിക്കുന്ന ഒരാളെ ദളവാ ആക്കുവാൻ മഹാരാജാവിനോട് ആവശ്യപ്പെടുവാനും വേണ്ടി തിരുവനന്തപുരത്തെത്തി. ആ അവസരത്തിൽ വേലുത്തമ്പി ആലപ്പുഴയിൽ ആയിരുന്നു. തിരുവനന്തപുരത്തെത്തിയ സൈനികരെ തടയുവാൻ ആരുമുണ്ടായിരുന്നില്ലെന്ന് മാത്രമല്ലാ, വേലുത്തമ്പിയുടെ ശത്രുക്കൾ അവർക്കൊപ്പം ചേരുകയും ചെയ്തു.

ബലരാമവർമ്മ മഹാരാജാവാണെങ്കിൽ, എന്തു ചെയ്യേണ്ടു എന്നറിയാതെ പരിഭ്രമിച്ചുവശായി. സ്ഫോടനാത്മകമായ ആ അവസ്ഥ കൈകാര്യം ചെയ്യുവാൻ പ്രാപ്തരായ ആരും അപ്പോൾ തിരുവനന്തപുരത്തുണ്ടായിരുന്നില്ല. കേവലം 23 വയസ്സ് പ്രായമുണ്ടായിരുന്ന മഹാരാജാവ്, വേലുത്തമ്പിയെ വിവരങ്ങളറിയിച്ചു. അതേ സമയം, ആലപ്പുഴയിലുണ്ടായിരുന്ന സൈനികരും. കലാപത്തിന് പുറപ്പെടുന്നതായി അറിഞ്ഞ വേലുത്തമ്പി കൊച്ചിയിലേക്ക് കടന്ന് റസിഡന്റ് മെക്കാളെയെ കാണുകയും വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. മെക്കാളെ, തിരുനെൽവേലിയിൽ നിന്നും കമ്പനി പട്ടാളം തിരുവനന്തപുരത്തേക്ക് നീങ്ങുവാൻ നിർദ്ദേശം നൽകി. വേലുത്തമ്പിയാകട്ടെ തിരുവിതാംകൂർ സേവനത്തിലുണ്ടായിരുന്ന കർണ്ണാടക സൈനികരുമായി പുറപ്പെട്ടു. കൊല്ലത്തുള്ള കമ്പനി പട്ടാളവുമായി ചേർന്ന് തിരുവനന്തപുരത്തേക്ക് നീങ്ങുവാൻ തുടങ്ങി. പിന്നെ സംഭവിച്ചത് ഒരു യുദ്ധം തന്നെയായിരുന്നു. കലാപകാരികളിൽ പ്രധാനികളെയെല്ലാം പിടികൂടി, വളരെ ക്രൂരമായ വിധത്തിൽ വധിച്ചുവെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. ഏതായാലും, തിരുവിതാംകൂറിൽ വേലുത്തമ്പിയ്ക്കെതിരെ ഉയർന്നുവന്ന സൈനികകലാപം അമർച്ച ചെയ്യുവാനും പല സൈനിക വിഭാഗങ്ങളെ പിരിച്ചു വിട്ടുകൊട്ടുള്ള വിളംബരം മഹാരാജാവിനെക്കൊണ്ട് പുറപ്പെടുവിക്കുവാനും, വേലുത്തമ്പിക്ക് സാധിച്ചു.

പക്ഷെ, ഈ കലാപം, തിരുവിതാംകൂർ ചരിത്രത്തേയും, രാജകുടുംബ ചരിത്രത്തേയും വല്ലാത്ത വിഷമ സന്ധികളിൽ കൊണ്ടെത്തിയ്ക്കുവാനും കാരണമായി.

നായർ സൈന്യത്തിന്റെ കലാപവും, കമ്പനി സർക്കാരും കമ്പനി സൈന്യവും ഇടപെടേണ്ടി വന്ന സാഹചര്യങ്ങളും, കല്ക്കട്ടയിൽ, ഗവർണ്ണർ ജനറലായിരന്ന വെല്ലസ്ലി പ്രഭു അറിഞ്ഞപ്പോൾ, കമ്പനിയുടെ ശക്തി കൂടുതൽ ഉറപ്പിക്കുവാൻ വേണ്ടി, 1795–ൽ ധർമ്മരാജാവിന്റെ കാലത്ത് ഉണ്ടാക്കിയ ഉടമ്പടി പുതുക്കേണ്ട ആവശ്യത്തെക്കുറിച്ച് മദിരാശി ഗവർണ്ണർ റസിഡന്റ് മെക്കാളേക്ക് എഴുതുകയും, മെക്കാളെ വേലുത്തമ്പിയേയും വേലുത്തമ്പി മഹാരാജാവിനേയും അറിയിക്കുകയും ചെയ്തു.

(തുടരും)

പ്രതിഫലം

# സാന്ത്വനം

പ്രൊഫ. കെ.എൻ.എസ്. വർമ്മ

ഉച്ചയുറക്കത്തിന്റെ ആലസ്യത്തിൽ കനംതൂങ്ങിയ മിഴികൾ തുറന്ന് പുസ്തകത്താളുകൾ മറിക്കുമ്പോഴാണ് പുറത്ത് ഒരപരിചിത ശബ്ദം കേട്ടത്.

“ദാ, ഇതു തന്നെയാണ് വീട്. വെള്ളമാരുതി KL04/1233. കണ്ടില്ലെ' രണ്ട് പോലീസുകാർ. ഗേറ്റ് തുറന്ന് അകത്ത് കടന്നു വന്നു നിൽക്കുന്നു. വീട് തപ്പി കണ്ടു പിടിച്ചതിലുള്ള ഒരാളുടെ ആഹ്ലാദം അണപൊട്ടി.

ബെല്ലടിക്കുന്നതിനു മുമ്പുതന്നെ ഞാൻ വാതിൽ തുറന്നു. “സാറിന്റെ ഈ വണ്ടി മുട്ടി, ഒരു സ്ത്രീയുടെ കൈയ്യൊടിഞ്ഞതായി പരാതി ലഭിച്ചിട്ടുണ്ട്. കൃത്യം കണ്ട രണ്ടു സാക്ഷികളുടെ മൊഴിയും.”

“മനസ്സിലായില്ല” ഞാൻ പ്രതികരിച്ചു.

“ഇന്നലെ രാവിലെ 11 മണിക്ക് ഓവർസ്പീഡിൽ വന്ന ഈ വണ്ടി നിയന്ത്രണം വിട്ട്, വഴിയരികിൽ നിന്ന മദ്ധ്യവയസ്കയായ ഒരു സ്ത്രീയെ ഇടിച്ചു വീഴ്ത്തി. വീഴ്ചയിൽ അവരുടെ വലതു കൈ ഒടിഞ്ഞു തൂങ്ങി. വിറകുവെട്ടുകാരൻ നാണുവും റേഷൻകട രാജപ്പൻനായരും സംഭവത്തിനു ദൃക്സാക്ഷികളായി മൊഴി തന്നിട്ടുണ്ട്.” മറ്റെയാളുടെ വിശദീകരണം.

“ഈ പറഞ്ഞ സമയത്തൊന്നും ഞാൻ വണ്ടിയുമായി പുറത്തിറങ്ങിയിട്ടില്ല. ആ വഴിക്ക് വണ്ടി ഓടിച്ചിട്ടുമില്ല.” എന്റെ നിരപരാധിത്വം തെളിയിക്കാൻ ഞാൻ ശ്രമിച്ചു.

“ഞങ്ങൾക്കതൊന്നുമറിയില്ല. സാറു നാളെ രാവിലെ തന്നെ സ്റ്റേഷനിലേക്ക് വന്നാട്ടെ. സി.ഐ. സാറിനോട് എല്ലാം നേരിട്ട് പറയാമല്ലോ.”

കൂടുതൽ സംസാരിക്കാതെ അവർ സ്ഥലം വിട്ടു. എന്തെല്ലാം പരീക്ഷണങ്ങൾ! സർവ്വീസിൽ നിന്നും പിരിഞ്ഞിട്ട് രണ്ട് വർഷം തികയുന്നു. സ്വസ്ഥമായ ജീവിതം. ഇതുവരെ പഠിച്ചതും പഠിപ്പിച്ചതുമായ വിഷയം തൽക്കാലം ഒഴിവാക്കി, പഠിപ്പിക്കാത്തതും വായിച്ചറിയേണ്ടതുമായ കാര്യങ്ങളിൽ കൂടുതൽ ആകൃഷ്ടനായി ദിവസങ്ങൾ തള്ളി നീക്കുകയായിരുന്നു ഞാൻ.




അടുത്ത ദിവസം തന്നെ പോലീസ് സ്റ്റേഷനിലേക്ക് പോകാൻ തയ്യാറായി. സ്റ്റേഷന്റെ കവാടം കടന്നപ്പോൾ ഉള്ളിലൊരു കൊള്ളിയാൻ മിന്നി.

സ്വയം പരിചയപ്പെടുത്തുമ്പോൾ ഓഫീസറുടെ പരുക്കൻ നോട്ടം, പ്രതിയെന്ന നിലയിൽ വിശദീകരണങ്ങളോടുള്ള അലക്ഷ്യഭാവം, സംശയദൃഷ്ടിയോടെയുള്ള ചോദ്യങ്ങൾ, എല്ലാം മുന്നിൽ കണ്ടുകൊണ്ടാണ് പടി കയറിയത്. നിരപരാധിത്വം തെളിയിക്കാൻ മതിയായ വിഭവങ്ങളുണ്ട്. പക്ഷെ പതറിയ മനസ്സിൽ നിന്നുവരുന്ന വാക്കുകൾ അയാൾ വിശ്വസിക്കുമോ!

“ഇദ്ദേഹത്തിന്റെ കാറിടിച്ചാണ് ആ സ്ത്രീയുടെ കൈയ്യൊടിഞ്ഞത്.” ഒരു പോലീസുകാരൻ സി.ഐ.യെ പരിചയപ്പെടുത്തി.

കറുത്തു തടിച്ച ബലിഷ്ഠമായ കൈകൾ കോർത്ത് പിടിച്ച് മുഖം അതിൽ താങ്ങി അലസമായി ചോദിച്ചു.

“സംഭവം നടന്നതെങ്ങിനെയാണ്”

സത്യസന്ധമായി ഞാൻ കാര്യങ്ങൾ വിശദീകരിച്ചു. അയാൾ എല്ലാം ക്ഷമയോടെ കേട്ടു. ഒന്നുരണ്ടു ചോദ്യങ്ങൾ കൂടി ചോദിച്ച് എന്റെ സർവ്വീസ് കാലത്തിലെ ചില വസ്തുതകൾ അയാൾ കുറിച്ചിട്ടു. എന്റെ കണ്ണിലേക്ക് സി.ഐ. തുറിച്ചു നോക്കി.”

“ഞാൻ അല്പം തിരക്കിലാണ്. ഈ വിഷയത്തിനെപ്പറ്റി കൂടുതൽ സംസാരിക്കാനുണ്ട്. ഇന്ന് ഇവിടെനിന്നു സമയം കളയേണ്ട. ആവശ്യപ്പെടുമ്പോൾ വന്നാൽ മതി.” പോലീസ് ഓഫീസർ പൊടുന്നനെ സംസാരം നിർത്തിയപ്പോൾ എന്തോ പന്തികേട് തോന്നി. ഇച്ഛാഭംഗത്തോടെയാണ് ഞാൻ മടങ്ങിയത്.

മനസ്സിൽ ഭാരവുമായി പകലിന്റെ അന്ത്യയാമങ്ങൾ തള്ളി

നീക്കുകയാണ് ഞാൻ. പോർച്ചിലെ അരണ്ട വെളിച്ചത്തിൽ ഗേറ്റിനു മുന്നിൽ ഏതോ വാഹനം വന്നു നിന്നത് ശ്രദ്ധിച്ചു. ഗേറ്റ് തുറന്ന് പോലീസ് യൂണിഫോമിലൊരാൾ പടി കടന്നുവന്നു. സ്റ്റേഷനിൽ കണ്ട കറുത്തു തടിച്ച അതേ മനുഷ്യൻ! സി.ഐ. ഞാൻ വീട്ടിനകത്തേക്ക് ക്ഷണിച്ചിരുത്തി.

"വർമ്മ സാറ് എന്നെ ഓർക്കുന്നുണ്ടോ?"

ഒരു മിനിട്ടിന്റെ ഇടവേളയ്ക്കു ശേഷം "ഞാൻ അബു എബ്രഹാം. സാറിന്റെ കയ്യിൽ നിന്നും കുതറി ഓടിയ അതേ അയാൾ. സാറിന്റെ കർക്കശമായ നിലപാട് എന്റെ ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ വരുത്തി, അവിവേകിയായിരുന്നു ഞാൻ. പക്ഷെ തെറ്റ് എന്റേതാണെന്ന തിരിച്ചറിയൽ എന്നെ ഒരു പുതിയ മനുഷ്യനാക്കി. സാറാണ് ഈ മാറ്റത്തിന്റെ ഉത്തരവാദി.

വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവമാണ് അബു അയവിറക്കിയത്. മങ്ങിയ ഓർമ്മയിൽ പലതും തെളിഞ്ഞു വന്നു. കോളേജ് സർവ്വീസിന്റെ പകുതി പിന്നിട്ട കാലം. ചെറുപ്പത്തിന്റെ ഓജസ്സും മനസ്ഥൈര്യവും കത്തി നിൽക്കുന്ന പ്രായം. യൂണിവേഴ്സിറ്റി പരീക്ഷകൾ ഏറെക്കുറെ ചിട്ടയായി നടക്കുന്നു. ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതുന്ന ദിവസം, ഒരു മുറിയിലെ പരീക്ഷകളുടെ മേൽനോട്ടം വഹിച്ചുകൊണ്ട് ഞാൻ ഉലാത്തുകയാണ്. കുട്ടികൾ ജാഗ്രതയോടെ പരീക്ഷ എഴുതിക്കൊണ്ടിരുന്നു. ഒരു പയ്യൻ എന്നെ ഇടയ്ക്കിടെ രൂക്ഷമായി നോക്കിക്കൊണ്ടിരുന്നത് ഞാൻ ശ്രദ്ധിച്ചു. കൂടുതൽ സമയത്തും എന്റെ മുഖത്താണ് അവന്റെ കണ്ണ്. എങ്കിലും പരീക്ഷ എഴുതുന്നുണ്ട്. എന്തോ പന്തികേട് ഉണ്ടെന്ന് തോന്നി. കൂടുതൽ നിരീക്ഷണത്തിൽ അയാളുടെ കൈയ്യിലുള്ള ചെറിയ കടലാസ് തുണ്ടുകൾ ഉപയോഗിച്ച് കോപ്പി ചെയ്യുന്നുണ്ടെന്ന് ഉറപ്പായി. ഞാൻ അബുവിന്റെ സമീപത്തു ചെന്നു. കുറച്ചു പരുഷമായിത്തന്നെ കൊണ്ടുവന്നിരുന്ന കടലാസ്സു തുണ്ടുകൾ തരാൻ ആവശ്യപ്പെട്ടു. പക്ഷെ അബു വഴങ്ങിയില്ല. ഞാൻ ആ കടലാസ്സ് കഷണങ്ങൾ പിടിച്ചു വാങ്ങാനുള്ള ശ്രമത്തിനിടയിൽ അബു ആ തുണ്ടുകടലാസ്സുകൾ ചുരുട്ടി വായിലിട്ടു. എഴുതിയ പരീക്ഷാ കടലാസ്സുകൾ ബലാൽക്കാരമായി എന്നിൽ നിന്നു വാങ്ങി അയാൾ പുറത്തേക്കോടി. സംഭവങ്ങൾ പ്രിൻസിപ്പലിനു റിപ്പോർട്ടു ചെയ്തു. മേൽ നടപടികൾ സ്വീകരിക്കുവാൻ യൂണിവേഴ്സിറ്റിക്കെഴുതി.

സംഭവം നടന്ന ദിവസം അബു എന്നെ വീട്ടിൽ വന്നു കണ്ടു. തുടർന്നുള്ള ദിവസങ്ങളിൽ അബുവിന്റെ ഉയർന്ന തലങ്ങളിൽ ഉള്ള ബന്ധുക്കളും എന്നെ സമീപിച്ചു. പക്ഷെ ഞാൻ നിസ്സഹായനായിരുന്നു. പരീക്ഷകന്റെ റിപ്പോർട്ടു സഹിതം യൂണിവേഴ്സിറ്റിക്ക് സംഭവദിവസം തന്നെ കടലാസ്സുകൾ പോയിരുന്നു. അബുവിന് എന്ത് ശിക്ഷ കിട്ടിയെന്ന് അന്വേഷിച്ചില്ല. ആ അദ്ധ്യായം അവിടെ അവസാനിച്ചു എന്നു കരുതി.

എന്റെ മുന്നിലുള്ള കറുത്ത് തടിച്ച മനുഷ്യൻ ആ പഴയ അബു എബ്രഹാമാണെന്നു വിശ്വസിക്കാൻ പ്രയാസം തോന്നി. ഏതാണ്ട് 17 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഈ കൂടിക്കാഴ്ച. അബുവിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ ഞാൻ ഒരു പങ്കും വഹിച്ചില്ല. പക്ഷെ ചെയ്ത തെറ്റ് ആവർത്തിക്കാതിരിക്കാൻ എന്റെ നിലപാട് ഉപകരിച്ചു കാണണം. തന്റെ ജീവിതം കരുപിടിപ്പിക്കുന്നതിൽ പിന്നീട് വാശിയോടെ ശ്രമിച്ചു എന്നും മത്സരപ്പരീക്ഷകളെ നേരിടാൻ സ്വയം സജ്ജമായെന്നും അബു സൂചിപ്പിച്ചു.

തന്റെ പഴയ വിദ്യാർത്ഥി സ്വയം പരിചയപ്പെടുത്തി കുറ്റം ഏറ്റുപറഞ്ഞപ്പോൾ മനസ്സിൽ നിർവൃതിയുടെ വേലിയേറ്റമുണ്ടായി. എങ്കിലും തനിക്കെതിരെ കെട്ടിച്ചമച്ച കേസിൽ അബുവിന്റെ നിലപാട് എന്താവും? ഉത്കണ്ഠയുടെ നിമിഷങ്ങൾ. "സാറിനെതിരെയുള്ളത് കള്ളക്കേസാണെന്ന് കണ്ടുപിടിച്ചു. അവിഹിതമായ പണം തട്ടിയെടുക്കാനുള്ള കുത്സിതശ്രമത്തിന്റെ ഭാഗമാണ്. പോലീസ് അതിന് കൂട്ടുനിന്നു. ഇൻഷ്വറൻസിൽ നിന്നു പണം തട്ടിയെടുക്കാനുള്ള ഒരു ഒത്തുകളി സാറിനെ ബുദ്ധിമുട്ടിച്ചതിൽ ക്ഷമ ചോദിക്കുന്നു."

അബു യാത്ര പറഞ്ഞിറങ്ങി.

ഉറക്കം കെടുത്തിയ ദിവസങ്ങൾക്ക് വിട! ദൈവത്തിന് സ്തുതി!

●

# സമസ്യ

*കഷ്ടം നമ്മുടെ നാട്ടിലുള്ള ഭരണം*
*പാർത്താലുറങ്ങാവതോ?*
*വൃത്തം ശാർദ്ദൂലവിക്രീഡിതം*

ലക്ഷണം: പന്ത്രണ്ടാൽ മസജം സതംത ഗുരുവും
ശാർദ്ദൂലവിക്രീഡിതം

രാഘവവർമ്മ. കെ
അനന്തപുരം

ബംഗാളി കഥ

# ചൂണ്ടയിൽ കൊളുത്തിയിട്ട ഇര

(‘ബംഗാളി കി സർവ്വശ്രേഷ്ഠ കഹാനിയാ”
എന്ന ഹിന്ദി പരിഭാഷാ ഗ്രന്ഥത്തിലെ “ഷേർ കാ ചാരാ” എന്ന കഥയോടു കടപ്പാട്)

**നാരായൺ ഗംഗോപാദ്ധ്യായ**
**വിവർത്തനം : ഡോ. കെ.സി. എം. രാജ**

*കഥാകൃത്തിനെക്കുറിച്ച്:*

*അവിഭക്ത ബംഗാളിലെ ദിനാജ്പ്പൂരിലെ ബാലിയാഡാംഗ ഗ്രാമത്തിൽ, 1918ലാണ് നാരായൺ ഗംഗോപാദ്ധ്യായ ജനിച്ചത്. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് താരകാനാഥ ഗംഗോപാദ്ധ്യായ. ബാല്യകാലമത്രയും അദ്ദേഹം കിഴക്കൻ ബംഗാളിലായിരുന്നു. അതു കാരണം ഗ്രാമപ്രദേശങ്ങളും നദികളും അദ്ദേഹത്തിനു സുപരിചിതമായിരുന്നു. 1941–ൽ കൽക്കത്താ സർവ്വകലാശാലയിൽ നിന്ന് ഒന്നാംറാങ്കോടെ ബംഗാളി സാഹിത്യത്തിൽ എം.എ. ബിരുദം നേടിയശേഷം കൽക്കത്തയിലെ സിറ്റി കോളേജിൽ അദ്ധ്യാപകനായി ജോലിയിൽ ചേർന്നു. ക്ലാസിക് – റൊമാന്റിക് ഭാവനകളുടെ ഒരു സമന്വയമാണ് അദ്ദേഹത്തിന്റെ മിയ്ക്ക സാഹിത്യരചനകളും. ‘ഉപനിവേശ്’ എന്ന പ്രഥമ നോവലിലൂടെത്തന്നെ ബംഗാളി സാഹിത്യരംഗത്ത് നാരായണൻ ഗംഗോപാദ്ധ്യായ ഏറെ ശ്രദ്ധേയനായി. ‘സാമ്രാട്ട് ഓശ്രേഷ്ഠി’, ‘തിമിരതീർത്ഥം’, ‘ദുശ്ശാസൻ’ ’മന്ത്രമുഖരം’ ‘ശിലാലിപി’ ‘പൂർവ്വരംഗം’, ‘ജന്മാന്തർജ്യോത്സന’ എന്നിവയാണ് നാരായാൺ ഗംഗോപാദ്ധ്യായയുടെ പ്രധാന കൃതികൾ. 1970, നവംബർ 8ന് നാരായൺ ഗംഗോപാദ്ധ്യായ അന്തരിച്ചു. അദ്ദേഹത്തിന്റെ വേർപാട് ബംഗാളി സാഹിത്യത്തിനു തന്നെ ഒരു തീരാനഷ്ടമായി ഭവിച്ചു.*

**കഥ ആരംഭിക്കുന്നു**

ഇന്ന് എനിക്കൊരു പാർസൽ ലഭിച്ചു. ഒരു ജോഡി ‘ഷൂസ്’! തീരെ ഉപയോഗിക്കാത്ത ഒരു പുതുപുത്തൻ സമ്മാനം! അതുകൊണ്ടു തന്നെ, ആരെങ്കിലും എന്നോടു വിരോധം തോന്നി എന്നെ കബളിപ്പിക്കാൻ വേണ്ടി അയച്ചതല്ല തീർച്ച! പുലിത്തോൽ കൊണ്ടുണ്ടാക്കിയ ഒന്നാന്തരമൊരു സാധനം! പെട്ടിയുടെ അടിയിൽകിടന്നിരുന്ന നീലകാർഡ് അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. ഞാൻ ആ കുറിപ്പു വായിച്ചു. ‘വിത്ത് കോംപ്ലിമെന്റ്സ് ഫ്രം രാജാബഹദൂർ എൻ. ആർ. ചൗധരി, രാം ഗംഗാ എസ്റ്റേറ്റ്!”

ആ കുറിപ്പു വായിച്ചതും, കഴിഞ്ഞകാല സംഭവങ്ങൾ പലതും എന്റെ ഓർമ്മയിൽ വന്നെത്തി. കൂട്ടത്തിൽ, എട്ടുമാസം മുൻപുണ്ടായ ഒരു നായാട്ടിന്റെ അനുഭവവും.

രാജാബഹദൂറുമായി എന്നാണ് പരിചയപ്പെട്ടതെന്ന് കൃത്യമായി എനിക്ക് ഇപ്പോൾ ഓർമ്മയില്ല. എന്റെ ഒരു സുഹൃത്ത് അദ്ദേഹത്തിന്റെ എസ്റ്റേറ്റിൽ ജോലി ചെയ്തിരുന്നു. ഒരിക്കൽ അവന്റെ കൂടെ രാജാബഹദൂറിന്റെ ഒരു പിറന്നാളോഘോഷത്തിൽ പങ്കുകൊള്ളാൻ എനിക്കവസരം ലഭിച്ചു. അന്ന് അദ്ദേഹത്തെക്കുറിച്ച് ഞാൻ ഒരു കവിതയെഴുതി വായിക്കുകയുണ്ടായി. പിന്നീട് കവിതകളെക്കുറിച്ചുള്ള സംവാദങ്ങളിലൂടെയാണ് ഞങ്ങൾ വളരെ അടുത്തതെന്നു വേണമെങ്കിൽ പറയാം. ആ പിറന്നാൾ ആഘോഷത്തിന് അദ്ദേഹം ഒരു റിസ്റ്റ്വാച്ച് എനിക്കു സമ്മാനിക്കുകയും ചെയ്തു. അക്ബറിന്റെ സദസ്യനായിരുന്ന അബ്ദുൾ റഹീംഖാൻ വാഹയ്ക്ക്, കവി ഗംഗയെക്കുറിച്ചെഴുതിയതിന്, നാലുലക്ഷം രൂപ പാരിതോഷികമായി ലഭിച്ചുവെന്നു കേട്ടിട്ടുണ്ട്.

അന്നുമുതൽ, രാജാബഹദൂറിനോട് എനിക്കു അടുപ്പം കൂടി വന്നു. അതുകൊണ്ടാണ് എട്ടുമാസം മുൻപ് ഒരു നായാട്ടിൽ പങ്കുചേരാനുള്ള ക്ഷണം ലഭിച്ചയുടൻ ബാക്കിയെല്ലാപ്രവർത്തികളും തല്ക്കാലത്തേക്കു നിർത്തിവെച്ച് ഞാൻ യാത്രയ്ക്കു തയ്യാറായത്. അതിന്നു പുറമെ, നായാട്ടിനെക്കുറിച്ചു അന്നുവരെ യാതൊരു വ്യക്തമായ ധാരണയും എനിക്കുണ്ടായിരുന്നില്ല. അതുകൊണ്ട്, ഒട്ടും പ്രതീക്ഷിയ്ക്കാതെ ഒരവസരം വന്നു കിട്ടിയപ്പോൾ എനിക്കു ഏറെ ആഗ്രഹവും തോന്നി.

കാടിന്നിടയിലൂടെ വീതിനന്നേ കുറഞ്ഞ റെയിൽപാളത്തിലൂടെ വണ്ടിയിൽ യാത്ര ചെയ്ത്, അവസാനം ചെന്നെത്തിയത് തിരക്കും ബഹളവുമില്ലാത്ത ഒരു ചെറിയ സ്റ്റേഷനിലാണ്. രാജാബഹദൂറിന്റെ ഒരു പരിചാരകൻ

എന്നെയും പ്രതീക്ഷിച്ച് പ്ലാറ്റുഫോമിൽ നില്പുണ്ടായിരുന്നു.

'സാർ, വന്നാലും!' അയാൾ വിനയത്തോടെ എന്നെ ക്ഷണിച്ചു. സ്റ്റേഷന്റെ വെളിയിലുള്ള ചെമ്മൺ നിരത്തിൽ ഒരു 'റോൾസ് റോയ്സ്' കാറു കിടപ്പുണ്ട്. കാറിന്റെ പിൻസീറ്റിൽ ചാരിയിരിക്കുമ്പോൾ സീറ്റു കവറിൽ ചെളിപുരളാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. പതുപതുത്ത സീറ്റിൽ ചാരിയിരിക്കുമ്പോൾ വായുവിൽ ഇരിക്കുന്ന ഒരു പ്രതീതിയായിരുന്നു എനിക്ക്.

പൊടിമണ്ണു നിറഞ്ഞ നിരത്തിലൂടെ കാറ് മുന്നോട്ടു പാഞ്ഞു കൊണ്ടിരുന്നു. നിരത്തിന്റെ ഇരുവശവുമായുള്ള കാടിന്റെ സൗന്ദര്യം ആസ്വദിച്ചുകൊണ്ടിരിക്കുമ്പോഴും, മനസ്സിൽ ചെറിയൊരു ഭയം എന്നെ വേട്ടയാടിക്കൊണ്ടിരുന്നു. ഇത്രയും ഇടതൂർന്ന ആ കൊടുംകാട്ടിൽ നരിയും പുലിയും മറ്റും ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്! പെട്ടെന്ന് കാറു നിന്നു! വല്ല തകരാറും?.... ആ ഒരു സമയം വല്ല മൃഗങ്ങളും വന്ന് ആക്രമിച്ചാൽ, എന്റെ കൈവശം ആകെയുണ്ടായിരുന്ന ആയുധം പോക്കെറ്റിലുള്ള എന്റെ പേന മാത്രമായിരുന്നു.

ഡ്രൈവർ പിൻഭാഗത്തേക്ക് തിരിഞ്ഞ് എന്നെ നോക്കി. ഞാൻ പരിഭ്രമത്തോടെ ചോദിച്ചു. "എന്താ, വല്ല മൃഗങ്ങളും....?"

"ഇല്ല സാർ! നമ്മൾ എത്തി!" ഡ്രൈവർ പ്രതികരിച്ചു.

നിരത്തിന്റെ വലതുഭാഗത്ത് അല്പം ഉള്ളിലോട്ടു മാറിയാണ് രാജാബഹദൂറിന്റെ മരം കൊണ്ടു നിർമ്മിച്ച ബംഗ്ലാവ്. ഈ ഒരു കൊടുംകാട്ടിൽ മനോഹരമായ ആ ഒരു കെട്ടിടം എന്റെ പ്രതീക്ഷകൾക്കെല്ലാമപ്പുറത്തായിരുന്നു. കാറിന്റെ ശബ്ദം കേട്ട് രണ്ടുമൂന്നു പേർ ഓടിയെത്തി. കെട്ടിടത്തിന്റെ മുൻഭാഗത്ത് സാമാന്യം വലിയൊരു കിടങ്ങുള്ളത് അപ്പോഴാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. ഓടിവന്നവർ മൂന്നുപേരും ചേർന്ന് വലിയൊരു മരപ്പലക കൊണ്ടുവന്ന് കിടങ്ങിനു വിലങ്ങനെയായി ഇട്ടു. കാറ് സാവധാനം പലകയുടെ മുകളിലൂടെ നീങ്ങി രാജാബഹദൂറിന്റെ 'ഹണ്ടിങ്ങ് ബംഗ്ലാവിന്റെ' മുന്നിൽ ചെന്നുനിന്നു.

എന്നെ കണ്ടയുടൻ രാജാബഹദൂർ എഴുന്നേറ്റുവന്നു ക്ഷണിച്ചു. "വരൂ! വരൂ! കാത്തിരിക്കയായിരുന്നു ഞാൻ. താങ്കൾ വന്നിട്ടാകാമെന്നു കരുതി ചായ കൂടി കുടിച്ചിട്ടില്ല."

ഞാൻ ബഹുമാനത്തോടെ തല കുനിച്ച് ചെറുതായൊന്നു പുഞ്ചിരിച്ച് നന്ദി പ്രകടിപ്പിച്ചു.

"ഇത്രയും ബുദ്ധിമുട്ടൊക്കെ സഹിച്ച് താങ്കൾ ഇങ്ങോട്ടു വരുമോ എന്നായിരുന്നു എന്റെ സംശയം. നന്നായി! വരൂ! നമുക്കു മുകളിലേക്കു പോകാം!" തികച്ചും രാജോചിതമായ സംസാരവും പെരുമാറ്റവും! വിനയം, സ്നേഹം, നിഷ്ക്കളങ്കത, സരളത എന്നീ ഗുണങ്ങളെല്ലാം അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ തെളിഞ്ഞു നിന്നിരുന്നു.

"ആദ്യം മുറിയിൽ പോയി ഒന്നു 'ഫ്രെഷ്' ആയിക്കൊള്ളൂ. എന്നിട്ട് നമുക്കു ചായ കുടിക്കാം. ഭക്ഷണമെല്ലാം എപ്പോഴെ തയ്യാറായിരിക്കുന്നു." "ബോയ്! സാറിന്നു കുളിമുറി കാണിച്ചു കൊടുക്കൂ!"

ഈയൊരു ഘോരവനത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ബംഗ്ലാവ് എങ്ങിനെ നിർമ്മിക്കാൻ കഴിഞ്ഞുവെന്നതാണ് എന്നെ ഏറ്റവുമധികം അതിശയിപ്പിച്ചത്. നവീനമായ എല്ലാ സജ്ജീകരണങ്ങളും അവിടെയുണ്ടായിരുന്നു. അത്ര വിശാലമായ ഒരു കുളിമുറി ഞാൻ ആദ്യമായിട്ടാണ് കാണുന്നതു തന്നെ. ചുമരിൽ ഉറപ്പിച്ച സ്റ്റാൻഡിൽ അലക്കിവൃത്തിയാക്കിയ രണ്ടോ മൂന്നോ ബാത്ത് ടൗവ്വൽ, ചെറിയ ഒരു ചുമരലമാരയിൽ എണ്ണ, വിലപിടിച്ച രണ്ടുമൂന്നിനം സോപ്പുകൾ, കണ്ണാടി, ചീപ്പ് എന്നിവയെല്ലാം കരുതിവെച്ചിട്ടുണ്ട്. സാമാന്യം വലുപ്പമുള്ള ഒരു ബാത്ത്ടബ്ബ്. അതിന്റെ നേരെ മുകളിലായി വെള്ളം സംഭരിച്ചുവെക്കാനുള്ള ഒരു ചെറിയ സംവിധാനം. താഴത്തെ കുഴൽകിണറിൽ നിന്ന് വെള്ളം പമ്പു ചെയ്തു മുകളിലെത്തിയ്ക്കാനുള്ള എല്ലാ സജ്ജീകരണങ്ങളും അവിടെത്തന്നെയുണ്ട്.

കുളികഴിഞ്ഞ് ഞാൻ ഡ്രസ്സിങ് റൂമിലെത്തി. മുറിയുടെ ഒരു വശത്തായി ചുമരിൽ പതിച്ച കണ്ണാടിയുടെ മുന്നിലായി ഹേയർഓയൽ, മുഖത്തു പുരട്ടാനുള്ള ക്രീം, പൗഡർ എന്നിവ വെച്ചിരിക്കുന്നതു ഞാൻ കണ്ടു. തൊട്ടടുത്തായി തൂക്കിയിട്ടിരുന്ന ഉടുപ്പുകളിൽ നിന്നു ഒരു സാധാരണ ജുബ്ബായും പൈജാമയുമാണ് ഞാൻ തിരഞ്ഞെടുത്തത്.

ഉടുപ്പു ധരിച്ചു മുറിയിൽ നിന്നു പുറത്തെത്തിയപ്പോഴേക്കും രാജാബഹദൂറിന്റെ ഒരു ഭൃത്യൻ വന്നു എന്നെ വിളിച്ചു. രാജാബഹദൂർ എന്നെ പ്രതീക്ഷിച്ച് സല്ക്കാരമുറിയിൽ ഒരു 'മാനില' ചുരുട്ടു വലിച്ചു ഇരിക്കുന്നുണ്ടായിരുന്നു. എന്നെ കണ്ടയുടൻ അദ്ദേഹം 'വരൂ, ചായ തയ്യാറായി ഏറെ നേരമായി!" എന്നു പറഞ്ഞ് എന്നെ ക്ഷണിച്ചു.

മേശപ്പുറത്ത് ചായ, കാപ്പി, ഓവൽടിൻ, റൊട്ടി, വെണ്ണ പിന്നെ പലതരം പഴങ്ങളും നിരത്തിവെച്ചിട്ടുണ്ട്. കഠിനമായ വിശപ്പു തോന്നിയിരുന്ന കാരണം മുന്നിലുണ്ടായിരുന്ന വിഭവങ്ങൾ അല്പം ധൃതിയോടെ കഴിച്ചുതുടങ്ങി. രാജാബഹദൂർ ഒരു റൊട്ടിക്കഷണമെടുത്ത് വെണ്ണ പുരട്ടി സാവധാനം രുചിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടക്ക് ഒരു പഴമെടുത്തു സ്വാദു നോക്കും. അങ്ങിനെ അധികമൊന്നും കഴിയ്ക്കാതെ എന്റെ കൂടെയിരുന്ന് അദ്ദേഹം മൂന്നു കപ്പു ചായ മാത്രം കാര്യമായി അക

ത്താക്കി. ആ സമയം അദ്ദേഹം പറഞ്ഞു ''ഒന്നു പുറത്തേക്കു നോക്കൂ!"

ശരിയാണ്! എന്തു മനോഹര മായ ദൃശ്യം!

അത്രയും കൺകവരുന്ന പ്രകൃതിദൃശ്യം അതിനു മുൻപു കണ്ടതായി ഞാൻ ഓർക്കുന്നില്ല. ജനാലയുടെ തൊട്ടപ്പുറത്തായി ചെങ്കുത്തായ ഭൂപ്രദേശം. സുമാർ നാനൂറ് അടിയോളം താഴ്ച വരും. മുറിയുടെ ഉള്ളിലിരുന്നു പുറത്തേക്കു നോക്കുമ്പോൾ, വിശാലമായ അന്തരീക്ഷത്തിൽ ഒരു താങ്ങുമില്ലാത്ത കെട്ടിടത്തിൽ ഇരിക്കുകയാണെന്നേ തോന്നുകയുള്ളു. ചെങ്കുത്തായ ആ ഭൂപ്രദേശം ചെന്നവസാനിക്കുന്ന ഇടം മുതൽ അതിനിബിഡമായ വനപ്രദേശമാണ്. ആ വനത്തിന്റെ ഇടയിലൂടെ, വെള്ളിനൂലു കിടക്കുന്നതു പോലെ ഒരു കാട്ടരുവി. നോക്കെത്താവുന്നിടത്തോളം പരന്നുകിടക്കുന്ന ആ കാടിന്റെ അതിർത്തിയിൽ തലയുയർത്തിപ്പിടിച്ചു നില്ക്കുന്ന മലനിരകൾ! അറിയാതെ തന്നെ വാക്കുകൾ പുറത്തു വന്നു, "എന്തു ഭംഗി!" രാജാബഹദൂർ പ്രതികരിച്ചു. "ശരിയാണ്. താങ്കളെപ്പോലെയുള്ള കവികളെ ഈയൊരു ദൃശ്യം തീർച്ചയായും ആകർഷിക്കും. ഇതെല്ലാം നോക്കിക്കൊണ്ടിരിക്കുമ്പോൾ എനിക്കു പോലും ഇടയ്ക്കൊക്കെ കവിത വരാറുണ്ട്. പക്ഷെ, താഴെക്കാണുന്ന ആ വനപ്രദേശമുണ്ടല്ലൊ, നാനാതരം വന്യജീവികളുടേയും വാസസ്ഥാനമാണ്. വളരെ പ്രാകൃതമായ കൊലപാതകങ്ങൾക്കും ദുർമരണങ്ങൾക്കും ആ പ്രദേശം പലപ്പോഴും സാക്ഷിയാകാറുണ്ട്."

ഇതു കേട്ടതോടെ അങ്ങോട്ടുനോക്കാൻ നേരിയ ഭയം എനിക്കു തോന്നി. എങ്കിലും, ഭയപ്പെടുത്തുന്നതായി ഒന്നും അവിടെ കണ്ടതുമില്ല. അത്രയും മുകളിൽനിന്നു നോക്കുമ്പോൾ ആ കാടു നിറയെ ചെറിയ ചെറിയ കുടിലുകളാണെന്നേ തോന്നു. അവയ്ക്കിടയിലൂടെ ഒരു വെള്ളി അരഞ്ഞാൺ പോലെ ആ കാട്ടരുവിയും. പച്ച പുതച്ച മനോഹരമായ പ്രകൃതി! അകലെ അതിർത്തിയിൽ നീലിമയിലാറാടിയ പർവ്വത ശിഖരങ്ങൾ! രാജാബഹദൂറിനോടു ഞാൻ ചോദിച്ചു. "നമുക്ക് അങ്ങോട്ടെവിടെയെങ്കിലും നായാട്ടിനു പോയാലോ?"

''ഭ്രാന്തുണ്ടോ? അവിടെയൊക്കെ എങ്ങിനെ എത്തിപ്പെടും?

ആ കാട്ടിലൊന്നും ഇതുവരെ ഒരു ശിക്കാരിയുടെ തോക്കും ചെന്നെത്തിയിട്ടില്ല. അവിടെ പോകാൻ കഴിയില്ലെങ്കിലും ഇടയ്ക്കൊക്കെ ഞാൻ മത്സ്യം പിടിയ്ക്കാറുണ്ട്."

''മത്സ്യം പിടിയ്ക്കയോ? എവിടെ നിന്ന് ? ആ കാട്ടാറിൽ നിന്നോ?'' വിശ്വാസംവരാതെ ഞാൻ ചോദിച്ചു.

രാജാബഹദൂർ ഇങ്ങനെ പ്രതികരിച്ചു. "എല്ലാം ക്രമേണ മനസ്സിലാവും. ആദ്യം നമുക്കൊരു ശിക്കാറിന്നു പോകാം, അതുശരിയായില്ലെങ്കിൽ ചൂണ്ടയിട്ടു മത്സ്യം പിടിയ്ക്കാം. പക്ഷെ, ചൂണ്ടയിൽ കൊളുത്തിയിടാൻ നല്ല ഒരു ഇര വേണം. അതു കിട്ടിയില്ലെങ്കിൽ, ഒരു ഉത്സാഹവും തോന്നില്ല."

രാജാബഹദൂർ പറഞ്ഞതിന്റെ പൊരുളൊന്നും എനിക്കു മനസ്സിലായില്ല. പിന്നീട്, ആ വിഷയം ഞങ്ങൾ അന്നു സംസാരിച്ചതുമില്ല.

രാജാബഹദൂർ എന്നോടു ചോദിച്ചു, ''താങ്കൾ എപ്പോഴെങ്കിലും – തോക്കുപയോഗിച്ചിട്ടുണ്ടൊ? അത് ഉപയോഗിയ്ക്കാനറിയാമോ?"

"കുട്ടിക്കാലത്ത് ഫയർഗൺ ഉപയോഗിച്ചിട്ടുണ്ട്" ഞാൻ അല്പം തമാശ കലർത്തി മറുപടി പറഞ്ഞു.

രാജാബഹദൂർ അതുകേട്ട് ചിരിച്ചുകൊണ്ടുപറഞ്ഞു. "താങ്കൾ അതുമാത്രമേ ഉപയോഗിച്ചിട്ടുണ്ടാകൂ എന്നറിയാം. ഒരു കവിയായ താങ്കൾക്ക് ആയുധങ്ങളൊന്നും ഒട്ടും യോജിച്ചതല്ല. പന്ത്രണ്ടാം വയസ്സിലാണ് ഞാൻ ആദ്യമായി റൈഫിൾ ഉപയോഗിച്ചത്." ഇതും പറഞ്ഞ് രാജാബഹദൂർ എഴുന്നേറ്റു, കൂടെ ഞാനും.

ആ ഒരു മുറിയെ സല്ക്കാര മുറി എന്നു മാത്രം വിശേഷിപ്പിച്ചാൽ മതിയാവില്ല. ഒരു മ്യൂസിയം തന്നെയായിരുന്നു അവിടെ. കൂടാതെ, ഒരു ആയുധശാലയും. പലേവിധത്തിലും, തരത്തിലുമുള്ള ആയുധങ്ങൾ എനിയ്ക്കവിടെ കാണാൻ കഴിഞ്ഞു. മുറിയുടെ ഒരു മൂലയിലായി നാലഞ്ചുതരം തോക്കുകൾ ചുമരിൽ ചാരി നിർത്തി വെച്ചിട്ടുണ്ട്. മറ്റൊരു മൂലയിൽ രണ്ടു റിവോൾവർ സ്ഥാനം തെറ്റി വീണു കിടപ്പുണ്ട്. അവയുടെ തൊട്ടടുത്ത് ഉറയിൽ നിന്നു പുറത്തേയ്ക്കെടുത്ത ഒരു വാൾ. കട്ടികൂടിയ തോൽ കൊണ്ടു നിർമ്മിച്ച, തിരകൾ നിറച്ച ഒരു ബെൽട്ട് മുറിയുടെ ഒരു വശത്തുള്ള ചുമരിൽ തൂങ്ങിക്കിടപ്പുണ്ട്. സമീപത്തായി രണ്ടു ഗൂർഖാകഠാരികളും. അങ്ങിങ്ങായി, മാനിന്റേയും, കരടിയുടേയും കടുവായുടേയും ശിരസ്സുകൾ ചുമരിൽ തറച്ചുവെച്ചിട്ടുണ്ട്. ചുമരിൽ പല സ്ഥലങ്ങളിലായി വിവിധതരം മൃഗങ്ങളുടെ തോൽ തൂക്കി അലങ്കരിച്ചിട്ടുണ്ട്. ചിലതു മാനിന്റെയാണെങ്കിൽ മറ്റു ചിലതു കടുവയുടേയും, പാമ്പിന്റേയുമാണ്. മുറിയിൽ മേശപ്പുറത്ത് വലിയൊരു ആനയുടെ തല! ഇവയെല്ലാം ഒരുപക്ഷെ രാജാബഹദൂറിന്റെ കീർത്തിമുദ്രകളായിരിക്കുമെന്നു എനിക്കു തോന്നി.

'ലെറ്റ്സ് ഹാവ് സം എനർജി" രാജാബഹദൂർ എന്നെ ക്ഷണിച്ചു. പ്രഭാത ഭക്ഷണത്തിന്റെ ഘനം അപ്പോഴും തീരെ കുറഞ്ഞിട്ടുണ്ടാ

യിരുന്നില്ല. തിരിച്ചൊന്നും പറയാൻ കഴിയുന്നതിനു മുൻപുതന്നെ അദ്ദേഹം ഇടനാഴിയിലേക്കു നടന്നുനീങ്ങി. എനിക്കും കൂടെ പോകേണ്ടിവന്നു. അവിടെ ചൂരൽ കസേരകളും ഒരു മേശയും ഒരുക്കിയിട്ടുണ്ട്. ആ ബംഗ്ലാവിൽ എത്തിയശേഷം പുതിയതരം സോഫകളിൽ ഇരിക്കുമ്പോൾ എനിക്കു തോന്നിയിരുന്ന അസ്വാസ്ഥ്യം ഈ കേസരയിലിരുന്നതോടെ അല്പം ശമിച്ചു.

അല്പം മുൻപ് അദ്ദേഹം പറഞ്ഞ 'എനർജി' എന്തായിരിക്കുമെന്ന് ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഒരു പരിചാരകൻ കയ്യിൽ 'ട്രെ'യുമായി കടന്നുവന്നത്. 'ട്രെ'യിൽ കുപ്പികളും ഗ്ലാസുകളുമുണ്ടായിരുന്നു. അവിടെയാകെ മദ്യത്തിന്റെ മണം പരന്നു തുടങ്ങി.

'താങ്കൾ കുടിയ്ക്കുമല്ലോ, ഇല്ലേ?" രാജാബഹദൂർ ചോദിച്ചു.

ഞാൻ സവിനയം നിരസിച്ചു.

"എങ്കിൽ 'ബിയർ' എങ്കിലുമാവാം. ഒരു ലഹരിയുമുണ്ടാവില്ല. സ്ത്രീകൾ കൂടി പതിവായി കുടിയ്ക്കാറുള്ളതാണ്."

"വേണ്ട! ഞാൻ ഈവക സാധനങ്ങളൊന്നും ഇതുവരെ ഉപയോഗിച്ചിട്ടില്ല."

രാജാബഹദൂർ എന്നോടു സഹതപിച്ച് അല്പമൊക്കെ അഭിമാനത്തോടെ പറഞ്ഞു, "ഞാൻ പതിന്നാലാം വയസ്സിലാണ് ആദ്യമായി മദ്യം രുചിച്ചു നോക്കിയത്."

മഹാരാജാക്കന്മാരുടെ കാര്യങ്ങളൊക്കെ അങ്ങിനെയാണ്. സാധാരണക്കാരിൽ നിന്നു തികച്ചും വ്യത്യസ്തം! പരിചാരകൻ കുപ്പിയും നിറഗ്ലാസ്സുമായി രാജാബഹദൂറിന്റെ തൊട്ടടുത്തായി നില്പാണ്. ഓരോ തവണ ഗ്ലാസ് ഒഴിയുമ്പോഴും അയാൾ അതു വീണ്ടും നിറയ്ക്കും! രാജാബഹദൂറിന്റെ നോട്ടത്തിന്നു അല്പാല്പം മാറ്റം വന്നുതുടങ്ങി.

പെട്ടെന്ന് അദ്ദേഹം എന്നോടു ചോദിച്ചു, 'താങ്കൾ ഒരു രാജാവാകാഞ്ഞത് എന്തുകൊണ്ടാണെന്നറിയാമോ?"

ആ ചോദ്യത്തിനു മറുപടി കൊടുക്കാൻ കഴിയാതെ ഞാൻ അല്പം പരുങ്ങി.

'അറിയില്ല, അല്ലേ?"

"ഇല്ല!"

"താങ്കൾക്കു മനുഷ്യനെ കൊല്ലാമോ?"

ആ ചോദ്യം കേട്ട് ഞാൻ ഒന്നു പകച്ചു.

"ഉത്തരമില്ല, അല്ലേ? താങ്കൾ ഒരു 'ഹോപ്ലെസ്' ആണ്!" രാജാബഹദൂർ ഇതുംപറഞ്ഞ് എഴുന്നേറ്റ് ആടിയാടി സ്വന്തം മുറിയിലേക്കു നടന്നുപോയി. പോകുമ്പോഴും എന്തൊക്കെയോ പിറുപിറുത്തുകൊണ്ടിരുന്നു. "എനിക്കു.... താങ്കളോട്... സഹതാപമാണ്!" മദ്യത്തിന്റെ ലഹരി അദ്ദേഹത്തെ പൂർണ്ണമായും കീഴടക്കിയിരുന്നു.

●

# റീജന്റ് റാണി വിദ്യാഭ്യാസ പുരസ്കാരം

ഹൈസ്കൂൾ വിഭാഗത്തിൽ X^th സ്റ്റാൻഡേർഡിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസ്സാകുന്ന വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള റീജന്റ് റാണി സേതുലക്ഷ്മീഭായി വിദ്യാഭ്യാസ അവാർഡിന് ഇക്കുറി മൂന്നുപേർ അർഹരായി.

### മാസ്റ്റർ പ്രണോയ് എസ്. വർമ്മ



ICSE വിഭാഗത്തിൽ ഏറ്റവും കൂടുതൽ മാർക്ക് (95%) വാങ്ങി പാസ്സായ പ്രണോയ് എസ്. വർമ്മ. തിരുവനന്തപുരം ലയോള സ്കൂൾ വിദ്യാർത്ഥിയായ പ്രണോയ് ക്ഷത്രിയക്ഷേമസഭ സംസ്ഥാന സെക്രട്ടറി പി. സുഭാഷ്കുമാർ വർമ്മയുടെയും (ഭാനുപ്രഭ, കണ്ണമ്മൂല, തിരുവനന്തപുപപരം) പന്തളത്ത് മുണ്ടയ്ക്കൽ കൊട്ടാരത്തിൽ ചിത്രാവർമ്മ (അധ്യാപിക, ആർ.ആർ.വി.എച്ച്.എസ്., കിളിമാനൂർ) യുടെയും മകനാണ്.

### അഖിൽ എസ്. വർമ്മ (CBSE)



2010–ലെ സിബിഎസ്ഇ പരീക്ഷയിൽ ഉന്നതവിജയം നേടി റീജന്റ് റാണി സ്മാരക സ്കോളർഷിപ്പിന് അർഹനായി. അബുദാബിയിലെ ഫെർവുഡ് അക്കാദമിയിലെ വിദ്യാർത്ഥിയായിരുന്നു.

അച്ഛൻ: കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത് സുകുമാർ വർമ്മ

അമ്മ: ചെന്നിത്തല മേനാംവിള കോവിലകത്ത് അമ്മിണി സുകുമാർവർമ്മ

### കുമാരി കീർത്തന എൻ.പി.

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റംഗം സി.കെ. പുരുഷോത്തമന്റെയും എൻ.പി. വസന്തയുടെയും മകളായ കുമാരി കീർത്തന പയ്യന്നൂർ സെന്റ്മേരീസ് സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി.ക്ക് എല്ലാ വിഷയങ്ങൾക്കും A+ നേടി വിജയിയായി. കീർത്തന ഇപ്പോൾ പയ്യന്നൂർ മുനിസിപ്പൽ ഹയർ സെക്കന്ററി സ്കൂളിൽ (പ്ലസ് 1) പഠിക്കുന്നു.

# ദേവീ മാഹാത്മ്യം

**ഹൈമവതി വർമ്മ, ചേർത്തല**



*'യാ ചണ്ഡിമധുകൈടഭാദി ദൈത്യ ദലനീ,*
*യാ മാഹിഷോന്മൂലിനീ*
*യാധൂമ്രേക്ഷണ ചണ്ഡമുണ്ഡമദനീ,*
*യാരക്ത ബീജാക്ഷരീ*
*ശക്തി ശുംഭനിശുംഭ ദൈത്യ ദലനീ,*
*യാ സിദ്ധി ധാത്രീപര*
*സാ ദേവീ നവകോടി മൂർത്തിസഹിതാം*
*മാം പാദുവിശ്വേശ്വരീ'*

ശരത്കാലം. കന്നിമാസത്തിലെ അമാവാസിദിവസം. ബംഗാളികൾക്ക് (മഹാലയ) വെളുപ്പിന് നാലുമണിക്ക് കൽക്കട്ടയിലെ വീടുകളിലും വീഥികളിലും മുഴങ്ങികേൾക്കുന്ന ദേവിസ്തുതി. അമ്പത്തഞ്ചുവർഷം മുമ്പ് മുതൽ ഞാൻ കേട്ടുതുടങ്ങിയതാണ്. ആദ്യകാലങ്ങളിൽ റേഡിയോ. പിന്നെ ടെലിവിഷൻ.നവകോടി മൂർത്തി സഹി തം ശക്തിസ്വരൂപിണിയായ ദേവിദുർഗ്ഗ ഭൂമിയിലേക്ക് ഇറങ്ങിവരികയാണ്. അമൃതമധുര സംഗീതസുധാകരത്തിൽ ആറാടി ഉണരുന്ന നഗരം ആ ദിവ്യ സ്വരൂപിണിയെ എതിരേൽക്കാൻ ഒരുങ്ങുന്നു. അമാവാസി കഴിഞ്ഞ് ഏഴാം ദിവസം മുതൽ ഷഷ്ഠി, സപ്തമി, അഷ്ടമി, നവമി, ദശമി അങ്ങിനെ അഞ്ചു ദിവസത്തെ ആഘോഷങ്ങൾ. വർണ്ണ ബൾബുകളുടെ പ്രഭാപൂരത്തിൽ മിന്നിത്തിളങ്ങുന്ന പൂജാപന്തലുകൾ, പുതിയ വസ്ത്രങ്ങൾ ധരിച്ച് ആഹ്ലാദഭരിതരായി ഒഴുകുന്ന ജനപ്രവാഹം. എല്ലാ പ്രാർത്ഥനകളും കൈക്കൊണ്ട്, വിജയദശമിദിവസം, നാനാരത്നവിഭൂഷിതയായ, സൗന്ദര്യലഹരിയായ ദേവി സർവ്വ ഐശ്വര്യങ്ങളും ദാനം ചെയ്തിട്ട്, ഗംഗയിൽ മുങ്ങി ഒഴുകി നല്ല ഹൈമവതഭൂവിലേക്ക് മടങ്ങുകയായി. ആബാലവൃദ്ധം കണ്ണുനീരോടെ, കൂപ്പുകൈകളോടെ, മാതൃസ്തുതി ഗീതങ്ങളോടെയുള്ള യാത്ര അയപ്പ്.

തുലാമാസത്തിലെ ദീപാവലി കൽക്കട്ടയിൽ കാളിപൂജ. അന്ന് പൂജ പന്തലുകളിൽ ദേവിയുടെ അതിഭയാനകദൃശ്യമാണ് നാം കാണുക. തീപ്പൊരിപാറുന്ന കണ്ണുകൾ, പുറത്തേക്ക് തള്ളി നിൽക്കുന്ന ചുവന്ന നാവ്, കറുപ്പുനിറം, അധർമ്മത്തേയും പാപത്തെയും വെട്ടിവീഴ്ത്തുന്ന ബീഭത്സരൂപം. വിശ്വാസികൾക്ക് ദൈവികഭാവവും അവിശ്വാസികൾക്ക് ഭയവും നൽകുന്ന അമാനുഷ ശക്തിയായ സംഹാരമൂർത്തി.

ഹർഷയുടെ കഥ തുടങ്ങുന്നതും അവസാനിക്കുന്നതും ഇങ്ങിനെ ഒരു പൂജാപന്തലിൽ നിന്നാണ്. ഇന്നും ഞാനോർക്കുന്നു. അവൾ പറഞ്ഞ കഥ.

പത്തു വർഷങ്ങൾക്കു മുമ്പ്. അന്ന് ഹർഷയ്ക്ക് അഥവാ ഹർഷാ ആൽബർട്ടിന് ഇരുപത്തൊന്നു വയസ്സ്. പ്രസിഡൻസി കോളേജിൽ നിന്ന് ബിരുദം നേടി ശാന്തിനികേതനത്തിൽ രവീന്ദ്ര സംഗീതവും നൃത്തവും പഠിച്ച് കൽക്കട്ടയിൽ മടങ്ങി എത്തിയ കാലം. അമ്മയും അച്ഛനും ഹൈക്കോടതി വക്കീലന്മാർ. ആൽബർട്ടിനെ അവൾ കണ്ടുമുട്ടിയത് സൗത്ത് കൽക്കട്ടയിലെ ഒരു സ്വിമ്മിംഗ് പൂളിൽ വച്ചാണ്. നീന്തൽ വിദഗ്ദ്ധനും അരോഗദൃഢഗാത്രനുമായ സുമുഖൻ. രണ്ടുപേരും പ്രേമിച്ചു വിവാഹം കഴിച്ചു. കൽക്കട്ടയിലെ സോഷ്യൽ വേദികളിൽ അവർ തിളങ്ങി. "Made for Each Other' പന്തയത്തിൽ ഒന്നാം സ്ഥാനം നേടി. കാറും ബംഗ്ലാവും വിദേശയാത്രയും. ജീവിതത്തിന്റെ പൗർണ്ണമി.

വിവാഹം കഴിഞ്ഞ് ഒരു വർഷം തികയുന്ന ദിവസം. ദീപാവലിയുടെ വർണ്ണപ്രകാശത്തിൽ, പടക്കം പൊട്ടിക്കുന്ന വെടിക്കെട്ടിന്റെ കോലാഹലത്തിൽ നഗരം ഉറങ്ങാത്ത രാത്രി. അവർ രണ്ടുപേരും കാളിപൂജാപന്തലുകളിലൂടെ നടക്കുകയാണ്. വല്ലാത്ത ബഹളവും ആൾക്കൂട്ടവും. ഒരു കോണിലേക്ക് മാറി അവർ കാളി വിഗ്രഹത്തിലേക്ക് നോക്കിനിന്നു. പെട്ടെന്ന് ആൽബർട്ട് പറഞ്ഞു, ഒരു മുഖവുരയും കൂടാതെ: "ഈ മാരകമൂർത്തിയിൽ ദൈവമുണ്ടെന്ന് വിശ്വസിക്കുക അസാദ്ധ്യം. ഒരു മാതിരി ഭ്രാന്ത്. മണ്ടത്തരം" ഹർഷ ഞെട്ടിപ്പോയി. അവൾ എന്തെ

ങ്കിലും പറയുംമുമ്പ് അയാൾ തുടർന്നു. 'നമ്മൾ കാളിഘട്ടിൽ പോയപ്പോഴും ദക്ഷിണേശ്വരത്തു പോയപ്പോഴും ഒക്കെ ഞാനിതു പറയണമെന്ന് വിചാരിച്ചതാണ്. എന്തിന്? നമ്മുടെ പ്രാർത്ഥനാമുറിയിലെ കുരിശ്ശിന്റെ ഒപ്പം വച്ചിരിക്കുന്ന പടം പോലും എനിക്ക് വെറുപ്പാണ്. പേടിയാണ്."

ഒരു നിമിഷം ഹർഷ സ്തബ്ധയായി നിന്നു. പിന്നീട് സൗമ്യമായി പറഞ്ഞു. "ഏതു മതത്തിൽ വിശ്വസിച്ചാലും ഈശ്വരൻ ഒന്നേയുള്ളൂ. മനുഷ്യ മനസ്സിലുള്ള ദൈവവിശ്വാസത്തിന്റെ പ്രതിഭാസമാണ് മതം. രൂപം വേറെ എങ്കിലും ഭാവം ഒന്നു തന്നെ. നന്മയും തിന്മയും പാപവും പുണ്യവും നൽകുന്ന ശക്തി ഒന്നുതന്നെ, മതമേതായാലും."

''പക്ഷേ, ക്രിസ്തുവിന്റെ മുഖം ഓർക്കൂ. എത്ര ശാന്തം. സുന്ദരം" അയാൾ വിട്ടില്ല. ഹർഷ ചൊടിച്ചു. 'ഞങ്ങൾക്കും ശ്രീകൃഷ്ണനും ശ്രീരാമനും ഒക്കെയുണ്ട്. അവരുടെ എല്ലാം ഭാവം നന്മ, അനുഗ്രഹം. പക്ഷേ ദേവിയുടെ ഈ രൂപം ദുഷ്ടന്മാരെ നശിപ്പിക്കാനാണ് പാപത്തെ ഹനിക്കാണ്. വിശ്വസിച്ച് പ്രാർത്ഥിച്ചാൽ നന്മ. അതല്ല അവിശ്വസിച്ച് പുച്ഛിച്ചാൽ തിന്മ. അതാണ് ഫലം."

സംസാരം അവിടെ നിർത്തി. എങ്കിലും ഹർഷയ്ക്ക് മനസ്സിന് ഒരു പേടി തോന്നി. രണ്ടു ദിവസത്തിനകം അതു സംഭവിച്ചു. പതിവുപോലെ നീന്തൽകുളത്തിലേക്ക് പോയ ആൽബർട്ട് മടങ്ങി വന്നില്ല. നീന്തൽ ചാമ്പ്യനായ അവന് കൈവെള്ളപോലെ പരിചിതമായ ആ തടാകത്തിൽ എന്തു സംഭവിച്ചു? ആർക്കും അറിയില്ല.

ശരീരവും മനസ്സും മരവിച്ച ഹർഷ തലേരാത്രിയെ ഓർത്തു. ഹൃദയത്തിന്റെ ഏതോ കോണിൽ ഒരു തീക്കനൽ ജ്വലിച്ച നൊമ്പരം – ആൽബർട്ടിന്റെ മേൽ ദേവീശാപമാണ്. ഹർഷയുടെ ജീവിതം അവസാനിച്ച നിമിഷങ്ങൾ. അഥവാ അമാവാസിയുടെ തുടക്കം.

നീണ്ട പത്തുവർഷങ്ങൾ – പൊതുജീവിതത്തിൽ നിന്നും ഒഴിഞ്ഞ് അവൾ സ്വന്തം വീടിന്റെ നാലു ഭിത്തികൾക്കുള്ളിൽ കഴിഞ്ഞു. ഇതിനിടെ അമ്മയും അച്ഛനും മരിച്ചു. അളവറ്റ സമ്പത്തിന്റെ അവകാശി അവൾ മാത്രം. പക്ഷേ മനസ്സമാധാനം കിട്ടിയില്ല. ഒടുവിൽ കുഞ്ഞുങ്ങളോടൊപ്പം കഴിയാനും സാമൂഹ്യസേവനത്തിനും വേണ്ടി അവൾ എന്റെ സ്കൂളിൽ ചേർന്നു. എന്റെ ഡിപ്പാർട്ടുമെന്റിലെ ഏറ്റവും പ്രായം കുറഞ്ഞവൾ – ഞാൻ അവളുമായി പരിചയപ്പെട്ടു. സ്വന്തം മകളോടെന്നപോലെ സ്നേഹവും വാത്സല്യവും അനുകമ്പയും തോന്നി. ഞങ്ങൾ അടുത്തു.

അതിനടുത്തവർഷം. വീണ്ടും ഒരു പൂജക്കാലം. ഞാനും ഹർഷയും സൗത്ത് കൽക്കട്ടയിലെ ഒരു പൂജാപന്തലിലാണ്, സപ്തമി ദിവസം. ഇപ്പോൾ ദേവിദുർഗ്ഗാരൂപത്തിലാണ്. സൗന്ദര്യരത്നാകരിയായി, സൗഭാഗ്യദായിനി ആയി, കാരുണ്യമൂർത്തിയായി. ഹർഷ വളരെനേരം ആമുഖത്തേക്ക് നോക്കി നിന്നു. അവളുടെ ഏകാഗ്രമായ പ്രാർത്ഥന. ചുറ്റും കഴുത്തിൽ തൂക്കിയ 'Dole' കൊട്ടി ആടിപ്പാടുന്ന നർത്തകർ. കണ്ണു നിറഞ്ഞൊഴുകി. പിറ്റേദിവസം അഷ്ടമി. അന്ന് കൂടുതൽ ശോഭിതയായ ദേവി. ഹർഷ ചുറ്റുപാടും മറന്ന് ദേവിയുടെ കണ്ണുകളിൽ ഉറ്റുനോക്കി നിൽക്കുന്നു. പെട്ടെന്ന് പിന്നിൽ നിന്ന് തോളിൽ തട്ടി ഒരു ചോദ്യം. എന്നോടാണ്. "മാഡം എന്നെ ഓർക്കുന്നുണ്ടോ?"

ഒരു നിമിഷം "നന്ദൻ അല്ലേ? നിന്നെ ഞാനെങ്ങിനെ മറക്കും?" എന്റെ അദ്ധ്യാപകജീവിതത്തിൽ ഞാനേറ്റവും ഇഷ്ടപ്പെട്ട വിദ്യാർത്ഥി. പഠിത്തം കഴിഞ്ഞ് ആദ്യം ജോലി കിട്ടിയ സ്കൂളിലെ കുട്ടി. അസാമാന്യപക്വതയും വിവേകവും വ്യക്തിത്വവും ഉള്ളവൻ.

"ഇപ്പോൾ? ഇവിടെ?" ഞാൻ അതിശയിച്ചു.

"ഞാനൊരു ഫോട്ടോഗ്രാഫർ ആണ്. സ്വന്തമായി ഒരു സ്റ്റുഡിയോ നടത്തുന്നു. പിന്നെ ടെലിവിഷനും മറ്റ് മീഡിയായ്ക്കും വേണ്ടി ഫോട്ടോ എടുക്കുന്നു. ഇന്നലെയും ഞാനിവിടെ വന്നിരുന്നു. ഇന്നലെ ഞാനെടുത്ത ഫോട്ടോ പേപ്പറിൽ വന്നിട്ടുണ്ട്."

അവൻ കൈയ്യിലിരുന്ന പേപ്പർ തുറന്നു. കൽക്കട്ടയിൽ വളരെ പ്രചാരമുള്ള 'അമൃതബസാർ പത്രിക' എന്ന ഇംഗ്ലീഷ് പേപ്പർ. ഒന്നാം പേജിൽ – മിന്നിത്തിളങ്ങുന്ന പൂജാപന്തൽ ഹേമാംബരധാരിയായി, മുത്തുമാലകളണിഞ്ഞ്, അന്നപൂർണ്ണേശ്വരിയായ ദേവി. സമീപം ദേവിയുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി ഭക്തിയുടെ നിറവിൽ ഭിക്ഷാംദേഹിയായി നിൽക്കുന്ന ഹർഷ.

ഹർഷയുടെ പുതിയ കഥ ഇവിടെ തുടങ്ങുകയാണ്.

ഒരിക്കൽ കൂടി അവർ എന്നെ കാണാൻ വന്നു. ഹർഷയും നന്ദനും. ഒപ്പം പൂനിലാവുപോലെ പുഞ്ചിരിച്ചുകൊണ്ട് ഒരു ചെറിയ പെൺകുട്ടിയും.

'ഞങ്ങളുടെ മകൾ ദുർഗ്ഗ"

കുട്ടിയെ വാരി എടുത്ത് ചുംബിച്ചുകൊണ്ട് ഞാൻ പറഞ്ഞു 'ഇന്ന് വിജയദശമി. വരദക്ഷിണ തന്നിട്ട് ദേവി മടങ്ങുകയാണ്. ഹിമവൽസാനുവിലേക്ക്. ദൂരെ ആകാശത്തിന്റെ അനന്തതയിലേക്ക് നോക്കി ഞാൻ മന്ത്രിച്ചു. "ദേവീ മാഹാത്മ്യം." ●

നൊസ്റ്റാൾജിയ

## എന്റെ ഗ്രാമം ~ 11

# വീണ്ടും ചില വീട്ടുകാര്യങ്ങൾ

**കെ. ഹരികൃഷ്ണ വർമ്മ**

**ചെ**റുപ്പകാലത്തുണ്ടാകുന്ന വളരെ ചെറിയ സംഭവങ്ങൾ പോലും നമ്മുടെ മനസ്സിൽ മായാതെ നിലനിൽക്കും. കാലചക്രത്തിന്റെ ഭ്രമണം ഈ ഓർമ്മകൾക്ക് യാതൊരു മങ്ങലും ഏൽപ്പിക്കുകയില്ല, മറിച്ച് ആ ഓർമ്മകൾ കാലം ചെല്ലുന്തോറും കൂടുതൽ തെളിഞ്ഞുവരികയാണെന്നു തോന്നും. അടുത്ത കാലത്തുണ്ടാകുന്ന പല കാര്യങ്ങളും മറ്റുള്ളവർ ഓർമ്മിപ്പിക്കുമ്പോൾ പോലും ചിലപ്പോൾ ഓർമ്മ വരാറില്ല. അപ്പോൾ അവർ നമ്മെ അൽഷിമേഴ്സ് എന്നും തന്മാത്ര എന്നും മറ്റും വിളിച്ചു പരിഹസിക്കും. അപ്പോഴും നാം ഇളിഭ്യതയോടെ ചിരിച്ചുകൊണ്ടുതന്നെ നിൽക്കും. 'സൈക്കിളിൽ നിന്നു വീണവന്റെ ചിരി' എന്നാണു ചെറുപ്പത്തിൽ ഞങ്ങളിതിനെ പറയുക പതിവ്.

എന്റെ അമ്മയ്ക്കു റുമറ്റോയ്ഡ് ആർത്രൈറ്റിസ് എന്ന് ആംഗലത്തിലും സന്ധിവാതം എന്നു മലയാണ്മയിലും പറയുന്ന ഒരസുഖം ഉണ്ടായിരുന്നു. ആരോഗ്യവതിയായി പ്രസരിപ്പോടെ നടക്കുന്ന അമ്മയെ ഒരിക്കലും ഞാൻ കണ്ടിട്ടേയില്ല. അതുകൊണ്ടുതന്നെ അമ്മയുടെ ലാളനയോ ശ്രദ്ധയോ ലഭിച്ചിരുന്നുമില്ല. പക്ഷെ ഏറ്റവും അധികം സ്വാധീനിച്ചിട്ടുള്ളതും നേർവഴി കാട്ടിത്തന്നിട്ടുള്ളതും അമ്മയുടെ നിരന്തരമായ സാമീപ്യം മാത്രമാണ്. നാലുകെട്ടിന്റെ ചുമരുകൾക്കു വെളിയിൽ അധികം സഞ്ചരിച്ചിട്ടുപോലുമില്ലാത്ത അമ്മ ജീവിതത്തെ കണ്ട രീതിയാണ് ഒരൽഭുതമായി മാത്രം ഇപ്പോഴും എന്റെ മനസ്സിൽ അവശേഷിക്കുന്നത്. ശരീരത്തിന്റെ നിരന്തരമായ വേദനകളോ പരാധീനതകളോ ആ മനസ്സിലെ 'അമ്മയെ' ഒരു തരത്തിലും ബാധിച്ചില്ല ഒരിക്കലും. മരിച്ചിട്ട് ഇരുപത്തിമൂന്നു വർഷങ്ങൾ കഴിഞ്ഞിട്ടും ഒളിമങ്ങാതെ ആ ശോഭ ഭദ്രദീപം പോലെ ഞാൻ ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുകയാണ്, എന്റെ വെളിച്ചമായും ഗുരുവായും വഴികാട്ടിയായും....

അമ്മയുടെ അസുഖത്തിന് ചികിത്സകളുടെ ഒരു ഘോഷയാത്ര തന്നെ ആയിരുന്നു നടത്തിയത്. ഏകദേശം ഇരുപത്തിഎട്ടു വർഷത്തിലധികം. സമാന്തരമായി പല വഴിപാടുകളും നടത്തുന്നുണ്ടായിരുന്നു. വഴിപാടുകളുടെ ഭാഗമായിട്ടാണ് അച്ഛൻ ഞങ്ങളെ എല്ലാവരേയും കൂട്ടി കടപ്പാട്ടൂർ പോയത്. ഒരു ദിവസം വെളുപ്പിന് ഞങ്ങൾ എല്ലാവരും കൂടി കാറിൽ ചേർത്തല ബോട്ട് ജെട്ടിയിൽ ചെന്നു. അവിടന്ന് ബോട്ടിലാണു യാത്ര. ബോട്ടിനുള്ളിൽ അരികുചേർന്ന് മരത്തിന്റെ ബഞ്ച്പോലുള്ള ഭാഗത്ത് ഞങ്ങൾ കുട്ടികളും അച്ഛനും അമ്മയും അച്ഛമ്മയും അപ്ഫനും എല്ലാവരും ഇരുന്നു. കാക്കിക്കുപ്പായം ധരിച്ച ഒരാൾ ഒരു നീണ്ട് അറ്റം കൂർത്ത കമ്പി ഉപയോഗിച്ചു കായലിൽ നിന്നും എന്തോ ഒരു ജീവിയെ കുത്തി എടുക്കുകയും എന്തൊക്കെയോ വിശദീകരിക്കുകയും മറ്റും ചെയ്യുന്നുണ്ടായിരുന്നു. ബോട്ടിലെ ബൾബ്ബിന്റെ അരണ്ട വെളിച്ചത്തിൽ ഇതൊക്കെ കണ്ടത് നന്നായി ഓർക്കുന്നു.

അന്നത്തെ ബാക്കി ഓർമ്മകൾ ആരംഭിക്കുന്നത് രാവിലെ ഒരു ഒൻപതുമണി നേരത്താണ്. ഒൻപതു മണി എന്നു പറഞ്ഞത് ഇപ്പോഴത്തെ ഒരറിവു വെച്ചാണ്. ഞാൻ എങ്ങിനെയോ കൂട്ടം തെറ്റിയിട്ടുണ്ടാകാം. ഉറക്കെ കരഞ്ഞുകൊണ്ട് എങ്ങോട്ടോ നടക്കുന്ന ഓർമ്മയാണ് ഉള്ളത്. ഇടവഴികളിൽ നിന്നൊക്കെ ധാരാളം സ്ത്രീകളും മറ്റും നടന്നു വരുന്നുണ്ടായിരുന്നു. ആരും എന്നെ ശ്രദ്ധിച്ചതേയില്ല. കരയുമ്പോഴും അവരുടെ ഇടയിൽ അമ്മയെയോ അച്ഛനെയോ കണ്ടുമുട്ടാൻ ഞാൻ തിരഞ്ഞുകൊണ്ടേയിരുന്നു. (വർഷങ്ങൾക്കുശേഷം 2008-ൽ കോട്ടയത്തു ജോലിക്കു ചെന്നതിനു ശേഷമാണു പിന്നീട് ഞാൻ കടപ്പാട്ടൂർ ക്ഷേത്രത്തിൽ പോകുന്നത്. അൻപതുകളുടെ ഉത്തരഭാഗത്തെന്നോ പുതുതായി രൂപം കൊണ്ട ഒരു ക്ഷേത്രമാണ് കടപ്പാട്ടൂർ. കൃഷിസ്ഥലത്തു നിന്നിരുന്ന ഒരാൽമരം ഒരു കർഷകൻ മുറിച്ചപ്പോൾ അതിനുള്ളിൽ സ്വയംഭൂ

വായ ശിവലിംഗം കണ്ടെത്തുകയും ഈ വിവരം കാട്ടുതീ പോലെ പടർന്നു പിടിക്കുകയും തീർത്ഥാടക സമുദ്രം തന്നെ ആയിത്തീരുകയും താമസിയാതെ ഒരു ശിവക്ഷേത്രം ഉയർന്നു വരികയും ചെയ്തുവത്രേ.) കരഞ്ഞുകൊണ്ട് ഏതൊക്കെ വഴികൾ താണ്ടിയെന്നോ എത്ര സമയം നടന്നുവെന്നോ അറിയില്ല. 'ഹരികൃഷ്ണാ' എന്നു വിളിച്ചുകൊണ്ട് അപ്ഫൻ പിറകിൽ നിന്നും എന്റെ കയ്യിൽ കയറി പിടിച്ചു. എന്നെ തിരിച്ചുകൊണ്ടു ചെല്ലുമ്പോൾ അമ്മയും മറ്റുള്ളവരും തൊഴുതുകൊണ്ട് നിൽക്കുകയായിരുന്നു. അവരൊക്കെ പരിഭ്രമിച്ചോ എന്നൊന്നും എനിക്ക് ഓർമ്മ വരുന്നില്ല. അന്നുച്ചക്ക് ആൾ താമസമില്ലാത്ത ഒരു പഴയ വീടിന്റെ ഇറയത്തിരുന്ന് അമ്പലത്തിൽ നിന്നും കിട്ടിയ ഉണക്കച്ചോറും പപ്പടവും മറ്റും തേക്കിന്റെയോ മറ്റോ ഇലയിൽ കഴിച്ചതും ഇപ്പോഴും ഒളിമങ്ങാതെ നിൽക്കുന്നു. അച്ഛന്റെ കാര്യസ്ഥൻ നാരായണൻ നായരും അദ്ദേഹത്തിന്റെ അമ്മയും ഞങ്ങളോടൊപ്പം അന്നുണ്ടായിരുന്നു. നാരായണൻനായരെ കുറിച്ച് വേറൊരു ലക്കത്തിൽ കഥിക്കാം.

മറ്റൊരു സംഭവകഥ കൂടിപ്പറഞ്ഞ് ഈ ലക്കം അവസാനിപ്പിക്കാം. പരമസാത്വികനായ ചെറുപ്പക്കാരനാണ് രാധാകൃഷ്ണച്ചേട്ടൻ. അദ്ദേഹത്തിന്റെ മച്ചൂനനും അനുയായിയുമാണ് ഗോപി. ഇവരുടെ അയൽവാസി 'ശക്തി' എന്നു വിളിക്കുന്ന ശങ്കരന്റെ മുഷ്ക്കും തെമ്മാടിത്തരവും ഒരു ദിവസം എന്നോടു വിവരിക്കുകയാണു ഗോപി. "ഒരു ദിവസം 'ശക്തി' കള്ളുകുടിച്ച് തരിമ്പും വെളിവില്ലാതെ രാധാകൃഷ്ണച്ചേട്ടന്റെ വീട്ടുമുറ്റത്തു വന്നുനിന്ന് അസഭ്യ

*തുടർച്ച പേജ് 29-ൽ*

ലഘുപാചകം

**ശാരദാവർമ്മ**



# സ്വീറ്റ് ബേബി ഇഡ്ഡലി

| | |
|---|---|
| 1. പച്ചരി | – 1 കപ്പ് |
| കരിക്ക് (കഷണങ്ങളാക്കിയത്) | – $^1/_2$ കപ്പ് |
| ജീരകം | – ഒരു നുള്ള് |
| 2. റവ (വേവിച്ചത്) | – 2 ടേബിൾ സ്പൂൺ |
| ഉപ്പ് | – ഒരു നുള്ള് |
| പഞ്ചസാര | – $^1/_2$ കപ്പ് |
| സോഡാപ്പൊടി | – $^1/_4$ ടീസ്പൂൺ |
| 3. വെണ്ണ | – 2 ടേബിൾസ്പൂൺ |
| 4. കിസ്മിസ് (നെയ്യിൽ മൂപ്പിച്ചത്) | – 2 ടേബിൾസ്പൂൺ |

*തയ്യാറാക്കുന്ന വിധം*

പച്ചരി കുതിർത്ത് കരിക്കും ജീരകവും ചേർത്തരക്കുക. ഇതിലേക്ക് രണ്ടാമത്തെ ചേരുവകൾ ചേർത്ത് പാകത്തിന് വെള്ളമൊഴിച്ച് കുറുകെ കലക്കി എട്ട് മണിക്കൂർ വയ്ക്കുക. ബേബി ഇഡ്ഡലിത്തട്ടിൽ വെണ്ണ പുരട്ടി ഓരോ സ്പൂൺ കോരി ഒഴിച്ച് ആവിയിൽ പുഴുങ്ങി എടുക്കുക.

## റവ മാധുരി

| | |
|---|---|
| റവ (വറുത്തത്) | – $^1/_2$ കപ്പ് |
| പഞ്ചസാര | – $^1/_3$ കപ്പ് |
| രസകദളിപ്പഴം | – 1 (വലുത്) |
| നെയ്യ് | – 1 ടേബിൾ സ്പൂൺ |
| അണ്ടിപ്പരിപ്പ് (പൊടിച്ചത്) | – 1 ടേബിൾ സ്പൂൺ |
| തേങ്ങാപ്പൊടി | – 1 ടേബിൾ സ്പൂൺ |
| ഏലക്കാപ്പൊടി | – സ്വാദിന് |
| ഡാൽഡാ | – വറുക്കാൻ വേണ്ടത് |
| മൈദ | – 2 ടേബിൾ സ്പൂൺ |

*തയ്യാറാക്കുന്നവിധം*

വറുത്ത റവ മിക്സിയിൽ പൊടിച്ചെടുക്കുക. പാനിൽ നെയ്യൊഴിച്ച് ചൂടാകുമ്പോൾ റവയും, രണ്ടു സ്പൂൺ പഞ്ചസാര പൊടിച്ചതും, അണ്ടിപ്പരിപ്പും ഏലക്കാപ്പൊടിയും ചേർത്തിളക്കി വാങ്ങുക. തേങ്ങാപ്പൊടിയും പഴവും ചേർത്ത് നന്നായി കുഴച്ച് ചെറിയ ഉരുളകളാക്കി ഒന്നു പ്രസ് ചെയ്ത് മൈദയിൽ മുക്കി ഡാൽഡയിൽ വറുത്തെടുക്കുക. പഞ്ചസാര പാനിയാക്കി ഒട്ടുന്ന പാകമാകുമ്പോൾ ഓരോന്നായി മുക്കി എടുക്കുക. ആറിയതിനുശേഷം ഉപയോഗിക്കുക.

# ചിരിയരങ്ങ്

സമ്പാ: വത്സലാരവിവർമ്മ

നാടകനടനായ വിദ്യാർത്ഥിയോട് അദ്ധ്യാപകൻ – "നീ എപ്പോഴെങ്കിലും അച്ഛനായി അഭിനയിച്ചിട്ടുണ്ടോ?"

വിദ്യാർത്ഥി– ''ഉവ്വ് സാർ പ്രോഗ്രസ് കാർഡ് കൈയ്യിൽ കിട്ടുമ്പോൾ"

❖ ❖ ❖

ഒരു ഭക്തൻ സന്യാസിയോട് –"ഭാര്യയിൽ നിന്ന് രക്ഷപ്പെടാൻ ഒരു മാർഗ്ഗം പറഞ്ഞു തരാമോ?"

സന്യാസി – " അത് അറിയാമായിരുന്നെങ്കിൽ ഞാൻ സന്യാസി ആകുമായിരുന്നില്ല ദാസാ".

❖ ❖ ❖

ഹിസ്റ്ററി ടീച്ചർ കുട്ടിയോട് – "യേശുവിന്റെ കാലത്തിനും മുമ്പ് ജീവിച്ചിരുന്നവരെക്കുറിച്ച് എന്ത് അറിയാം."

കുട്ടി – "അവർ ഇപ്പം ജീവിച്ചിരിപ്പില്ല എന്ന് അറിയാം."

❖ ❖ ❖

കെ.എസ്.ആർ.ടി.സി. ബസ്സിൽ സ്ത്രീകളുടെ ഇടയിൽ നിന്ന് തൊട്ടുരുമി യാത്ര ചെയ്യുന്ന മദ്ധ്യവയസ്കനോട് കണ്ടക്ടർ – "താങ്കൾ വേണമെങ്കിൽ എന്റെ സീറ്റിൽ ഇരുന്നോളൂ."

മദ്ധ്യവയസ്കൻ: " ആ വേല തന്റെ മനസ്സിലിരിക്കട്ടെ"

❖ ❖ ❖

സെക്കന്റ് ഹാൻഡ് കാർ വാങ്ങിയ ഒരുവൻ അടുത്തദിവസം അതു വിറ്റയാളോട് – "നിങ്ങളിതെന്തു ചതിയാ എന്നോടു കാണിച്ചത്? വണ്ടി വാങ്ങിച്ചതിന്റെ പിറ്റേ ദിവസം തന്നെ എനിക്ക് വർക്കു ഷോപ്പിൽ കേറ്റേണ്ടി വന്നു."

വിറ്റയാൾ– ''പത്രത്തിലെ പരസ്യം കണ്ടു തന്നെയല്ലേ നിങ്ങൾ വാങ്ങിച്ചത്? കാർ അധികം ഓടാത്തത് എന്ന്."

❖ ❖ ❖

ചിത്രശാലയിൽ കയറി ചിത്രകാരൻ– "എന്റെ ചിത്രങ്ങൾ മാത്രം പ്രദർശിപ്പിക്കുന്നത് ശരിയല്ല. മറ്റു പുതിയ പല കലാകാരന്മാരുടെയും കൂടി പ്രദർശനത്തിനു വയ്ക്കണം..."

സംഘാടകൻ–''പ്രദർശനത്തിനു വച്ചിരുന്നു സാർ. പക്ഷെ അവയെല്ലാം നേരത്തേ വിറ്റുപോയി."

❖ ❖ ❖

അടുത്തിടെ കല്യാണം കഴിച്ച യുവാവ് ഭാര്യയെ ചൂണ്ടിക്കാട്ടി സുഹൃത്തിനോട്–''എങ്ങനെയുണ്ടെടാ എന്റെ സെലക്ഷൻ?"

സുഹൃത്ത് – "നിന്റെ സെലക്ഷൻ അത്യുഗ്രൻ. പക്ഷേ നിന്റെ ഭാര്യയുടെ സെലക്ഷനേന്തേ ഇത്ര മോശമായിപ്പോയി."

❖ ❖ ❖

പ്രതിപക്ഷനേതാക്കളുടെ പൊതുയോഗത്തിനിടയിൽ ഒരു ഘടകകക്ഷി നേതാവിനോട് പ്രതിപക്ഷനേതാവ്: "താനെന്തു പണിയാണെടോ ചെയ്തത്... സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ചു മാത്രം അനുകൂലമായി പ്രസംഗിച്ചതെന്താണ്?"

ഘടകകക്ഷിനേതാവ്: "പണ്ടത്തെപ്പോലെ ഓർമ്മ കിട്ടുന്നില്ലെടോ...ഏതു മുന്നണിയിലാണു നില്ക്കുന്നതെന്ന്...!"

❖ ❖ ❖

കുട്ടി മുത്തശ്ശിയോട് – ''കാവ്യയും ഭാവനയുമൊക്കെ സിനിമയിൽ വരുന്നതിനുമുമ്പ് സീരിയലിൽ അഭിനയിച്ചിരുന്നോ അമ്മൂമ്മേ?"

അമ്മൂമ്മ – "ഇല്ലെന്നാ തോന്നുന്നത്. എന്താ നീ ഇങ്ങനെ ചോദിക്കാൻ കാരണം?"

പേരക്കുട്ടി – "അമ്മൂമ്മ റേഡിയോയിലെ പാട്ട് ശ്രദ്ധിച്ചില്ലെ."

''കണ്ണുനീർ തുള്ളിയെ സ്ത്രീയോടുമിച്ച കാവ്യഭാവന..." എന്ന്.

❖ ❖ ❖

ഇറക്കം കുറഞ്ഞ പാവാടയുമുടുത്ത് ക്ലാസ്സിൽ വന്ന പ്രീതയോട് കൂട്ടികാരി പൂജ – "നീയെന്തിനാടീ ഇത്രയും ചെറിയ പാവാടയുമുടുത്ത് ക്ലാസ്സിൽ വന്നത്...?"

പ്രീത – "ഇന്ന് ശനിയാഴ്ചയായതുകൊണ്ട് ഹാഫ്ഡേയല്ലേ ക്ലാസ്സുള്ളു."

പൂജ: ''നാളെ ഞായറാഴ്ചയല്ലോടി. ക്ലാസില്ലല്ലോ. നീയെന്തു ചെയ്യും? "

❖ ❖ ❖

കടൽത്തീരത്ത് കാറ്റുകൊണ്ടിരിക്കുന്ന ഒരാളോട് പ്രകാശ് – "നിങ്ങളുടെ അപ്പുറത്തിരിക്കുന്നത് ഭാര്യയായിരിക്കും."

അപരൻ– "അതെങ്ങനെ മനസ്സിലായി?"

പ്രകാശ് – "ഏതാണ്ട് ഒരു മണിക്കൂറായി താൻ വടക്കോട്ടും ആ സ്ത്രീ തെക്കോട്ടും നോക്കിയിരിക്കുന്നു."

❖ ❖ ❖

സിറ്റിംഗ് എം.എൽ.എയും പുതിയ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിയുമായ നേതാവ് ഭാര്യയോട് – "നമ്മുടെ ആ പഴയ ഡ്രൈവറെ ജോലിയിൽ പിരിച്ചുവിട്ടത് മണ്ടത്തരമായിപ്പോയി.

ഭാര്യ – "അതെന്താ?"

നേതാവ് – "എന്റെ സ്വന്തം മണ്ഡലത്തിലേക്കുള്ള വഴി അയാൾക്ക് നന്നായിട്ടറിയാമായിരുന്നു.

❖ ❖ ❖

# എം.സി. കേരളവർമ്മരാജ ജന്മശതാബ്ദി
# 2010സെപ്റ്റംബർ 11,18,19

## സംഭാവന നൽകിയവരുടെ പേരുവിവരങ്ങൾ

1. എം.സി. കേരളവർമ്മയുടെ മക്കൾ, ചെറുമക്കൾ 41,000/-
2. എം.സി. യുടെ അനന്തിരവർ, കൊച്ചനന്തിരവർ 15,000/-
3. ഡോ. ആർ. ഗിരീഷ്കുമാർ, സാമ്പ്രിക്കൽ, പന്തളം 10,000-
4. പി.കെ. ജയകുമാർവർമ്മ & ഗണേശ് വർമ്മ, ശ്രീകണ്ഠേശ്വരം, തിരുവനന്തപുരം 5,500/-
5. ജി. കുമാരവർമ്മയും (തൃശൂർ) സഹോദരങ്ങളും (തൃപ്പൂണിത്തുറ) 5,000/-
6. ആർ. ബാലചന്ദ്രൻ & സബിതാ ബാലചന്ദ്രൻ, പാം ഗ്രീൻ ഗാർഡൻസ്, എറണാകുളം 5,000/-
7. കെ. വേണുഗോപാൽ രാജ, ശ്രീവിഹാർ, തൃപ്പൂണിത്തുറ 5,000/-
8. എം.ആർ. സുരേഷ് വർമ്മ & ജയചന്ദ്രവർമ്മ, എസ്. ആർ. പ്രോപ്പർട്ടീസ്, തൃപ്പൂണിത്തുറ 5,000/-
9. രാജ്കുമാർവർമ്മ, കോവിലകം വഴുതക്കാട്, തിരുവനന്തപുരം 5,000/-
10. ആർ. രാമവർമ്മയും കുടുംബാംഗങ്ങളും, പാപ്പനംകോട്, തിരുവനന്തപുരം 5,000/-
11. ക്ഷത്രിയക്ഷേമസഭ, ഇടപ്പള്ളി 4,000/-
12. ഡോ. ആർ.പി.രാജ, സൗഭാഗ്യ, തിരുവനന്തപുരം 3,000/-
13. ആർ.കെ. മോഹനവർമ്മ, ശ്രീ പാഞ്ചജന്യം, ഇടപ്പള്ളി 2,500/-
14. എ.സി. ഗോദവർമ്മ & സുമാവർമ്മ എണ്ണയ്ക്കാട്ടുകൊട്ടാരം, 2,000/-
15. ആർ. രവിവർമ്മ, നന്തൻകോട്, തിരുവനന്തപുരം 2,000/-
16. സി.കെ. കൃഷ്ണദാസൻ, തൈക്കാട്, തിരുവനന്തപുരം 2,000/-
17. എ. ആർ. രാഘവവർമ്മ, ദീപ്തി, തൃപ്പൂണിത്തുറ 1500/-
18. കെ.സി. രാമവർമ്മരാജ & അമർനാഥ് രാജ, തിരുവനന്തപുരം 1500/-
19. സി.ആർ. ത്യാഗരാജവർമ്മ, ന്യൂഡൽഹി 1001/-
20. എം. രഘുറാം, പത്മ, പാലക്കാട് 1001/-
21. പ്രൊഫ. പി. ആർ. കുമാരകേരളവർമ്മ, കാച്ചാണി, തിരുവനന്തപുരം 1001/-
22. കെ.പി. കേരളവർമ്മ, ബാനസവാഡി, ബാംഗ്ലൂർ 1001/-
23. രാജേശ്വരിവർമ്മ, ബസന്ത്നഗർ, ചെന്നൈ 1000/
24. ഡോ. എം.എസ്. വല്യത്താൻ, മണിപ്പാൽ യൂണിവേഴ്സിറ്റി 1001/-
25. എ. രവിവർമ്മ, ഒല്ലൂർ, തൃശൂർ 1001/-
26. ഡോ. രവിവർമ്മ, 'പ്രണവം', ഇടപ്പള്ളി 1001/-
27. കൗസല്യാവർമ്മ, ശ്രീപാഞ്ചജന്യം, ഇടപ്പള്ളി 1000/-
28. ഡോ. ബി. ആർ.ആർ. വർമ്മ, പനമ്പിള്ളി നഗർ, കൊച്ചി 1000/-
29. ആർ. രാജരാജവർമ്മ, 'ശ്രീരാഗം', എറണാകുളം 1000/-
30. രവിവർമ്മ, ഫോർട്ട് റസിഡൻസി, തൃപ്പൂണിത്തുറ 1000/-
31. ജയചന്ദ്രവർമ്മ, സ്കൈലയിൻ അപ്പാർട്ട്മെന്റ്, ,, 1000/-
32. കെ.കെ.ആർ. തമ്പുരാൻ, ചെങ്ങളം സൗത്ത്, കോട്ടയം 1000/-
33. പ്രൊഫ. രഘുനാഥവർമ്മ & ശാലിനിവർമ്മ, മാവേലിക്കര 1000/-
34. കെ. രാമവർമ്മരാജ, രശ്മിഭവൻ, പന്തളം 1000/-
35. പ്രേംരാജ് വർമ്മ, 'പ്രതീക്ഷ' കുളനട, പന്തളം 1000/-
36. ആർ. കിഷോർകുമാർ വർമ്മ, ശ്രീകാര്യം, തിരുവനന്തപുരം 1000/-
37. ഡോ. ആർ. അജയകുമാർ വർമ്മ, കൗസ്തുഭം ശ്രീകാര്യം, തിരുവനന്തപുരം 1000/-
38. വർമ്മ കെ. രഘു, ഉജ്ജയിനി, ഉള്ളൂർ, തിരുവനന്തപുരം 1000/-
39. പി.ആർ. നന്ദകുമാർവർമ്മ, രവീണ, പോങ്ങുംമൂട്, " 1000/-
40. ടി.എൻ. ആദിത്യവർമ്മ, വൃന്ദാവൻ, പോങ്ങുംമൂട്, " 1000/-
41. പി. സുബാഷ്കുമാർ വർമ്മ, ഭാനുപ്രഭ, കണ്ണമ്മൂല, ' 1000/-
42. മാലിനി രവിവർമ്മ & പ്രിയാവർമ്മ, പെരുന്താന്നി, " 1000/-
43. ലഫ്. കേണൽ വി.എസ്. ചന്ദ്രശേഖരൻ, മാധവം പാപ്പനംകോട്, തിരുവനന്തപുരം 1000/-
44. പ്രൊഫ. ലീലാനാരായണൻ, ശാർക്കര കോവിലകം പാപ്പനംകോട്, തിരുവനന്തപുരം 1000/-
45. പി. രവിവർമ്മ, 'നീരാഴി, പൂജപ്പുര, ' 1000/-
46. ആർ. രാജരാജവർമ്മ, 'മുദ്ര', പൂജപ്പുര, ' 1000/-
47. ഡോ. ആർ.വി.ജി. മേനോൻ, 'ഹരിത', പൂജപ്പുര, ' 1000/-
48. ആർ. മനോജ് വർമ്മ, സ്കൈലയിൻ, വഴുതക്കാട്, " 1000/-
49. ശ്രീദേവിരാജാ & ഡോ. എ. സുരേന്ദ്രൻ, ഗാന്ധിനഗർ, വഴുതക്കാട്, " 1000/-
50. പി.എ. ഗോദവർമ്മരാജ, സാകേതം, ജവഹർനഗർ, ' 1000/-
51. അനിൽകുമാർ പണ്ടാല, ശബരിറാം, കവടിയാർ, ' 1000/-
52. പി.കെ. രഘുവർമ്മ, ബെൽഹെവൻ, കവടിയാർ, ' 1000/-
53. റ്റി. ആർ. വർമ്മ, പെന്റഗൺ കോളനി, കവടിയാർ, ' 750/-
54. എൻ. ജയകുമാർ പണ്ടാല, V/1892, അമ്പലമുക്ക്, ' 750/-
55. ദിവാകരവർമ്മ, കിളിയാർ ഗാർഡൻസ്, ശാസ്തമംഗലം, " 750/-

56. പി.ജി. ശശികുമാർ വർമ്മ, വഴയില, തിരുവനന്തപുരം ' 750/-
57. ശശിവർമ്മ, ശബരിഗിരി, തമലം, ' 750/-
58. കെ.എൻ. രാമവർമ്മ, ഗോകുലം, വട്ടിയൂർക്കാവ്, „ 750/-

**അഞ്ഞൂറ് രൂപ സംഭാവന നൽകിയവർ**

1 കെ. കുഞ്ഞുണ്ണിരാജ, അനന്തപുരം കൊട്ടാരം, ഹരിപ്പാട്
2 എം. ഹരിസേന വർമ്മ, ജഗതി, തിരുവനന്തപുരം
3 ജി. രാമവർമ്മ, ലക്ഷ്മി, കണ്ണമ്മൂല, തിരുവനന്തപുരം '
4 കെ. സുരേഷ് വർമ്മ, ഹീരകീനാര, കേശവദാസപുരം, "
5 പ്രൊഫ. എൻ. എസ്. നാരായണൻ, പ്രതിഭ, കേശവദാസപുരം, '
6 ടി.എൻ. ഭാസ്കരവർമ്മ തമ്പാൻ, ജ്യോതിനഗർ, പട്ടം, '
7 എൽ. രാധാവർമ്മ, മണ്ണൂർ മഠം, മാവേലിക്കര,
8 എം.സി. നന്ദകുമാരൻ തമ്പുരാൻ, കുന്നുകുഴി, തിരുവനന്തപുരം
9 ദിനേശ്വർമ്മ, ചെമ്പ്രോൽ, പട്ടം, "
10 കെ.കെ. വേണുഗോപാൽവർമ്മ, നികുഞ്ജം, പള്ളിമുക്ക്, '
11 ഡോ. എഴുമറ്റൂർ രാജരാജവർമ്മ, കോവിലകം, വഴുതക്കാട്, തിരുവനന്തപുരം
12 അഡ്വ.രാധാകൃഷ്ണവർമ്മ, അകത്തേപ്പുര, മാവേലിക്കര
13 കെ.രവിവർമ്മ, തെക്കേകൊട്ടാരം, മാവേലിക്കര
14 കെ.എൽ. ശ്രീകൃഷ്ണദാസ്, ശ്രീലകം, ഗൗരീശപട്ടം, '
15 ജീവൻലത, RPF ക്വാർട്ടേഴ്സ്, പട്ടം, '
16 ടി.എൻ. രാജരാജവർമ്മ, തിലകം, പട്ടം, '
17 ആർ. രാജരാജവർമ്മ, ശ്രീരാജ്, കണ്ണമ്മൂല, '
18 കെ.ജെ. ശിവദാസ് വർമ്മ (ദാസപ്പൻ), ശ്രീരാജ്, കണ്ണമ്മൂല
19 എ. ആർ. രാജരാജവർമ്മ (ശരത്ച്ചന്ദ്രൻ)ഹരിപ്പാട്
20 ഡോ.ആർ. ആർ. വർമ്മ, ശ്രേയസ്സ്, കോട്ടയ്ക്കകം, തിരുവനന്തപുരം
21 Brig (Retd) നന്ദകുമാർ വർമ്മ, ശ്രേയസ്സ്, കോട്ടയ്ക്കകം, "
22 കൊച്ചുണ്ണിയപ്പൻ തമ്പുരാൻ, പുന്നയ്ക്കൽ ലയിൻ, '
23 കെ.ആർ. വിജയൻ, കൃഷ്ണപ്രിയ, കോട്ടയ്ക്കകം '
24 ടി.എം. ദേവിവർമ്മ, ശ്രീജയ, പെരുന്താന്നി, '
25 എം.സി. രാജരാജവർമ്മ, രാജശ്രീ, പെരുന്താന്നി, "
26 എസ്. അജയകുമാർ വർമ്മ, ശ്രീകോവിലകം, ശ്രീവരാഹം, "
27 എ. ഇന്ദിരാകുമാരി, കൃഷ്ണവിഹാർ, കോട്ടയ്ക്കകം, '
28 കെ. രാഘവവർമ്മ, നാഗർകോവിൽഅമ്മവീട്, പെരുന്താന്നി, "
29 ടി.ആർ. രാമവർമ്മ രാജ, (റിട്ട. എക്സൈസ് കമ്മീഷണർ) '
30 അജിത് കുമാർ വർമ്മ, എൻ.സി.സി. ഗാർഡൻ, പേരൂർക്കട, '
31 ആർ. എസ്. ദേവദാസ്, മൈത്രി നഗർ, വഴയില, '
32 എം.കെ. പ്രഭാകരൻ, മംഗല്യ, കുറവൻകോണം, കവടിയാർ, "
33 കെ. രവിവർമ്മ തിരുമുൽപ്പാട്, ഇന്ദിരാനഗർ, പേരൂർക്കട, '
34 അനിൽ, മുത്തൂറ്റ് ഗാർഡൻസ്, പേരൂർക്കട, '
35 രാംപ്രസാദ്, 44 സിന്നമൺ ഗാർഡൻസ്, വഴയില, '
36 പി.കെ. ജയചന്ദ്രവർമ്മ, ഗോകുൽനഗർ, അമ്പലംമുക്ക്, തിരുവനന്തപുരം
37 ഇ. മുരളീധര രാജ, സൂര്യ-36, മണ്ണാംമൂല, പേരൂർക്കട, '
38 പി. ആർ. കേരളവർമ്മരാജ, മോഹനം, കരുമം, '
39 പി.കെ. ഗിരിവർമ്മ, ശാന്തിഭവൻ, നന്തൻകോട്, "
40 ജയകുമാർ രാജ, ഗോപി സ്മൃതി, ശാസ്തമംഗലം, '
41 പി. രാഘവവർമ്മ, മുണ്ടയ്ക്കൽ പാലസ്, പന്തളം
42 ആർ.കെ. ജയകുമാർവർമ്മ, പുത്തൻ പൂമുഖം, പന്തളം
43 എൻ.ആർ. കേരളവർമ്മ, തൂവേലിൽ ഹൗസ്, മങ്ങാനം, പന്തളം
44 ദീപാവർമ്മ, പുത്തൻ കോയിക്കൽ (വടക്കേമുറി) '
45 സി.കെ. ഗോദവർമ്മ, തെക്കേപൊന്മേലിൽ, '
46 സുമതിതമ്പുരാട്ടി, ശ്രീനിലയം , പാലസ് '
47 മംഗല തമ്പുരാട്ടി, നാലുകെട്ട് കൊട്ടാരം, '
48 ടി. സുകുമാരവർമ്മ, മംഗള വിലാസം പാലസ്, "
49 ആശാവർമ്മ, പുത്തൻ കോയിക്കൽ കൊട്ടാരം, '
50 പി. രാജരാജവർമ്മ, വൃന്ദാവനം, കുളനട, '
51 പി.കെ. രവിവർമ്മരാജ, ജയവിഹാർ, കുളനട, '
52 പി.ആർ. രാഘവവർമ്മരാജ, തെക്കേടത്തുകൊട്ടാരം, '
53 ചന്ദ്രികതമ്പുരാട്ടി, 'ചിന്മയ', കുളനട "
54 മുരളീധരവർമ്മ, പുത്തൻകോയിക്കൽ, '
55 സുരേന്ദ്രവർമ്മ, ദേവീകൃപ, പന്തളം
56 രാജരാജവർമ്മ, നീരാഴിക്കെട്ട്, '
57 ഭാനുമതിതമ്പുരാട്ടി, തെക്കേകെട്ട്, '
58 രാജലക്ഷ്മി തമ്പുരാട്ടി, പ്രതീക്ഷ, '
59 ശാന്താവർമ്മ, 'വിജയ്", ഇടപ്പള്ളി
60 കൃഷ്ണകുമാർ, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ
61 ലക്ഷ്മിവർമ്മ, പ്രഭാരാമം, തൃപ്പൂണിത്തുറ
62 സി.ആർ. നാരായണൻ പണ്ടാല, പേരൂർക്കട, തിരുവനന്തപുരം
63 എ.കെ. സുധാകരവർമ്മ, സുനിത, ഈഞ്ചക്കൽ, '
64 സി.എസ്.വി. രാജ, ചെങ്കള്ളൂർ, പൂജപ്പുര, "
65 സി.കെ. കേരളവർമ്മ വലിയരാജ, ചിറയ്ക്കൽ കോവിലകം, ചിറയ്ക്കൽ
66 യു.എം. മോഹനവർമ്മ, മണികണ്ഠേശ്വരം, തിരുവനന്തപുരം
67 ബാലചന്ദ്രൻതമ്പുരാൻ, പൂർണ്ണശ്രീ, മണക്കാട്, '
68 ഡോ. ഹരികൃഷ്ണവർമ്മ, പുന്നയ്ക്കാമുഗൾ, '
69 പി. അജയ് വർമ്മ, 'വിഷ്ണുപ്രിയ, കരുമം, '
70 സത്യജിത്ത്, വൈഷ്ണവം, പാപ്പനംകോട്, '
71 പി.ആർ. രാജരാജവർമ്മ, (പന്തളം), G-8 ഹോംസ്, തൈക്കാട് "
72 ആർ. അനിൽകുമാർവർമ്മ, വിഷ്ണുകൃപ, പുന്നയ്ക്കാമുകൾ, "
73 കെ.സി. കൃഷ്ണവർമ്മരാജ, പൂങ്കുന്നം, തൃശൂർ
74 രാജാരവിവർമ്മ, കരിയർ സ്റ്റേഷൻ റോഡ്, എറണാകുളം

75 ഡോ. നരേന്ദ്രവർമ്മ, സുദർശനം, പേട്ട, തൃപ്പൂണിത്തുറ
76 ഡോ.സി.എ. രാജഗോപാൽരാജ, സോപാനം, മണ്ണൂത്തി, തൃശൂർ
77 ഡോ.കെ. എസ്. വർമ്മ, ഹരിപാദം, ചെമ്പുക്കാവ്, തൃശൂർ
78 മോഹൻവർമ്മ, ചിറയ്ക്കൽ ഹൗസ്, പള്ളം, കോട്ടയം
79 പി.കെ.എം.രാജ , മേനാച്ചേരി ഗാർഡൻ, മണ്ണുത്തി, തൃശൂർ
80 രാജേഷ് ജെ. വർമ്മ, രാജലേഖ, തൃപ്പൂണിത്തുറ
81 ആർ. ജയരാജ് വർമ്മ, രാജലേഖ, തൃപ്പൂണിത്തുറ
82 വി. രാജശ്രീ, ശ്രീവിഹാർ, തൃപ്പൂണിത്തുറ
83 എ.കെ. രാമവർമ്മ, ഭദ്രാലയം പാലസ്, തൃപ്പൂണിത്തുറ
84 മീരാവർമ്മ (പന്തളം), ഫോർട്ട് റസിഡൻസി, തൃപ്പൂണിത്തുറ
85 സുലോചന, സുനന്ദ, ഫോർട്ട് റസിഡൻസി, തൃപ്പൂണിത്തുറ
86 ആർ. കേരളവർമ്മ, (പന്തളം), പാലസ് നമ്പർ 46, തൃപ്പൂണിത്തുറ
87 വി.ആർ. വർമ്മ, പ്രശാന്തി, മണ്ണൂത്തി, തൃശൂർ
88 മുകുന്ദൻരാജ, ചിത്രാ, നെട്ടിശ്ശേരി പി.ഒ, തൃശൂർ
89 എൻ. ശങ്കർവർമ്മ, ശ്യാമളവിലാസ്, അഞ്ചേരി, തൃശൂർ
90 ആർ. ശ്രീലത തമ്പുരാട്ടി, സ്രാമ്പിക്കൽ, പന്തളം
91 പി.കെ. രവീന്ദ്രവർമ്മ, കൊച്ചുമഠം, വാരനാട്, ചേർത്തല
92 കെ. ഹരികൃഷ്ണവർമ്മ, കാട്ടിൽകോവിലകം, തിരുവിഴ "
93 ആർ.എം. സുധീരവർമ്മരാജ, ശ്രീരാഗം, കളമശ്ശേരി, എറണാകുളം
94 എം. അരവിന്ദവർമ്മ, കാച്ചാണി, തിരുവനന്തപുരം
95 അജയവർമ്മരാജ, മണികണ്ഠേശ്വരം, തിരുവനന്തപുരം
96 കെ.ആർ. അപ്പുക്കുട്ടൻ തമ്പാൻ, കുലശേഖരം, '
97 കെ.ആർ. പണ്ഡാല, തിരുമല, തിരുവനന്തപുരം
98 കെ. പ്രകാശ് വർമ്മ, കേശവദേവ് റോഡ്, പൂജപ്പുര, '
99 വിനയവർമ്മരാജ, തോപ്പുമുക്ക്, വട്ടിയൂർക്കാവ്, '
100 ജി.കെ. വേണുഗോപാൽവർമ്മ, കൗസ്തുഭം, അറപ്പുര ജംഗ്ഷൻ, "
101 ഡോ. സുശീലാവർമ്മ, രവീണ, പോങ്ങുംമൂട്, തിരുവനന്തപുരം
102 കെ.സി. രവിവർമ്മരാജ, കിണാവൂർ കോവിലകം, നീലേശ്വരം
103 കെ.സി. മാനവർമ്മരാജ, രാജമന്ദിരം, '
104 ടി.സി. വിജയകൃഷ്ണൻ, കൃഷ്ണമന്ദിരം, '
105 ഡോ.കെ.സി. കെ. രാജാ, രാജാസ് ക്ലിനിക്, '
106 ടി.സി. കൃഷ്ണവർമ്മരാജ, തെക്കേകോവിലകം, '
107 കെ.സി. ദാമോദരൻ, (കടന്നമണ്ണകോവിലകം) '
108 വി.സി. കൃഷ്ണവർമ്മരാജ, വടക്കേ കോവിലകം, "
109 പി.എം. സുബ്രഹ്മണ്യൻ, ശ്രേയസ്, കരിവെള്ളൂർ
110 വി.എം. കൃഷ്ണകുമാർ, ലക്ഷ്മീധാമം, കരിവെള്ളൂർ
111 ടി.എം. ശ്രീകുമാർ, ശ്രീനിധി, കരിവെള്ളൂർ
112 അഡ്വ. ജയവർമ്മ, വരിപ്പൻകോട്ടു കോയിക്കൽ, എഴുമറ്റൂർ
113 കെ. വിജിത്വർമ്മ, ശ്രീവർദ്ധിനി, കോട്ടയ്ക്കകം, തിരുവനന്തപുരം
114 പ്രൊഫ. എസ്. ഈശ്വരവർമ്മ, ശ്രീമന്ദിരം, ശ്രീകണ്ഠേശ്വരം, "
115 പി. കേരളവർമ്മരാജ, സൗപർണ്ണിക, ശീവേലിനഗർ, "
116 കേരളവർമ്മ രാജ പി, ശീവേലിനഗർ, "
117 കേശവൻ നമ്പൂതിരി, അയനിക്കാട്, പേട്ട, '
118 ഡോ. ശരത് ചന്ദ്രൻ, സംഗീത് നഗർ, തൈക്കാട്, '
119 പ്രൊഫ. വി.കെ. കേരളവർമ്മ, 'ഗംഗ', കൈതവന, ആലപ്പുഴ
120 വി.കെ. സന്തോഷ്കുമാർ വർമ്മ, സഞ്ജീവനം, കൈതവന, "
121 സി.കെ. കേരള വർമ്മ, ഗോകുലം, കൈതവന, '
122 പ്രകാശ് വർമ്മ, 'പ്രയാഗ്', തിരുവമ്പാടി, "
123 മധുകുമാർ വർമ്മ, ഹർഷദം, കൈതവന, '
124 ശ്രീജാരമേഷ്, കോട്ടയം
125 കെ. രാജരാജ വർമ്മ, ശ്രേയസ്സ്, മറിയപ്പള്ളി, കോട്ടയം
126 ആർ. നരേന്ദ്രവർമ്മ, കോട്ടയ്ക്കകം, തിരുവനന്തപുരം
127 ജി. മുരളീധരൻ, സാനഡു, ദീപ്തി ശ്രീനഗർ, ഹൈദരാബാദ്
128 ഡോ. കെ.സി.എം.രാജ, ലക്കിടി, ഒറ്റപ്പാലം
129 കെ.ആർ.വി. തമ്പുരാൻ, ബസന്ത് നഗർ, ചെന്നൈ
130 രാജീവ് വർമ്മ, നവമി, പന്തളം
131 ശക്തികുമാർ വർമ്മ, ലക്ഷ്മീമന്ദിരം, പന്തളം
132 എ.എൻ. സുധീർ, അണ്ണാനഗർ, ചെന്നൈ
133 ശാരദാബായി, ശ്രേയസ്സ്, കരുനാഗപ്പള്ളി

**അഞ്ഞൂറ് രൂപയിൽ താഴെ സംഭാവന നൽകിയവർ**

1 പി. കേരളവർമ്മ തിരുമുൽപ്പാട്, പോളച്ചിറ മഠം, തൃക്കാരിയൂർ 300/-
2. കെ. ആർ. ഭരതവർമ്മ, ആശാഭവൻ, കരമന, തിരുവനന്തപുരം 200/-
3 ടി.കേരളവർമ്മ, റിട്ട. ഡി.എസ്.പി. തൃപ്പൂണിത്തുറ 200/-
4 രവിവർമ്മ തമ്പാൻ, പടിഞ്ഞാറെ കോവിലകം, വൈക്കം 200/-
5 എം. ആർ. ജയരാജ്, വൈഷ്ണവം, മാവേലിക്കര 200/-

**ഇരുന്നൂറ്റമ്പത് രൂപ സംഭാവന നൽകിയവർ**

1 സുകുമാരി രാമവർമ്മ. ഓമല്ലൂർ
2 എം.കെ. ജയകുമാർ ടി.ആർ.എ 66, പട്ടം, തിരുവനന്തപുരം
3 ചെന്നിത്തല രാജരാജവർമ്മ, ചെന്നിത്തല
4 എ. ആർ. രാമവർമ്മ, ശാരദാമന്ദിരം, മാവേലിക്കര
5 സരസ്വതീ ഭായി, ഉത്സവമഠം, മാവേലിക്കര
6 അജിത് വർമ്മ, ഉത്സവമഠം, മാവേലിക്കര
7 ബാബുവർമ്മ തമ്പാൻ, ഐശ്വര്യ, ചെന്നിത്തല
8 കമലാഭായി, കമലാഭവൻ, ചെന്നിത്തല
9 സൂരജ് വർമ്മ, ശ്രീലകം, ചെന്നിത്തല
10 സജിത് വർമ്മ, സജിത് ഭവൻ, പനമറ്റം
11 ആർ. കൃഷ്ണകുമാർ ബി 2, പട്ടം, തിരുവനന്തപുരം
12 ആർ സഞ്ജീവ്, ത്രിശാല, കൈമനം, തിരുവനന്തപുരം

(ശേഷം പേജ് 30-ൽ)



# ആത്മാവിന്റെ വിലാപം

**കെ.സി. ചെറിയനുജത്തി തമ്പുരാട്ടി**
ഗോകുലം, തിരുവെങ്കിടം, ഗുരുവായൂർ

വർഷങ്ങളേറെ കഴിഞ്ഞു മകളേ ! നിന്നെ
തനിച്ചാക്കി, ഏകാന്തമീ
ശ്മശാന ഭൂവിലലയുന്നു
ഞാനേകയായ്.

എന്നിൽ തുടിയ്ക്കുമീ ശ്വാസതാളങ്ങൾ
എന്നെ വേർപെട്ടു പോ-
യെങ്കിലുമെന്നാത്മാവു തേടിയെത്തുന്നതോ
നിന്നെ മാത്രം.
നിന്നെ മതിവരെയൊന്നു
കാണുവാൻ മാത്രം.

അമ്മിഞ്ഞപ്പാലിൻ മധുരിമ നുണഞ്ഞു
നീയെൻ മാറോടു ചേർന്നു കിടക്കുമ്പോൾ
എൻ ശ്വാസസ്പന്ദനങ്ങളിൽ കേൾക്കുന്നു.
ഞാൻ നിൻ ഹൃദയത്തുടിപ്പുകൾ

കൊതി തീരുംവരെ നിന്നെ കാണുവാൻ
നിന്നെ ലാളിയ്ക്കുവാൻ
നിൻ കിളിക്കൊഞ്ചലൊന്നു കേൾക്കുവാൻ,
പിച്ചവെച്ചു നടക്കുന്നതു കാണാൻ,
നിന്നോടൊത്തു ജീവിയ്ക്കുവാൻ
ഏറെ മോഹിച്ചുവെങ്കിലും
എല്ലാമെല്ലാം വെറും വ്യാമോഹമായ്
വിധിതൻ ക്രൂരവിനോദം!

നിനക്കായോർമ്മിക്കുവാൻ ഞാനെൻ
പ്രതിരൂപം പോലും
നല്കിയില്ലെന്നോർത്തെന്നാത്മാവു
പിടയുമ്പോൾ
കേട്ടറിവിൽ, സങ്കല്പത്തിൽ
പ്രതിഷ്ഠിച്ചു മനസ്സിൽ നീയീയമ്മതൻ
അവ്യക്തമാം രൂപം നിഴലുപോലെ

എന്നാലും നിന്നെ ഞാൻ വിട്ടുപിരിഞ്ഞോരാ
ദിനമോർമ്മിച്ചു നീ മുടങ്ങാതെ
ഈ അമ്മയ്ക്കായർപ്പിക്കുന്നൊരീ
ബലിച്ചോറ്
അമൃതു പോൽ ഞാൻ ഭുജിയ്ക്കുമ്പോൾ
എൻ കൈകകൾ വിറയ്ക്കുന്നു,
എൻ കണ്ണുകളീറനണിയുന്നു.
ഒരു തുള്ളിക്കണ്ണുനീരാ ബലിച്ചോറി-
ലിറ്റു വീണുടയുന്നു.

●

# മരണം

**ഗോകുൽ. കെ.എൻ.**

നീലവനച്ചോലയിൽ ഉണ്ടവൻ
നാൽപ്പമാരത്തിൻ ചോട്ടിലുണ്ടവൻ
നാലുകെട്ടിന്നകത്തളങ്ങളിലുണ്ടവൻ
തെക്കേ പറമ്പിലുമുണ്ടവൻ
തൂണിലും തുരുമ്പിലുമുണ്ടവൻ.

രാവില്ലാതെ പകലില്ലാതെ
ഭംഗബോധമേതുമില്ലാതെ
വിളിക്കപ്പെടാതെ വരുമവൻ
വിധിയുടെ ഗദയുണ്ടവന്റെ കയ്യിൽ
മോഹഭംഗത്തിൻ പാർശ്വമേന്തി
പോത്തിൻ പുറത്തെത്തുമവനെ
മരണമെന്നു വിളിപ്പൂ നമ്മൾ.

# നിദ്രയും സ്വപ്നവും

നിദ്രയും സ്വപ്നവും
നിദ്രയെന്നെ തഴുകുവാനായി
നിശയിൽ നിശബ്ദ വേദനയുമായി
കിടന്നനേരം
നിദ്രയെന്നെ തഴുകിയപ്പോഴെൻ
ഉപബോധ മനസ്സിലുദയം ചെയ്തു
സ്വപ്നങ്ങൾ
സ്വപ്നങ്ങൾ ചിന്തകളായെങ്കിൽ
ചിന്തകൾ പ്രവർത്തികളായെങ്കിൽ
പ്രവർത്തികൾ വിജയമായെങ്കിൽ
വിജയം വന്നെന്നെ തഴുകിയെങ്കിൽ.



# പുസ്തകജാലകം

**മനോജ് വർമ്മ**

## രാജവംശം
## തൃപ്പൂണിത്തുറ സ്മരണകൾ




**ആർ.ടി. രവിവർമ്മ**
**മനോരമ പബ്ലിക്കേഷൻ**
പേജ്: 135 വില: ₹ 85/-

**കാ**ലം നടന്നു പോകുന്തോറും സംഭവങ്ങൾ ഉണ്ടാകുന്നു. സംഭവങ്ങളെ ഓർത്തെടുത്ത് രേഖപ്പെടുത്തി വയ്ക്കുമ്പോൾ ചരിത്രമാകുന്നു. ലിഖിതവും സ്മരണകളുമായി ചരിത്രം രേഖപ്പെടുന്നു. അനാദിയും നിരാമയവും നിർഗുണവുമായ കാലത്തിന് വികാരങ്ങളില്ല. കാലം രേഖപ്പെടുത്തി വെയ്ക്കുന്ന ചരിത്രം മനുഷ്യൻ വ്യാഖ്യാനിക്കേണ്ടതുണ്ട്. സംഭവങ്ങളുടെ യഥാതഥ ചിത്രീകരണം ചരിത്രമാവുമെങ്കിലും അതിൽ ബഹുജനത്തിന് ആകർഷണീയത ഉണ്ടാവില്ല. എന്നാൽ സ്മരണകളിൽ വിരിയുന്ന ചരിത്രം സാധാരണക്കാരെ സ്പർശിക്കുന്നു. ശ്രീ. ആർ.ടി. രവിവർമ്മ (സീരി) എഴുതിയ രാജവംശം – തൃപ്പൂണിത്തുറ സ്മരണകൾ സാധാരണക്കാരന്റെ ഹൃദയത്തിലേക്ക് ചേക്കേറുന്നു. കൊച്ചി രാജവംശത്തിന്റെ ചരിത്രം എഴുതിവെയ്ക്കലല്ല ഇപ്പുസ്തകം ചെയ്യുന്നത്. ഗ്രന്ഥകാൻ കൂടി പങ്കാളിയായ ഒരു കാലഘട്ടത്തിന്റെ വിവിധങ്ങളായ ഓർമകൾ ഓരോന്നായി അടുക്കിവെയ്ക്കുന്നു. ഗ്രന്ഥകാരന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ പൂർണത്രയീശ ക്ഷേത്രത്തിനു ചുറ്റുമുള്ള കോവിലകങ്ങളിൽ താമസിച്ചിരുന്ന രാജകുടുംബാംഗങ്ങളുടെ കോട്ടയ്ക്കകമെന്ന ഇാവട്ട സ്ഥലത്തെ തൃപ്പൂണിത്തുറയുടെ ഓർമകൾ. എഴുപതു വർഷം മുമ്പുള്ള തൃപ്പൂണിത്തുറയും ഇന്നത്തെ തൃപ്പൂണിത്തുറയും ഏറെ വ്യത്യസ്തമാണ്. സ്മരണകളിലൂടെ നാം കടന്നുപോകുമ്പോൾ ചിത്രങ്ങൾ നൂറ്റാണ്ടിനപ്പുറത്തേക്കും ശാഖ പടർന്നതായി കാണാം. ഒരു കുടുംബത്തിന്റെ വ്യക്തിഗത സ്മരണകൾ ആണെങ്കിലും പലപ്പോഴും ഇതിൽ കടന്നുവരുന്ന വ്യക്തികളും സംഭവങ്ങളും ചരിത്രത്തിന്റെ കൂടി ഭാഗങ്ങളാണ്. തിരശ്ശീല ഉയർത്തുന്ന കാലം അതിനാൽ തന്നെ മറ്റുള്ളവർക്കും താല്പര്യമുള്ളതാകുന്നു. അതുകൊണ്ടുതന്നെ ഈ പുസ്തകത്തിന് ബഹുജനതലത്തിലും (Public domain) ഇരിപ്പിടമുണ്ട്.

കോവിലകത്തെ പാചകക്കാരനായിരുന്ന നീലകണ്ഠയ്യരുടെ സഹായി ഇന്ന് എറണാകുളത്തെ പ്രശസ്ത കല്യാണമണ്ഡപത്തിന്റെ ഉടമയായി വളർന്നത് കൗതുകത്തോടെ നാം വായിച്ചറിയുന്നു. കോവിലകത്തെ ഭക്ഷണത്തിന്റെ ചേരുവ (recipe), ഭക്ഷണരീതി തുടങ്ങിയവ വിശദമായി അറിയാം. പണ്ഡിതരും പ്രശസ്തരുമായ ആൺവഴി, പെൺവഴി തമ്പുരാക്കന്മാർ, അന്നത്തെ ആചാരങ്ങൾ, ക്രിക്കറ്റ് ഭ്രമം, പൂജാക്രിക്കറ്റ് ടൂർണമെന്റ് (ഇന്നത്തെ ഏകദിന ക്രിക്കറ്റിന്റെ ഉപജ്ഞാതാവ് കേളപ്പൻ തമ്പുരാൻ ആണെന്ന് അറിയുന്നത് മറ്റൊരു കൗതുകം) കവികൾ, കലാകാരന്മാർ (തമ്പുരാക്കന്മാരെ പഠിപ്പിക്കാൻ സാക്ഷാൽ വൈലോപ്പിള്ളി എത്തിയിരുന്നു എന്ന കാര്യവും രസകരം തന്നെ.) അത്ഭുതമുളവാക്കുന്ന സന്യാസിമാർ, സന്യാസിനികൾ, ക്വിറ്റിന്ത്യാ സമരം. തൃപ്പൂണിത്തുറയിൽ നടന്നത്, അത്തച്ചമയം, അന്നത്തെ ഓണം, തൃപ്പൂണിത്തുറ ഉത്സവങ്ങൾ തുടങ്ങി അക്കാലത്തെ ഭൂതപ്രേതാദികൾ വരെ ഇതിൽ കടന്നുവരുന്നു. ഇവയെല്ലാം ഒരു കാലിഡോസ്കോപ്പുപോലെ നമുക്ക് കൗതുകതരമാകുന്നു. കൃഷിശാസ്ത്രജ്ഞനായ ഗ്രന്ഥകർത്താവ് പാചകശാസ്ത്രത്തിലും നിപുണനാണെന്ന് നമ്മെ സന്ദേഹിപ്പിക്കുന്നു പലപ്പോഴായി ഇതിൽ കടന്നുവരുന്ന ഭക്ഷണവർണനകൾ. ഇന്നത്തെ ടെലിവിഷൻ 'പാചകഓപ്പറ' വിദഗ്ദ്ധർക്ക് ഒരു റഫറൻസ് ഗ്രന്ഥമായും ഇപ്പുസ്തകത്തെ കാണാം. സ്വർണത്തിനു സുഗന്ധമെന്നോണം പഴയകാല ചിത്രങ്ങളും ഇതിലുണ്ട്.

കൊച്ചിരാജ്യത്തിന്റെ ചരിത്രം പലരും എഴുതിയിട്ടുണ്ട്. എന്നാൽ രാജകുടുംബത്തിന്റെ അകത്തളങ്ങളിൽ നിന്ന് പുറത്തേക്കു തുറക്കുന്ന ഒരു ജാലകമാണ് ഈ പുസ്തകം. അതുതന്നെയാണ് ഈ പുസ്തകത്തിന്റെ അപൂർവതയും. ●

## ഭൂതകാലത്തിന്റെ സ്മൃതിമധുരം

**കെ. എൽ. ശ്രീകൃഷ്ണദാസ്**




**കൊച്ചി രാജകുടുംബം**
**– ആചാരാനുഷ്ഠാനങ്ങൾ**
**കൊച്ചിൻ റോയൽ ഫാമിലി**
**ഹിസ്റ്റോറിക്കൽ സൊസൈറ്റി**
**തൃപ്പൂണിത്തുറ**
**പേജ്: 76 വില: ₹ 50/-**

കേരളത്തിലെ ക്ഷത്രിയരുടെ ആചാരാനുഷ്ഠാനങ്ങൾ കഴിയുന്നിടത്തോളം ഏകീകരിക്കണമെന്നും ബന്ധുജനങ്ങളുടെ സൗകര്യാർത്ഥം. അച്ചടിച്ചു വിതരണം ചെയ്യണമെന്നും ഉള്ള ലക്ഷ്യത്തോടെ ഇക്കാര്യത്തിൽ പരിണതപ്രജ്ഞരായ വ്യക്തികളുടെ സഹകരണം തേടാൻ തീരുമാനിച്ചതായുള്ള ഒരു വാർത്ത ജൂലൈ–സെപ്റ്റംബർ ലക്കം 'ക്ഷാത്രസന്ദേശ'ത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അത്തരമൊരു മഹത്തായ സംരംഭത്തിന് പ്രചോദനവും പ്രോത്സാഹനവുമേകാൻ പര്യാപ്തമാണ് ശ്രീമതി ശാന്തതമ്പുരാൻ രചിച്ച 'കൊച്ചി രാജകുടുംബം–ആചാരാനുഷ്ഠാനങ്ങൾ' എന്ന ഉത്തമഗ്രന്ഥം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടം വരെ കൊച്ചി രാജവംശം അനുവർത്തിച്ചുപോന്ന ആചാരാനുഷ്ഠാനങ്ങളുടെ ലളിതസുന്ദരമായ ഒരു വാങ്മയചിത്രമാണ് ഈ ഗ്രന്ഥത്തിലൂടെ നമ്മുടെ മുൻപിൽ തെളിഞ്ഞുവരുന്നത്. ആ കാലഘട്ടത്തിലെ കൊച്ചി രാജകുടുംബാംഗങ്ങളുടെ ജീവിതചര്യയ്ക്ക് കേരളീയ ബ്രാഹ്മണരുടെ ജീവിതചര്യയുമായി ആയിരുന്നു ഏറെ സാദൃശ്യമെന്ന് ഗ്രന്ഥകർത്രി സൂചിപ്പിക്കുന്നുണ്ട്. ആധുനിക തലമുറയിൽപ്പെട്ട ക്ഷത്രിയ സമുദായാംഗങ്ങളിൽ പലർക്കും ഈ ആചാരാനുഷ്ഠാനങ്ങൾ ഏറെക്കുറെ അജ്ഞാതവും ഒട്ടൊക്കെ അവിശ്വസനീയവും ആയി തോന്നിയേക്കാം. എന്നാൽ, ഇന്നത്തെ തിരക്കും മത്സരവും വിദ്വേഷവും ഒന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിലെ രാജകുടുംബാംഗങ്ങളുടെ സൗമ്യസുന്ദരമായിരുന്ന ജീവിതത്തിന്റെ ഒരു സമ്പൂർണ്ണമായ നേർക്കാഴ്ച നമുക്കീ ഗ്രന്ഥത്തിലൂടെ ലഭിക്കുമ്പോൾ ആ മധുരസ്മൃതികളെ ഗൃഹാതുരത്വത്തോടെ താലോലിക്കാൻ വായനക്കാരന്റെ ഹൃദയം സജ്ജമാക്കപ്പെടുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ സവിശേഷത. ജനിച്ചു വീഴുന്നതു മുതൽ കൊച്ചി രാജകുടുംബാംഗങ്ങളുടെ അഭീഷ്ടദാതാവായ ശ്രീ പൂർണ്ണത്രയീശന്റെ പാദാരവിന്ദങ്ങളിൽ ലയിച്ചു ചേരുന്നതു വരെയുള്ള ജീവിതചര്യയുടെ വിവിധഘട്ടങ്ങൾ –ജാതകർമ്മം, അടിമകിടത്തൽ, നാമകരണം, ചോറൂണ്, വിദ്യാരംഭം, വിദ്യാഭ്യാസം വിവാഹം തുടങ്ങി എല്ലാമെല്ലാം മധുരോദാരവും ലളിതസുന്ദരവുമായ ഭാഷയിലും ശൈലിയിലും ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. ഈ ഗ്രന്ഥരചനയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകി അനുഗ്രഹിച്ച ഗ്രന്ഥകർത്രി യുടെ പ്രിയമാതാവ് അന്തരിച്ച ശ്രീമതി പത്മിനി തമ്പുരാൻ മഹത്തായ ഒരു സേവനമാണ് ക്ഷത്രിയസമുദായത്തിന് നൽകിയത്. ഈ വിശിഷ്ട ഗ്രന്ഥം മനോഹരമായി പ്രസിദ്ധപ്പെടുത്തിയ തൃപ്പൂണിത്തുറയിലെ കൊച്ചിൻ റോയൽ ഫാമിലി ഹിസ്റ്റോറിക്കൽ സൊസൈറ്റിയും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ●

---

*19–ൽ നിന്ന്*

ങ്ങൾ വിളിച്ചുപറയാൻ തുടങ്ങി. അപ്പോൾ, പ്രശ്നമുണ്ടാക്കേണ്ട എന്നു കരുതി രാധാകൃഷ്ണച്ചേട്ടൻ വീട്ടിനകത്തേക്കു കയറി. അപ്പോൾ 'ശക്തി'യും ചീത്ത വിളിച്ചുകൊണ്ട് വീട്ടിലേക്കു കയറി. അപ്പോൾ രാധാകൃഷ്ണച്ചേട്ടൻ പ്രശ്നമുണ്ടാക്കേണ്ട എന്നു കരുതി അടുത്ത മുറിയിലേക്കു കയറി വാതിലടച്ചു കുറ്റിയിട്ടു. അപ്പോൾ 'ശക്തി' വാതിൽ വാതിൽ ചവിട്ടിത്തുറന്നു മുറിയിൽ കയറി അനാവശ്യങ്ങൾ പറയാൻ തുടങ്ങി. അപ്പോഴും രാധാകൃഷ്ണച്ചേട്ടൻ പ്രശ്നമുണ്ടാക്കണ്ട എന്നു വിചാരിച്ചു മുറിയിൽ നിന്നു ചാടി മുറ്റത്തേക്കിറങ്ങി. കലിമൂത്ത 'ശക്തി' മുറിയിലെ ബൾബ് അടിച്ചു പൊട്ടിക്കുകയും പുസ്തകങ്ങൾ വലിച്ചെറിയുകയും മറ്റും ചെയ്തിട്ടു പുറത്തേക്കിറങ്ങി. അപ്പോഴും രാധാകൃഷ്ണച്ചേട്ടൻ പ്രശ്നമുണ്ടാക്കേണ്ട എന്നു കരുതി അടുത്ത വീട്ടിലേക്കു ഓടി രക്ഷപ്പെട്ടു." ഇത്രയും കേട്ടപ്പോൾ സ്വതവേ സമാധാനകാംക്ഷിയായ എനിക്കു പോലും സഹിച്ചില്ല. ''എന്റെ ഗോപീ, ഇതിലും വലിയ എന്തു പ്രശ്നമാണു രാധാകൃഷ്ണച്ചേട്ടൻ സ്വന്തം വീട്ടിൽ പ്രതീക്ഷിച്ചത്?"




# RAIN

Anagha. R. Varma
5th grade, veterans elementary Maryland USA

Sparkling dewdrops from the grasses of heaven,
Dropping down to kiss the earth,
reviving the living things,
The trees sway with delight as their
Withering and half dead boughs are
brought back to life because of the celestial
powers of the majestic rain,
Flowers, once dropped spring up
To greet the wonderful rain.

# Seeking his Way Through

**Indrajit Varma**

Amidst the afternoon blues,
The Sun was breaking loose;
Lucid and bright, elegant and opulent-
Making the place ebullient.

Perennial was the whistling of the trains,
To an extent, it was ragging of brains;
There stood I, with a sense of solitude-
Imbued with pains of high altitude.

Then, alighted a man- albeit blind,
With a guiding light and far-reaching insight;
A connoisseur with a golden arm-
Soothing was his radiating balm.
Dressed in a tattered attire,
Faced with challenges ceasing to retire;
There went he, embracing God's given life-
With satisfaction that was abundant and rife.

Probing and prodding with the stick,
Moved he, with the clock's tick;
With fire in his belly and prayer on the lip-
There went he, seeking a water sip.

Drinking the water was he,
Feeling the way throgh, was he;
Looking at the imaginary sky-
"Oh God! Thank you for everything" came a cry.

Here stood I, spellbound by the sight,
His tenacity, in spite of the deplorable plight;
Me blessed with privileges, wondered I-
Divested of full-fledged life was he, pondered I.

Spurring positive vites on, vanished he into thin air,
Endowing my life, that was bare;
Here was I, owing to God's gift
Rejuvenated, giving life a radical lift!

# പുലരിയെ കാത്ത്

**ഹരിതവർമ്മ വി.സി**
**നീലേശ്വരം വടക്കേ കോവിലകം**



പാതിരാക്കാറ്റ് വിട ചൊല്ലാനെത്തി
പ്രകൃതി എന്തേ ശ്രദ്ധിക്കുന്നില്ല?
ആരെയോ പ്രതീക്ഷിക്കും പോൽ
നിശ്ചലരായി ഓരോരുത്തരും.
മധുപശലഭങ്ങൾ മലരികളിൽ കയറി,
മലരുകൾ വിദൂരതയിൽ കണ്ണും നട്ട്,
തയ്യാറെടുത്തു സന്തോഷത്തിലാറാടാൻ
ആരെയോ പ്രതീക്ഷിക്കും പോൽ
പ്രകൃതി തയ്യാറായി
ആരെയോ വരവേൽപ്പാൻ
മേഘങ്ങളാം ദ്വാരപാലകർ
അവനെ കടത്തിവിട്ടു... ആരെ?
അതിദിപുത്രനാം ആദിത്യൻ
കടന്നു വന്നു മാനത്ത്
സൂര്യൻ തൻ കിരണങ്ങളിൽ
'പൊൽത്താറായി മലരികൾ'
പ്രതീക്ഷകൾക്കറുതി വരുത്തി
കടന്നുവന്നു ഭാസ്കരൻ
ഏവരും സന്തോഷത്തിലാറാടി..
ഇനി ആരെ പ്രതീക്ഷിക്കാൻ?



# Gaol

R. Gayathri Varma
XI[th] Std, St.Mary's Residential School, Tiruvalla

Once More, I am here,
With this faith of barbarous,
A child kneels before me,
I kicked him away,
Felt repentance, turned back
No-one to be seen.

I am heinous, but chequered,
Cruel eyes stare upon me,
To strike me down like earthern,
But everyone afraid of me.
As I, the man who did the crime,
Heard from someone’s heart, “steer out the destroyer”.

Lived upon the thorns of life,
Crumbled upon the darkened life cycle,
Ashamed of myself, due to the misfortunes in life,
Walked upon the rocky plains,
Chained places are hunting me
Groping for something unwieldy.

Gaoler will treat me like a destroyer,
No-one try to see my heart
Tortured upon the devilish crimes
But captured by the kindness,
Gaoler deemed me sacrosanct
On kindman, forgive me for what I’ve done.

Once more, the storm is howling,
Beside the gaol,
Sea rumbled due to the sun’s rays
Its too hot now.
Protagonists groomed in plethora
A fight for freedom

All crimes fall upon the seabed,
Hidden but heard from the narrow cleft,
The sound of the sea wave
Often strikes the wall.
Stimulated by me, opposers enjoy,
The lullaby and indulgence of the sea.

Gone away, gone away,
The delighted days
Now it is my fate,
To die with malady
Spearheaded the struggle, no response
Weariness come to end, with my death.

## ആചാര്യശിഷ്യസംവാദം



ശിഷ്യൻ : പ്രണാമം ഗുരോ.
ആചാര്യൻ : സ്വസ്തി ഭവഃ
ശിഷ്യൻ : ഗുരോ, ഒരു സംശയം
ആചാര്യൻ : എന്താണ് വത്സാ, ചോദിക്കൂ
ശിഷ്യൻ : പൊതുനിരത്തുകളിൽ യോഗങ്ങളും പ്രകടനങ്ങളും സംഘടിപ്പിക്കുന്നത് ശരിയാണോ?
ആചാര്യൻ : അതു പാടില്ല എന്നു പറഞ്ഞാണല്ലോ സുപ്രീംകോടതിയും കീഴ്ക്കോടതി ഉത്തരവ് ശരി വച്ചിരിക്കുന്നത്.
ശിഷ്യൻ : ഗുരോ, അപ്പോൾ വീണ്ടും ഒരു സംശയം
ആചാര്യൻ : എന്താണ് വത്സാ, ചോദിക്കൂ.
ശിഷ്യൻ : കോടതി ഉത്തരവ് ശരിയല്ല എന്നാണല്ലോ രാഷ്ട്രീയ കക്ഷികൾ പറയുന്നത്. ജനങ്ങൾ ഏതാണ് സ്വീകരിക്കേണ്ടത് ?
ആചാര്യൻ : അറിയില്ല വത്സാ.

# വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് ഇനി ഓർമ്മയിൽ



ആയുർവേദ ശാസ്ത്രസംഹിതകളുടെ കുലപതിയെന്നു വിശേഷിപ്പിക്കാവുന്ന വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് ദിവംഗതനായി. നവംബർ 21ന് ചാലക്കുടിയിലെ വസതിയായ 'രാജ്‌വിഹാറി'ലായിരുന്നു അന്ത്യം. ആയുർവേദ ചികിത്സാ സമ്പ്രദായത്തെ ഭാരതീയ ദർശനങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും കാഴ്ചപ്പാടിലൂടെ പരമ്പരാഗത രീതിയും ആധുനിക രീതിയും സമന്വയിപ്പിച്ച് വികസിപ്പിച്ചെടുക്കുന്നതിൽ വിജയം കൈവരിച്ചയാളാണ് രാഘവൻ തിരുമുൽപ്പാട്. പ്രശസ്ത ഹൃദ്രോഗ ശസ്ത്രക്രിയാ വിദഗ്ദ്ധൻ ഡോ. എം.എസ്. വല്യത്താൻ ഉൾപ്പെടെ പ്രമുഖരുടെ ഒരു വലിയ ശിഷ്യ സമ്പത്തു തന്നെയുണ്ട് തിരുമുൽപ്പാടിന്. സംസ്കൃതഭാഷയിൽ അദ്ദേഹത്തിന് നല്ല പാണ്ഡിത്യമുണ്ടായിരുന്നു. ആയുർവേദശാസ്ത്ര സംബന്ധമായും പൗരാണിക ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങളുമായും ബന്ധപ്പെട്ട് നാൽപ്പതോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വൈജ്ഞാനിക സാഹിത്യ പുരസ്കാരവും, നാഷണൽ ആയുർവേദ അക്കാദമിയുടെ ഫെല്ലോഷിപ്പ് തുടങ്ങി ആയുർവേദ സാഹിത്യ രംഗങ്ങളിൽ നൽകിയ സംഭാവനകൾ കണക്കിലെടുത്ത് നിരവധി പുരസ്കാരങ്ങളും ബഹുമതികളും രാഘവൻ തിരുമുൽപ്പാടിനെ തേടിയെത്തിയിട്ടുണ്ട്. കടപ്ര തുളിശ്ശാല കോയിക്കൽ പരേതയായ വിശാലാക്ഷി തമ്പുരാട്ടിയാണ് ഭാര്യ. മക്കൾ: ഡോ. കെ. മുകുന്ദൻ (ചീഫ് മാനേജർ, ഇന്ത്യൻ ബാങ്ക്, എറണാകുളം) കെ. മുരളി (പ്രൊഫ. ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ), കെ. മുരാരി (അസിസ്റ്റന്റ് അഡ്മിൻ. ഓഫീസർ, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി) ഡോ. കെ. മുത്തുലക്ഷ്മി (ടീച്ചർ, വേദാന്ത, കാലടി ശങ്കരാചാര്യ യൂണിവേഴ്സിറ്റി തിരുവനന്തപുരം കേന്ദ്രം)



## പി.കെ. വർമ്മ (ഉണ്ണിച്ചേട്ടൻ)

തിരുവല്ലാ പാലിയേക്കര കൊട്ടാരത്തിൽ പി.കെ. വർമ്മ (ഉണ്ണിച്ചേട്ടൻ) നവംബർ 1ന് തൃശൂരിൽ അന്തരിച്ചു. ബാംഗ്ലൂർ ക്ഷത്രിയസമാജം 'സംഗമ'ത്തിന്റെ സ്ഥാപക പ്രസിഡന്റാണ് പരേതൻ. 'സംഗമം ന്യൂസ്‌ലറ്റർ' പ്രസിദ്ധീകരണച്ചുമതലയും ഉണ്ണിച്ചേട്ടന്റേതായിരുന്നു. നാഷണൽ ആൻഡ് ഗ്രിൻഡ് ലേസ് ബാങ്കിൽ ഉദ്യോഗസ്ഥനായിരുന്ന ഉണ്ണിച്ചേട്ടൻ റിട്ടയർ ചെയ്തതിനുശേഷം ബാംഗ്ലൂരിലെ അയ്യപ്പ സേവാസംഘം പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ വലിയ പടിഞ്ഞാറെ കോവിലകത്ത് രാധ തമ്പുരാനാണ് ഭാര്യ. മക്കൾ: സുരേഷ് (ടെക്നോപാർക്ക്, തിരുവനന്തപുരം), സുഷമ (ബാംഗ്ലൂർ) മരുമക്കൾ: ശൈലജ, അഞ്ജന എന്നിവരാണ്.

(23-ൽ നിന്ന്)

13 രവിവർമ്മ, കാർത്തിക, തിരുമല, തിരുവനന്തപുരം
14 പി. രവിവർമ്മ രാജ, പന്തളം
15 കേരളവർമ്മ രാജ, മാധവം, അമ്പലമുക്ക്, തിരുവനന്തപുരം
16 വേണുഗോപാൽ വർമ്മ, കാട്ടുങ്കൽ കോവിലകം, ചേർത്തല
17 കെ.എൻ.എസ്. വർമ്മ, ത്രിവേണി, ചേർത്തല
18 പി.ആർ. വിജയവർമ്മ, അമ്പാടി, ചേർത്തല
19 കരപ്പുറം ക്ഷത്രിയസഭ, ചേർത്തല
20 കെ. ഹരികുമാർ, ഉദയം, വട്ടിയൂർക്കാവ്, തിരുവനന്തപുരം
21 ശോഭനാ രാജേന്ദ്രൻ, തൊഴുവൻകോട്, തിരുവനന്തപുരം
22 കൃഷ്ണകുമാർ വർമ്മ, ശ്രീവല്ലഭസദനം, വൈക്കം
23 എം. മുരളികൃഷ്ണൻ തമ്പാൻ, മഠത്തിൽപറമ്പിൽ, വൈക്കം
24 വി.ആർ. രവിവർമ്മ, സൗപർണിക, കല്ലറ
25 രവി. കെ. വർമ്മ, വൈക്കം
26 ടി.കെ. രവിവർമ്മ തമ്പുരാൻ, എഴുമറ്റൂർ
27 സജി കെ. വർമ്മ, പേരൂർക്കട, തിരുവനന്തപുരം
28 നന്ദകുമാരവർമ്മ, കൊരട്ടി
29 പി.സി.സി. രാജ, മോഹൻവിലാസ്, കൊരട്ടി
30 കെ. സുനിൽവർമ്മ, രമാലയം, കൊരട്ടി
31 ആദിത്യവർമ്മ, കൊരട്ടി
32 കേരളവർമ്മ, കൊരട്ടി
33 പി. ഗോദവർമ്മ, കൊരട്ടി
34 കെ. കുഞ്ഞുണ്ണി തമ്പുരാൻ, സ്രാമ്പിക്കൽ മഠം, കൊരട്ടി
35 പി. കൊച്ചനുജൻ, പാക്കാട്ടിൽ മഠം, കൊരട്ടി
36 പി. ഉഷാരാജ, പാക്കാട്ടിൽ മഠം, കൊരട്ടി
37 കെ. വിക്രമൻ, ശ്രീനിലയം, കൊരട്ടി
38 വി. ശാന്ത, അശ്വതി, കൊരട്ടി
39 കെ. ഉഷ, ചന്ദ്രകാന്തം, കൊരട്ടി
40 പി.ആർ. സോമവർമ്മ കൃഷ്ണവിഹാർ, കൊരട്ടി
41 ഷൈജകുമാർ വർമ്മ, വർമ്മവിഹാർ, കൊരട്ടി
42 പി.സി. ഭാഗീരഥി തമ്പുരാട്ടി, നീലേശ്വരം
43 പി.കെ. സുഭാഷ് വർമ്മ, നിലേശ്വരം
44 ടി.സി. ഭാഗീരഥി തമ്പുരാട്ടി, നീലേശ്വരം
45 സി. മാധവൻ, കരിവെള്ളൂർ
46 വി. ബാലകൃഷ്ണൻ, കരിവെള്ളൂർ
47 ടി.ആർ. സുദേവവർമ്മ, കരിവെള്ളൂർ
48 പുരുഷോത്തമൻ, കരിവെള്ളൂർ
49 രാജരാജവർമ്മ, തെക്കുംകൂർ, കോട്ടയം
50 രാജാശ്രീകുമാർ വർമ്മ, ശ്രീനിലയം, കോട്ടയം
51 പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ, ശ്രീനിലയം, കോട്ടയം
52 പ്രസന്നവർമ്മ, കോട്ടയം
53 എൻ. സോമവർമ്മ, ലീലാസദനം, ഏറ്റുമാനൂർ
54 രാമവർമ്മ, പുതിയ കോവിലകം, അമ്പലപ്പുഴ
55 ആർ. രവിവർമ്മ, ശ്രീലകം, അമ്പലപ്പുഴ
56 കെ. രവിവർമ്മ, കിളിമാനൂർ പാലസ്
57 രാജഗോപാലവർമ്മ, കാർത്തിക, പള്ളിപ്പാട്
58 സി. കെ. രവീന്ദ്രവർമ്മ, ചിറയ്ക്കൽ
59 സി. കെ. കേരളവർമ്മ, ചിറയ്ക്കൽ
60 അരവിന്ദവർമ്മ, തിരുവല്ല
61 ജി. അശോകവർമ്മ, തിരുവനന്തപുരം

**നൂറ് രൂപ സംഭാവന നൽകിയവർ**

1 പ്രൊഫ. ടി. കെ. ഭാസ്കരവർമ്മ, ജഗതി, തിരുവനന്തപുരം
2. എ.കെ. കേരളവർമ്മ, മാവേലിക്കര
3. എ. ആർ. രവിവർമ്മരാജ, ഉത്സവമഠം, മാവേലിക്കര
4. പ്രൊഫ. ആർ.ആർ.സി. വർമ്മ, മാവേലിക്കര
5. ജി. രാമവർമ്മ, കോവിലകം, ചെന്നിത്തല
6. വിനയകുമാർ, ചെന്നിത്തല
7. കൃഷ്ണകുമാർ, ചെന്നിത്തല
8. രാമവർമ്മ, ചെന്നിത്തല
9. പി.എൻ. രാഘവവർമ്മരാജ, ചെന്നിത്തല
10. കെ.ആർ. കേരളവർമ്മ, ചെന്നിത്തല
11. ആർ. രാഘവവർമ്മ, ചെറുകോൽ പാലസ്
12. സി.ആർ. രാഘവവർമ്മ ,,
13. സി.ആർ. ഗോദവർമ്മ ,,
14. രവീന്ദ്രവർമ്മ, പ്രായിക്കര കൊട്ടാരം
15. ആർ. സുരേന്ദ്രൻ, ദേവി വിലാസ മന്ദിരം, കൊടുങ്ങാനൂർ
16. കൃഷ്ണവർമ്മ, അഷ്ടമി, വൈക്കം
17. സതീഷ് വർമ്മ, ആനാം പറമ്പിൽ, വൈക്കം
19. ടി.ആർ. ശോഭാറാണി, തെക്കുംകൂർ പാലസ്
20. സജിത് വർമ്മ, ശ്രേയസ്സ്, മറിയപ്പള്ളി
21. ശരത് വർമ്മ, വെള്ളാങ്ങല്ലൂർ
23. മധുവർമ്മ, വെള്ളാങ്ങല്ലൂർ
25. നന്ദകുമാർ, വെള്ളാങ്ങല്ലൂർ
26. സോമവർമ്മ, അമ്പലപ്പുഴ
27. സുരേഷ് വർമ്മ, അമ്പലപ്പുഴ
28. കൃഷ്ണവർമ്മ, ചെമ്പകശ്ശേരി കോവിലകം, അമ്പലപ്പുഴ

# വാർത്തകൾ - വിശേഷങ്ങൾ

## കരിവെള്ളൂർ യൂണിറ്റ് പ്രവർത്തനറിപ്പോർട്ട്

**നവംബർ 2010**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് ജനറൽബോഡിയോഗം നവംബർ 14ന് നടന്നു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടിഎം. ശ്രീകുമാർ റിപ്പോർട്ടും വരവ്-ചിലവ് കണക്കും അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ടി.ആർ. സുദേവ വർമ്മ, സി.കെ. രാഘവവർമ്മ, എൻ.കെ. നാരു ഉണിത്തിരി, സി. മാധവൻ, എൻ.പി. പുരുഷോത്തമൻ എന്നിവർ പങ്കെടുത്തു. ചർച്ചക്ക് ശേഷം റിപ്പോർട്ടും വരവ് ചിലവ് കണക്കും അംഗീകരിച്ചു. തുടർന്ന് വിജയകുമാര വർമ്മ ചികിത്സാധനസഹായത്തിനായി REACT ന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച വിഷയത്തിൽ ചർച്ച നടന്നു. സെക്രട്ടറി ടി.എം. ശ്രീകുമാർ ഇതേവരെ സ്വീകരിച്ച നടപടി വിശദീകരിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്കുശേഷം താഴെ കാണിച്ച തീരുമാനങ്ങൾ എടുത്തു.

1. സമുദായ ശ്മശാനത്തിനായി വിലക്കെടുക്കുന്ന സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതിനും, ഇതിനുവേണ്ട ചിലവ് തല്ക്കാലം കുറി ഫണ്ടിൽ നിന്നെടുക്കാനും തീരുമാനിച്ചു.

2. നേത്രദാന പരിപാടിയുടെ പ്രവർത്തനം വി.എം. ദാമോദരനുമായി ബന്ധപ്പെട്ട് ഉടനെ നടപ്പാക്കണമെന്ന് തീരുമാനിച്ചു.

3. സ്കോളർഷിപ്പ്/എൻഡോവ്മെന്റ് എന്നിവക്കുള്ള അർഹതാമാനദണ്ഡം തല്ക്കാലം മാറ്റേണ്ടതില്ലെന്ന് തീരുമാനിച്ചു.

4. വിജയകുമാരവർമ്മയുടെ സാമ്പത്തികസഹായത്തിനുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കാൻ കാലതാമസം വരുന്നതിൽ യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തുകയും ഉടനെ നടപടി സ്വീകരിക്കാൻ കേന്ദ്രസഭയോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

5. 21.11.2010ന് തിരുവനന്തപുരത്ത് നടക്കുന്ന റീജന്റ് മഹാറാണി സേതുലക്ഷ്മീബായി തമ്പുരാട്ടിയുടെ 115-ാം ജന്മദിനാഘോഷപരിപാടിയിൽ പങ്കെടുക്കുന്നതിന് എൻ.കെ. കൃഷ്ണൻ ഉണിത്തിരിയെ ചുമതലപ്പെടുത്തി അയക്കാൻ തീരുമാനിച്ചു.

6. ക്ഷത്രിയക്ഷേമസഭ മുൻ ജോ. സെക്രട്ടറി യു.കെ. രാജവർമ്മയുടെ ഒന്നാം ചരമവാർഷികം 12.12.2010ന് സമുചിതമായിആചരിക്കാൻ തീരുമാനിച്ചു.

യോഗത്തിൽ ട്രഷറർ എൻ.പി. ബാലകൃഷ്ണൻ സ്വാഗതവും വൈസ് പ്രസിഡന്റ് സി. മാധവൻ നന്ദിയും പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

**ഡിസംബർ 2010**

യൂണിറ്റ് ജനറൽബോഡിയോഗം ഡിസംബർ 12ന് നടന്നു. യോഗത്തിൽ ടി.എം. ശ്രീകുമാർ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. എൻ.കെ. നാരു ഉണിത്തിരിയുടെ ദേഹവിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. തുടർന്ന് സെക്രട്ടറി റിപ്പോർട്ട് വായിച്ചു. സെൻസസ് സംബന്ധിച്ച് കേന്ദ്രസഭ അറിയിച്ച വിവരങ്ങൾ സെക്രട്ടറി യോഗത്തിൽ വിശദീകരിച്ചു. ശ്മശാന ചുറ്റുമതിൽ കെട്ടുന്നതിന് എതിരെ സമീപവാസികൾ എതിർപ്പ് പ്രകടിപ്പിച്ച വിവരം സെക്രട്ടറി യോഗത്തിൽ അറിയിക്കുകയും പ്രശ്നം രമ്യമായി പരിഹരിക്കുന്നതിന് എൻ.കെ. നാരു ഉണിത്തിരി, എൻ. കെ. കൃഷ്ണൻ ഉണിത്തിരി, കെ. ചന്ദ്രകാന്തൻ, എൻ.എം. രാധാകൃഷ്ണൻ, എൻ.പി. കുഞ്ഞിനാരായണൻ, സി.കെ. രാഘവൻ, എൻ.പി. ഉണ്ണിക്കൃഷ്ണൻ എന്നിവരടങ്ങുന്ന സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 2011 ജനുവരി മാസം 2-ാമത്തെ ഞായറാഴ്ച വിശദമായ ജനറൽബോഡി വിളിച്ചു ചേർത്തു പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചു. നേത്രദാനത്തിനുള്ള സമ്മതപത്രം തയ്യാറാക്കി ബന്ധപ്പെട്ടവരെക്കൊണ്ട് ഒപ്പിടുവിച്ച് അടുത്ത യോഗത്തിൽ ഹാജരാക്കുന്നതിന് തീരുമാനിച്ചു. ആവശ്യമായ ഫോറം യോഗത്തിൽ വിതരണം ചെയ്തു. യോഗത്തിൽ വി.എം. കൃഷ്ണകുമാർ നന്ദി പറഞ്ഞു. യോഗം 5.30ന് അവസാനിച്ചു.

## കരപ്പുറം ക്ഷത്രിയക്ഷേമസഭ

**വാരനാട്**

കരപ്പുറം ക്ഷത്രിയസഭയുടെ രണ്ട് പ്രവർത്തന സമിതിയോഗങ്ങളും 21-11-2010ൽ ഒരു പൊതുയോഗവും നടക്കുകയുണ്ടായി.

1. 21-12-2010ൽ തിരുവാതിര ആഘോഷിക്കുവാൻ തീരുമാനിച്ചു.

2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സഭാംഗങ്ങളുടെ കുടുംബങ്ങളെ അടിയന്തിരഘട്ടങ്ങളിൽ സഹായിക്കുന്നതിനായി ഒരു സഹായനിധിക്ക് ആരംഭം കുറിച്ചു.

3. കേന്ദ്രസഭയുടെ കൾച്ചറൽ വിംഗിലേക്ക് ധനേഷ് വർമ്മ (നൈഷധം)യേയും സെൻസസ്സ് പ്രവർത്തനങ്ങൾക്ക് വേണുഗോപാൽ വർമ്മ (കാട്ടുങ്കൽ കോവിലകം) യേയും നോമിനേറ്റ് ചെയ്തു.

## സാംസ്കാരികം

### സാഹിത്യനിരൂപണം സുതാര്യമാകണം - എം. മുകുന്ദൻ

തൃശ്ശൂർ: മലയാളത്തിൽ നിരൂപണസാഹിത്യം സാധാരണക്കാരിൽ നിന്നും അകന്നുപോകാതിരിക്കണമെങ്കിൽ അവർ എഴുതുന്ന ഭാഷ സുതാര്യമായിരിക്കണമെന്നു ശ്രീ. എം. മുകുന്ദൻ പറഞ്ഞു. ഡോ. ആർ. ശ്രീലതാവർമ്മയുടെ 'പ്രതിബിംബങ്ങൾ പറയാതിരിക്കുന്നത്' എന്ന സാഹിത്യപഠനഗ്രന്ഥം കേരളസാഹിത്യഅക്കാഡമി വൈലോപ്പിള്ളി ഹാളിൽ നടന്ന ചടങ്ങിൽ പ്രശസ്തകഥാകൃത്ത് വൈശാഖനു നൽകിക്കൊണ്ട് പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. പരിധി പബ്ലിക്കേഷൻ എം.ഡി. ഡോ. എം. രാജീവ് കുമാർ അദ്ധ്യക്ഷത വഹിച്ചു. വൈശാഖൻ, ലളിത ലെനിൻ, ടി.ടി. പ്രഭാ




*ഡോ. ആർ. ശ്രീലതാവർമ്മയുടെ 'പ്രതിബിംബങ്ങൾ പറയാതിരുന്നത്' പുസ്തകം എം. മുകുന്ദൻ വൈശാഖനു നല്കി പ്രകാശിപ്പിക്കുന്നു. ലളിത ലെനിൻ, ഡോ. ആർ. ശ്രീലതാവർമ്മ, ഡോ. എം. കൃഷ്ണൻ നമ്പൂതിരി, ടി.ടി. പ്രഭാകരൻ, ഡോ. കെ.ആർ. ടോണി, ഡോ.എം. രാജീവ്കുമാർ എന്നിവർ സമീപം.*

കരൻ, ഡോ.കെ.ആർ.ടോണി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഡോ. എം. കൃഷ്ണൻ നമ്പൂതിരി സ്വാഗതവും ഡോ. ആർ. ശ്രീലതാവർമ്മ മറുപടിപ്രസംഗവും നടത്തി.

## ക്ഷത്രിയക്ഷേമസഭ

## സംസ്ഥാന ഭരണസമിതി

ക്ഷത്രിയക്ഷേമസഭയുടെ 2009-11 വർഷത്തെ ആറാമതു പ്രവർത്തകസമിതി യോഗം ഒക്ടോബർ 31ന് തിരുവനന്തപുരത്ത് ചേർന്നു. സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മരാജ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. കഴിഞ്ഞ യോഗത്തിനുശേഷം ദിവംഗതരായ അംഗങ്ങൾക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് യോഗം ആരംഭിച്ചു. നീലേശ്വരം, തൃശൂർ, വൈക്കം, കൊരട്ടി, തിരുവനന്തപുരം യൂണിറ്റുകളിലെ അംഗങ്ങൾ പങ്കെടുത്തു.

**പ്രധാന തീരുമാനങ്ങൾ**

**ഇ-മെയിൽ സംവിധാനം**

- യൂണിറ്റുകൾക്കുള്ള അറിയിപ്പുകൾ ഭാവിയിൽ ഇ-മെയിൽ വഴിയായിരിക്കും അയക്കുക.

  യൂണിറ്റിന്റെ ഔദ്യോഗിക ഇ-മെയിൽ ഉപയോഗിക്കുന്ന വ്യക്തികളുടെ പേരും മൊബൈൽ/ലാൻഡ് ഫോൺ നമ്പരുകളും ഉടൻതന്നെ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

  ഇതിനകം ഇ-മെയിൽ ഉപയോഗിച്ചു തുടങ്ങാത്തവർ ഉടൻതന്നെ ഒരു ഇ-മെയിൽ (ടെസ്റ്റ് മെയിൽ) നൽകേണ്ടതാണ്.

**ക്ഷാത്ര സന്ദേശം**

- യൂണിറ്റുകൾ, ക്ഷാത്ര സന്ദേശം നേരിട്ടയക്കുന്നവരുടെയും യൂണിറ്റുവഴി വിതരണം ചെയ്യുന്നവരുടെയും പട്ടിക അടിയന്തിരമായി തയ്യാറാക്കി അയച്ചുതരേണ്ടതാണ്.
- കഴിയുന്നിടത്തോളം വരിക്കാരുടെ മൊബൈൽ/ലാന്റ് ഫോൺ നമ്പരുകൾ കൂടി ശേഖരിച്ചയച്ചു തരേണ്ടതാണ്.
- കുടിശ്ശിക പട്ടിക പരിശോധിച്ച് തെറ്റുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

യൂണിറ്റില്ലാത്ത സ്ഥലങ്ങളിലെ വരിക്കാരുടെ കുടിശ്ശിക പിരിച്ചെടുക്കാനുള്ള ചുമതല തൊട്ടടുത്ത യൂണിറ്റുകൾ ഏറ്റെടുക്കേണ്ടതാണെന്ന് ശശിധരവർമ്മ അഭിപ്രായപ്പെട്ടു. ക്ഷാത്രസന്ദേശം പത്രാധിപസമിതി പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം ചീഫ് എഡിറ്റർ രവിവർമ്മ രാജ യോഗത്തിൽ അവതരിപ്പിച്ചു. ചർച്ചക്കുശേഷം പത്രാധിപസമിതിയിൽ സംസ്ഥാന സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തണമെന്നും സഭയുടെ ഔദ്യോഗിക നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പത്രാധിപസമിതിയെ അറിയിക്കുന്ന ചുമതല അദ്ദേഹം നിർവ്വഹിക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

**ക്ഷാത്ര ജാലകം**

- യൂണിറ്റു ഭാരവാഹികളുടെ പട്ടിക ഇതുവരെ തരാത്തവർ നിർദ്ദിഷ്ട ഫോറത്തിൽ അതെത്തിച്ചു തരേണ്ടതാണ്.
- ക്ഷാത്രജാലകത്തിൽ കേരളത്തിനു പുറത്തെ ക്ഷത്രിയസഭകളിൽ നിന്നുള്ള കത്തുകൾ ആനുകാലികമായി ചേർക്കുന്നതിനുള്ള നിർദ്ദേശം യോഗം അംഗീകരിച്ചു.

ക്ഷാത്രജാലകത്തിൽ ചേർക്കുന്നതിനായി ഇതുവരെ കിട്ടിയ വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഇപ്പോൾ പുതിയ വാർത്തകൾ യഥാസമയം വെബ്സൈറ്റിൽ ചേർക്കുന്നുണ്ടെന്ന് യോഗം വിലയിരുത്തി.

**സെൻസസ് - സാംസ്ക്കാരിക കേന്ദ്രം**

- സെൻസസ് ആദ്യഘട്ടത്തിലേക്കുള്ള വിവരങ്ങൾ (ലഭ്യമാകുന്നിടത്തോളം) മേഖലാ സെക്രട്ടറിമാർ ശേഖരിച്ചയച്ചു തരേണ്ടതാണ്. കേരളത്തിലെ ജില്ലാ താലൂക്കടിസ്ഥാനത്തിലുള്ള പട്ടികയാണ് ആദ്യഘട്ടത്തിൽ ശേഖരിക്കുന്നത്.
- സെൻസസ് പ്രവർത്തനത്തിനായി ഒരാളെയും സാംസ്ക്കാരിക കേന്ദ്രത്തിനായി ഒരാളേയും ഇതുവരെ നാമനിർദ്ദേശം ചെയ്തിട്ടില്ലാത്ത യൂണിറ്റുകൾ ഉടൻ തന്നെ അതു ചെയ്യേണ്ടതാണ്.
- ഉത്തരമേഖലയിൽ പരീക്ഷണാടിസ്ഥാനത്തിൽ സെൻസസ് പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതിൽ നിന്നുള്ള അനുഭവങ്ങൾ ഉൾക്കൊണ്ടു കൊണ്ട് സെൻസസ് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്.

**ബ്ലോഗ്**

- IAMVARMA എന്ന പേരിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു ബ്ലോഗ് ആരംഭിച്ചതായി സെക്രട്ടറി യോഗത്തെ അറിയിച്ചു. ശ്രീ.കെ.എൽ. മോഹനവർമ്മയുടെ നിർദ്ദേശ പ്രകാരമാണ് ഇതാരംഭിച്ചത്. യുവജനങ്ങളുമായി സംവദിക്കുന്നതിനുള്ള ഒരുപാധിയെന്ന നിലയിലാണ് ഇതാരംഭിച്ചിട്ടുള്ളത്. ഇത് സഭയുടെ ഔദ്യോഗിക ബ്ലോഗായി പ്രവർത്തനമാരംഭിക്കുന്നതിന് യോഗം അനുമതി നൽകി. ബാംഗ്ലൂരിൽ താമസമാക്കിയ സന്ദീപ് വർമ്മ (പ്രശസ്ത സാഹിത്യകാരൻ പി.കെ. നന്ദനവർമ്മയുടെ മകൻ) യാണ് ഇതിന്റെ സാങ്കേതിക കാര്യങ്ങൾ ഇപ്പോൾ നിർവ്വഹിക്കുന്നത്.

  അടുത്ത പ്രവർത്തകസമിതി യോഗം

തൃശൂരിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചു. യോഗം ഉച്ച തിരിഞ്ഞ് 1.30ന് സമാപിച്ചു.

### തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ ഒക്ടോബർ മാസത്തെ പരിപാടി

സഭയുടെ വാർഷിക പൊതുയോഗം ഒക്ടോബർ 31ന് വൈകുന്നേരം 3.30ന് സുന്ദരവിലാസം കൊട്ടാരത്തിൽ ചേർന്നു. പ്രസിഡന്റ് രവിവർമ്മരാജ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സെക്രട്ടറി ജയചന്ദ്രവർമ്മ റിപ്പോർട്ടവതരിപ്പിച്ചു. ട്രഷറർ നരേന്ദ്രവർമ്മ വരവുചെലവു കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം റിപ്പോർട്ടും കണക്കും യോഗം പാസ്സാക്കി.

### വയലാർ അനുസ്മരണം

സഭയുടെ ഈ വർഷത്തെ വയലാർ അനുസ്മരണം ഒക്ടോബർ 31ന് വൈകിട്ട് 4.30ന് സുന്ദരവിലാസം കൊട്ടാരത്തിൽ നടന്നു. പ്രശസ്ത ഗാനരചയിതാവും സാഹിത്യകാരനുമായ പെരുമ്പുഴ ഗോപാലകൃഷ്ണൻ വയലാർ അനുസ്മരണപ്രഭാഷണം നടത്തി. വയലാർ രാമവർമ്മ രചിച്ച ചലച്ചിത്ര ഗാനങ്ങൾ സഭാംഗങ്ങൾ അവതരിപ്പിച്ചു. സംഗീതമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ ജോണി സാഗരിക വഴി കെ.എൽ. ശ്രീകൃഷ്ണദാസ് ഏർപ്പെടുത്തിയ ഉപഹാരങ്ങൾ (വയലാർ ഗാനങ്ങളുടെ സി.ഡി.) ഗാനാലാപനങ്ങളിൽ പങ്കെടുത്തവർക്ക് നൽകി. പ്രശസ്ത ചലച്ചിത്ര നടൻ ജഗന്നാഥവർമ്മ പരിപാടിയിൽ പങ്കെടുത്തു.

### രോഗമകറ്റാൻ യോഗ – പ്രഭാഷണം

ജൂലായ് 25ന് രോഗമകറ്റാൻ യോഗ എന്ന വിഷയത്തെക്കുറിച്ച് ആചാര്യ വിശാഖം തിരുനാൾ (ചേർത്തല) നടത്തിയ പ്രഭാഷണം ഏറെ ശ്രദ്ധേയമായിരുന്നു.

### ആദരാർപ്പണം

റിസർവ് ബാങ്കിന്റെ കേരള-ലക്ഷദ്വീപ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച സുമാവമ്മയെയും സയൻസ് ആൻഡ് ടെക്നോളജി കേരളകൗൺസിൽ മെമ്പർ സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ച സഭയുടെ മുൻ പ്രസിഡന്റു കൂടിയായ ഡോ. അജയ്കുമാർവർമ്മയെയും സഭ ആദരിച്ച് അനുമോദിച്ചു.

## റീജന്റ് റാണി ജന്മദിനാഘോഷം



*ചിത്രങ്ങൾ മുകളിൽ നിന്ന് താഴോട്ട്: 1. റീജന്റ് റാണിയുടെ 115–ാം ജന്മവാർഷികം ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ഉദ്ഘാടനം ചെയ്യുന്നു.*
*2. തിരുവനന്തപുരം ക്ഷത്രിയസഭ സാംസ്കാരികവേദി അവതരിപ്പിച്ച തിരുവാതിര*
*3. ഗുരുഗോപിനാഥ് ട്രസ്റ്റ് (കങ്ങഴ) അവതരിപ്പിച്ച നൃത്തശില്പത്തിലെ ഒരു രംഗം*
*4. സദസ്സിന്റെ ഒരു ദൃശ്യം.*

തിരുവിതാംകൂർ സീനിയർ മഹാറാണി സേതുലക്ഷ്മീഭായിയുടെ നൂറ്റിപ്പതിനഞ്ചാം ജന്മവാർഷികം നവംബർ 21ന് സമുചിതമായി ആഘോഷിച്ചു. തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടന്ന ആഘോഷപരിപാടികൾ ശ്രീപദ്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ഉദ്ഘാടനം ചെയ്തു. ഐക്യരാഷ്ട്രസഭ മുൻ അംബാസിഡർ ടി.പി. ശ്രീനിവാസൻ ആദ്ധ്യക്ഷം വഹിച്ചു. തുടർന്ന് അദ്ദേഹം മുഖ്യപ്രഭാഷണം നടത്തി. പാലക്കാട് എൻ.എസ്.എസ്. എൻജിനീയറിംഗ് കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. വി. ബാലകൃഷ്ണപ്പണിക്കർ 'ഇൻഡ്യൻ ഹെറിറ്റേജ് ഇൻ അസ്ട്രോണമി' എന്ന വിഷയത്തിൽ അനുസ്മരണ പ്രഭാഷണം നടത്തി. മഹാറാണിയുടെ ചെറുമകൾ ഡോ. ലക്ഷ്മിരഘുനന്ദൻ അമ്മൂമ്മയെക്കുറിച്ചുള്ള സ്മരണകൾ പങ്കുവച്ചു.

## റീജന്റ് റാണി മാധ്യമ/വിദ്യാഭ്യാസ പുരസ്കാരങ്ങൾ

കേരളശബ്ദം വാർത്താവാരികയിൽ പ്രസിദ്ധപ്പെടുത്തിയ 'വീർപ്പുമുട്ടുന്ന ജുഡീഷ്യറി' എന്ന ലേഖനപരമ്പരയ്ക്കുള്ള മാധ്യമപുരസ്കാരം വാരികയുടെ സീനിയർ കറസ്പോണ്ടന്റ് ചെറുകര സണ്ണി ലൂക്കോസിന് ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ നൽകി. സഭയുടെ മുൻ പ്രസിഡന്റും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ മുൻ ഡയറക്ടറുമായ കെ.എൽ. ശ്രീകൃഷ്ണദാസ് ചെയർമാനും സഭയുടെ സംസ്ഥാന വൈസ് പ്രസിഡന്റ് പി.ജി. ശശികുമാർവർമ്മ, ദൂരദർശൻ വാർത്താവിഭാഗം മുൻ ഡയറക്ടർ എം.പി. രാധാകൃഷ്ണൻ എന്നിവരടങ്ങിയ പരിശോധക സമിതിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്. പതിനയ്യായിരം രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്നതാണ് റീജന്റ് റാണി മാധ്യമപുരസ്കാരം.

### വിദ്യാഭ്യാസ പുരസ്കാരം

റീജന്റ് റാണി വിദ്യാഭ്യാസ പുരസ്കാരം താഴെപ്പറയുന്ന മൂന്ന് വിദ്യാർത്ഥികൾക്ക് നൽകി.

1. ICSE - മാസ്റ്റർ പ്രണോയ് വർമ്മ (S/o സുഭാഷ്കുമാർവർമ്മ)

2. CBSE - മാസ്റ്റർ അഖിൽ എസ്. വർമ്മ (S/o സുകുമാർ വർമ്മ)

3. SSLC - കുമാരി കീർത്തന വർമ്മ (D/o സി.കെ. പുരുഷോത്തമൻ)

റീജന്റ് റാണി വിദ്യാഭ്യാസ പുരസ്കാരമായ പതിനയ്യായിരം രൂപ ഈ മൂന്നു വിദ്യാർത്ഥികൾക്കും തുല്യമായി നൽകി.

പ്രസിഡന്റ് എം. രവിവർമ്മരാജ സ്വാഗതവും സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മ നന്ദിയും പറഞ്ഞു. തുടർന്ന് തിരുവനന്തപുരം ക്ഷത്രിയസഭ സാംസ്കാരിക വേദി അവതരിപ്പിച്ച തിരുവാതിരക്കളിയും ഗുരു ഗോപിനാഥ് ട്രസ്റ്റ് (കങ്ങഴ) അവതരിപ്പിച്ച കേരളനടവും ചടങ്ങിന് മാറ്റ് കൂട്ടി.

## തിരുവാതിരയാഘോഷം

തിരുവനന്തപുരം ക്ഷത്രിയസഭയുടെ ഈ വർഷത്തെ തിരുവാതിരയാഘോഷം ഡിസംബർ 21ന് സുന്ദരവിലാസത്ത് പരമ്പരാഗത രീതിയിൽ ആഘോഷിച്ചു. വൈകുന്നേരം 6.30ന് മുതിർന്ന വനിതാ അംഗം വി.കെ. ഭാനുമതി തമ്പുരാട്ടിയുടെ നേതൃത്വത്തിൽ എട്ടങ്ങാടി നിവേദ്യവും തിരുവാതിരയുടെ പ്രാധാന്യത്തെക്കുറിച്ച് അവർ നൽകിയ വിശദീകരണവും നടന്നു. ഡോ. എഴുമറ്റൂർ രാജരാജവർമ്മ തിരുവാതിരയുടെ ചരിത്രപരവും പൗരാണികവുമായ പ്രാധാന്യത്തെക്കുറിച്ച് വിശദമായ പ്രഭാഷണം നടത്തി. തുടർന്ന് മുപ്പതോളം അംഗങ്ങൾ പങ്കെടുത്ത തിരുവാതിരകളി ഉണ്ടായിരുന്നു. ദീർഘകാലത്തെ ഔദ്യോഗിക ജീവിതത്തിനുശേഷം ദുബായിൽ നിന്നും തിരിച്ചെത്തിയ ഹരീന്ദ്രവർമ്മ (കിളിമാനൂർ), സുധാവർമ്മ (ആറന്മുള) ദമ്പതികളുടെ വകയായി ചടങ്ങിൽ സംബന്ധിച്ചവർക്കുള്ള അത്താഴവിരുന്നും നൽകി.

## അനുമോദനം

ക്ഷത്രിയക്ഷേമസഭ തിരുവനന്തപുരം യൂണിറ്റും മഹാറാണിയുടെ കുടുംബാംഗങ്ങളും സംയുക്തമായി ഏർപ്പെടുത്തിയ റീജന്റ് മഹാറാണി സേതുലക്ഷ്മീഭായി വിദ്യാഭ്യാസ പുരസ്കാരത്തിനായി തെരഞ്ഞെടുക്കപ്പെട്ട കുമാരി കീർത്തന വർമ്മയെ ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് 28-11-2010ന് ചേർന്ന യോഗത്തിൽ അനുമോദിച്ചു. യൂണിറ്റ് സെക്രട്ടറി യോഗത്തിൽ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ശ്രീ. എൻ.പി. കൃഷ്ണൻ ഉണിത്തിരി പുരസ്കാരം കീർത്തന വർമ്മക്ക് ഏല്പിച്ചുകൊടുക്കുകയും, കുട്ടിയെ അഭിനന്ദിക്കുകയും ചെയ്തു. കീർത്തനവർമ്മ, പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടതിൽ കൃതജ്ഞത അറിയിച്ചു. സംഘടനാപ്രവർത്തകരും കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. സി.കെ. രാഘവൻ യോഗത്തിൽ നന്ദി പ്രകാശിപ്പിച്ചു.

## അനുസ്മരണം

### രാജവർമ്മ (സുന്ദരേട്ടൻ)

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് മുൻ ജോ. സെക്രട്ടറിയും സജീവപ്രവർത്തകനുമായ യു.കെ. രാജവർമ്മ (സുന്ദരേട്ടൻ)യുടെ ഒന്നാം ചരമവാർഷികത്തിന്റെ ഭാഗമായി ഡിസം.12ന് അനുസ്മരണയോഗം നടന്നു. യൂണിറ്റ് പ്രസിഡന്റ് എൻ.കെ. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് രക്ഷാധികാരി എൻ.കെ. നാരു ഉണിത്തിരി യോഗം ഉദ്ഘാടനം ചെയ്ത് അനുസ്മരണപ്രഭാഷണം നടത്തി. തുടർന്ന് പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടി (കാമാക്ഷി ട്രസ്റ്റ് പ്രസിഡന്റ്), സി. മാധവൻ, എൻ.കെ. കൃഷ്ണൻ ഉണിത്തിരി, എൻ. കെ. നാരായണൻ ഉണിത്തിരി, എൻ. കുഞ്ഞോമൻ ഉണിത്തിരി എന്നിവർ സംസാരിച്ചു. യോഗത്തിൽ സംസാരിച്ച മാന്യവ്യക്തികൾ സുന്ദരേട്ടന്റെ മാതൃകാപരമായ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചു.

സെക്രട്ടറി ടി.എം. ശ്രീകുമാർ സ്വാഗതവും വൈ. പ്രസിഡന്റ് അഡ്വ. വി.എം. കൃഷ്ണകുമാർ നന്ദിയും പറഞ്ഞു.

## ചരമം

**എൻ.കെ. നാരു ഉണിത്തിരി, മണക്കാട്**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റിലെ തല മുതിർന്ന അംഗവും റിട്ടയേർഡ് അദ്ധ്യാപകനും ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകനുമായ നൂഞ്ഞിയിൽ കിഴക്കേ മഠത്തിൽ നാരു ഉണിത്തിരി (94) നിര്യാതനായി. പരേതരായ പി. ലക്ഷ്മിക്കുട്ടിഅമ്മ, ഇ.എം. ലക്ഷ്മിക്കുട്ടി അമ്മ (ദേശമംഗലം) എന്നിവർ ഭാര്യമാരാണ്. മക്കൾ: പി. വിജയൻ (റിട്ട. പ്രിൻസിപ്പാൾ), പി. മാധവൻ (റിട്ട. നഴ്സിംഗ് അസിസ്റ്റന്റ്) ഇ. എം. കൃഷ്ണകുമാർ (ലക്ഷ്മി സ്റ്റുഡിയോ, ഓണക്കുന്ന്, ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗം), പരേതയായ ഇ.എം. ശാന്തകുമാരി. മരുമക്കൾ: പി.സി. സരോജിനി, പ്രേമകുമാരി, സി.എം.ഗിരിജ (പട്ടുവം), പരേതനായ എൻ.വി. നാരായണൻ ഉണിത്തിരി.



**ഗൗരിക്കുട്ടി തമ്പാട്ടി**

പരിമണത്ത് കോവിലകത്ത് ഗൗരിക്കുട്ടി തമ്പാട്ടി (99) ജൂൺ 23-ാം തീയതി നിര്യാതയായി. മക്കൾ: പി. കെ. രവീന്ദ്രവർമ്മ (പ്രസിഡന്റ് കരപ്പുറം ക്ഷത്രിയസഭ) രാജലക്ഷ്മി തമ്പാട്ടി. മരുമക്കൾ: പരേതനായ രവിവർമ്മ, ഗിരിജാവർമ്മ.

**വി.കെ. വിജയവർമ്മ**

നീലേശ്വരം പ്രസിദ്ധ വൈദ്യൻ എടയ്ക്കാനം നമ്പൂതിരിയുടെ മകനും വടക്കേ കോവിലകത്ത് വി.കെ. വിജയവർമ്മ സെപ്റ്റംബർ 22ന് നിര്യാതനായി. അഞ്ചേരിമഠം റ്റി.എൻ. തങ്കമണി, സഹധർമ്മിണിയാണ്. മക്കൾ: രാജേഷ്‌വർമ്മ, രതീഷ് വർമ്മ, മരുമക്കൾ: വനിത (തൃപ്പൂണിത്തുറ കോവിലകം) ഉമ (കോട്ടയ്ക്കൽ കോവിലകം)

**എൻ.കെ. രവിയപ്പൻ തമ്പാൻ (80)**

എളങ്കുന്നപ്പുഴ നടയ്ക്കൽ കോവിലകത്ത് രവിയപ്പൻ തമ്പാൻ (80) ഒക്ടോബർ 31ന് നിര്യാതനായി. അവിട്ടത്തൂർ കൊട്ടാരത്തുമഠത്തിൽ പരേതയായ കൊച്ചമ്മിണി നമ്പിഷ്ഠാതിരിയാണ് ഭാര്യ.

**കമലം തമ്പുരാട്ടി**

ചിറക്കൽ: കോവിലകത്ത് സി.കെ. കമലം തമ്പുരാട്ടി (78) അന്തരിച്ചു. ചിറക്കൽ രാജാസ് ഹൈസ്ക്കൂൾ റിട്ട. അദ്ധ്യാപകൻ പരേതനായ കിളിമാനൂർ കൊട്ടാരത്തിൽ ജി. രാജരാജവർമ്മയുടെ ഭാര്യയാണ്. മക്കൾ: കൃഷ്ണകുമാര വർമ്മ (റിട്ട. പോസ്റ്റ്മാസ്റ്റർ), ദിവാകര വർമ്മ (സീനിയർ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക് (കണ്ണൂർ റീജണൽ ഓഫീസ്), പ്രീത വർമ. മരുമക്കൾ: സുശീല വർമ്മ (പാലിയക്കര കൊട്ടാരം, തിരുവല്ല) ലതവർമ്മ (തിരുവണ്ണൂർ കോവിലകം, കോഴിക്കോട്) രമേഷ് കുമാർ പന്തളം (സീനിയർ ജനറൽ മാനേജർ, ഈസ്റ്റ് കോസ്റ്റ് എനർജി പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ്), സഹോദരങ്ങൾ: സി.കെ. രവീന്ദ്രവർമ്മ രാജ, ലീലാരാജ, ഉഷാരാജ, സി.കെ. അശോക വർമ്മ (പ്രിൻസിപ്പൽ, ചിന്മയ വിമൻസ് കോളേജ്, കണ്ണൂർ)



**തന്ത്രി പാതിരിശ്ശേരി ശ്രീകുമാരൻ നമ്പൂതിരിപ്പാട്**

പ്രശസ്ത താന്ത്രിക ആചാര്യൻ പാതിരിശ്ശേരി ശ്രീകുമാരൻ നമ്പൂതിരിപ്പാട് (96) കോഴിക്കോട് തിരുവണ്ണൂർ കോവിലകത്ത് ജിതേഷ് നിവാസിൽ ഒക്ടോബർ 30ന് അന്തരിച്ചു. കോഴിക്കോട് / മലപ്പുറം ജില്ലകളിലെ നാൽപ്പതോളം ക്ഷേത്രങ്ങളിലെ തന്ത്രിയായിരുന്നു. നൂറോളം ക്ഷേത്രങ്ങളിൽ പ്രതിഷ്ഠാകർമ്മവും മുന്നൂറോളം ക്ഷേത്രങ്ങളിൽ തന്ത്രവും അനുഷ്ഠിച്ചിട്ടുണ്ട്. പിതാവ് പരേതനായ ശ്രീകുമാരൻ നമ്പൂതിരിപ്പാട്. മാതാവ്: ദേവകി അന്തർജ്ജനം. ഭാര്യ തിരുവണ്ണൂർ കോവിലകത്ത് ജിതേഷ് നിവാസിൽ പരേതയായ കുട്ടി തമ്പുരാട്ടി. മക്കൾ: പി.കെ.കെ. തമ്പാട്ടി, പരേതയായ നിർമ്മല ആർ. വർമ്മ, സ്വർണ്ണം ആർ. തമ്പുരാൻ. കനകം ആർ വർമ്മ, ലതിക കെ. വർമ്മ, സരസ്വതി യു. വർമ്മ, സുമ വി. വർമ്മ, ഉഷ പി. തമ്പുരാൻ, ജിതേഷ് രാജ, ജ്യോതി ആർ. വർമ്മ. മരുമക്കൾ: പ്രൊഫ. കുമാര കേരളവർമ്മ, പരേതനായ രാജരാജവർമ്മ, രാധാകൃഷ്ണൻ തമ്പുരാൻ, പരേതനായ രാജരാജവർമ്മ (ജയൻ), കേരള വർമ്മ, ഉണ്ണിക്കൃഷ്ണവർമ്മ, വിനയവർമ്മരാജ, പ്രദീപ് കുമാർ തമ്പുരാൻ, രവിവർമ്മ



**കെ. കേരളവർമ്മ**

കിളിമാനൂർ കൊട്ടാരത്തിൽ കെ. കേരളവർമ്മ (75) നവംബർ 13ന് നിര്യാതനായി. ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ തിരുവല്ല കൈപ്പുഴ മഠത്തിൽ വിമലാഭായി തമ്പുരാട്ടി. മക്കൾ: രാജേഷ്, രോഷ്നി, രശ്മി. മരുമക്കൾ: സൗമ്യ (മാങ്കാവ്), നന്ദനവർമ്മ, പ്രജേഷ് (കാരാഴ്മ കൊട്ടാരം)

**ഉദയവർമ്മരാജ**

തിരുവല്ല: നെടുമ്പുറത്ത് കൊട്ടാരത്തിൽ കെ. ഉദയവർമ്മ രാജ (85) തിരുവനന്തപുരത്തെ വസതിയിൽ അന്തരിച്ചു.



സഹോദരങ്ങൾ: പരേതനായ ടി.കെ. രാമവർമ്മരാജ, പരേതനായ ജി. കേരളവർമ്മ രാജ, കെ.ആർ. ആർ. വർമ്മരാജ, ടി. കെ. മാർത്താണ്ഡവർമ്മരാജ, കേരളവർമ്മരാജ

**ആർ.ആർ. വി. തമ്പാൻ**

ചെന്നിത്തല മേനാംവിള വല്യത്ത് കോവിലകത്ത് ആർ.ആർ.വി. തമ്പാൻ (79) ഡിസംബർ 1ന് അന്തരിച്ചു. പറവൂർ കോവിലകത്ത് പ്രിയംവദയാണ് ഭാര്യ. മകൻ: മനുവർമ്മ (മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, എറണാകുളം) മകൾ: മിനി വർമ്മ (ഭാരതീയ വിദ്യാഭവൻ) മരുമകൻ: ഡോ. മോഹനൻ തമ്പുരാൻ, മരുമകൾ: ഡോ. ദീപ.

**ശാരദ നമ്പിഷ്ടാതിരി**

തൃപ്പൂണിത്തുറ പുത്തൻ മഠത്തിൽ ശാരദ നമ്പിഷ്ടാതിരി (86) നവംബർ 4ന് തൃപ്പൂണിത്തുറയിൽ അന്തരിച്ചു. ഭർത്താവ് അന്തരിച്ച ആർ.കെ. തിരുമുൽ പ്പാട് മക്കൾ: ചന്ദ്രിക, ഭരതൻ (കുവൈറ്റ്) ശശി കുമാർ (തിരുവനന്തപുരം)മരുമക്കൾ: രവി, സുഷമ, ഇന്ദിര (എസ്.യു.റ്റി. തിരുവനന്തപുരം)

**ലീലാഭായി തമ്പുരാട്ടി**

ചെന്നിത്തല മേനാംവിള കോവിലകത്ത് ലീലാഭായി തമ്പുരാട്ടി (74) നവംബർ 23ന് തിരുവനന്തപുരത്തെ വസതിയിൽ അന്തരിച്ചു. ചേർത്തല തെക്കേടത്ത് കോവിലകത്ത് പരേതനായ ഉദയവർമ്മ തമ്പാനാണ് ഭർത്താവ്. മകൻ: ടി.എൻ. രാജ രാജവർമ്മ (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) മരുമകൾ: ലതാഭായി (കൃഷ്ണപുരം)

**ശ്രീദേവി തമ്പുരാട്ടി**

കല്ലറ പ്രേംപാലസിൽ ശ്രീദേവിതമ്പുരാട്ടി (69) നവംബർ 7ന് നിര്യാതയായി. പരേതനായ ഉദയവർമ്മ തിരുമുൽപ്പാടാണ് ഭർത്താവ്. മക്കൾ: അജിത് വർമ്മ, സജിത് വർമ്മ, രജിത് വർമ്മ, പ്രേംജിത്ത് വർമ്മ.

**അകവൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്**



വെള്ളാരപ്പള്ളി അകവൂർ മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരിപ്പാട് (99) അന്തരിച്ചു. തിരുവൈരാണിക്കുളം ക്ഷേത്ര ട്രസ്റ്റിയും ശ്രീമൂലനഗരം പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റും അകവൂർ ഹൈസ്കൂൾ സ്ഥാപകനും മാനേജരുമാണ്. മങ്കട കോവിലകത്ത് അമ്മു തമ്പുരാട്ടിയാണ് ഭാര്യ. മക്കൾ: എം.സി. നന്ദകുമാരൻ തമ്പുരാൻ (റിട്ട. ഡയറക്ടർ, ഫെഡറൽ ബാങ്ക്), എം. സി. ഇന്ദിര (കാനറാബാങ്ക്) പരേതയായ എം.സി. രമ, എം.സി. വിജയലക്ഷ്മി, തില കവർമ്മ (കോട്ടയ്ക്കൽ ആര്യവൈദ്യശാല) മുരളീധര വർമ്മ (ഷെയർ ബ്രോക്കർ), കൃഷ്ണകുമാരി (ഫെഡറൽ ബാങ്ക്, ആലുവ) മരുമക്കൾ: മഞ്ജുതമ്പുരാട്ടി (മാവേലിക്കര), പരേതനായ ഓമനക്കുട്ടൻ തമ്പുരാൻ, കേരള വർമ്മ, ഉദയവർമ്മ (സിഡ്കോ), ശോഭന ആർ. വർമ്മ (സുരഭി, തൃശൂർ), ഉമാ വർമ്മ (ഭവൻസ് ആദർശ വിദ്യാലയ, കാക്കനാട്, രവിവർമ്മ (റിട്ട. കാനറാബാങ്ക്)

**നളിനിത്തമ്പുരാട്ടി**



തിരുവല്ല: പാലിയേക്കര പടിഞ്ഞാറെകൊട്ടാരത്തിൽ ശ്രീ കുമാരവർമ്മയുടെ ഭാര്യ, ചിറളയം കൊട്ടാരത്തിൽ നളിനിത്തമ്പുരാട്ടി (57) അന്തരിച്ചു. മകൾ: ദേവിക വർമ്മ. മരുമകൻ: വാസുദേവവർമ്മരാജ.

**മങ്കടരവിവർമ്മ**



പ്രശസ്ത ചലച്ചിത്രഛായാഗ്രാഹകൻ മങ്കട രവിവർമ്മ (84) നവംബർ 22ന് ചെന്നൈയിലെ സഹോദരിയുടെ വസതിയിൽ അന്തരിച്ചു. മികച്ച ഛായാഗ്രഹണത്തിനുള്ള ജെ.സി. ഡാനിയേൽ പുരസ്കാരവും മറ്റനവധി സംസ്ഥാന ബഹുമതികളും കരസ്ഥമാക്കിയിട്ടുണ്ട്. അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത 'സ്വയം വരം' എന്ന ചിത്രത്തിന്റെ ഛായാഗ്രഹണത്തിലൂടെ ശ്രദ്ധേയനായ രവിവർമ്മ നൂറിലേറെ ചിത്രങ്ങളുടെ ചായാഗ്രഹണം നിർവ്വഹിച്ചിട്ടുണ്ട്. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റായിരുന്ന അന്തരിച്ച കെ.വി. രാജ മൂത്ത സഹോദരനാണ്. മറ്റ് സഹോദരങ്ങൾ: കെ.സി.കെ. രാജ (AIR എൻജിനീയർ) ശ്രീ. വല്ലഭരാജ, രാമവർമ്മരാജ, സഹോദരിമാർ: അന്തരിച്ച അമ്മു തമ്പുരാട്ടി, തങ്കം തമ്പുരാട്ടി, തങ്കമണി തമ്പുരാട്ടി, സാവിത്രി തമ്പുരാട്ടി, സുഭദ്ര തമ്പുരാട്ടി.

**സന്ദീപ് വർമ**



തൃപ്പൂണിത്തുറ: കൊച്ചി രാജകുടുംബാംഗം ശ്രീവിലാസം പാലസിൽ പരേതരായ വിജയ വർമയുടെയും ശ്രീമതി തമ്പുരാന്റെയും മകൻ സന്ദീപ് വർമ നിര്യാതനായി.

**രവിവർമ്മരാജ**

പന്തളത്ത് ചേന്നനാമണ്ണിൽ കൊട്ടാരത്തിൽ രവിവർമ്മരാജ (72) ഡിസംബർ 12ന് പറവൂരിൽ നിര്യാതനായി. അവിവാഹിതനായിരുന്നു.

പന്തളം കൊട്ടാരം ഇളയ തമ്പുരാൻ കേരളവർമ്മ (മനു) രാജയുടെ അനന്തിരവനാണ്.

**ജയദീപ് വർമ്മ**

പന്തളത്ത് വടക്കെമുറി പുത്തൻ കോയിക്കലിൽ അന്തരിച്ച കെ. രവിവർമ്മ (കൊച്ചു രവിയമ്മാവൻ) യുടെ മകൾ മായയുടെ ഭർത്താവ് ജയദീപ് വർമ്മ.

നവംബർ 24ന് മുംബൈയിൽ നിര്യാതനായി. മക്കൾ: വിശ്വജിത്, വൈശാലി.




## വരനെ ആവശ്യമുണ്ട്

### BOX No. 436

ക്ഷത്രിയ യുവതി 29 വയസ്സ് (26.6.1982) പൂരം നക്ഷത്രം, MBA, System Adminisrator, IBM DLF Infocity ചെന്നൈ. 153cm. അച്ഛൻ സിന്റിക്കേറ്റ് ബാങ്ക്. അസി. ജനറൽ മാനേജർ. ക്ഷത്രിയ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| മാ | ല | ബു ശു | ര സ |
| - | രാശി | | - |
| - | | | ച |
| ശി | - | ഗു | കു മ |

| | | | |
|---|---|---|---|
| ശു | സ | - | ല കുബു |
| - | അംശകം | | മ |
| ര | | | മാ |
| ഗു | ച | ശി | |

ജനനശിഷ്ടം 3 കൊല്ലം 9 മാസം 27 ദിവസം ശുക്രദശ

## വധുവിനെ ആവശ്യമുണ്ട്

### BOX No. 437

ക്ഷത്രിയ യുവാവ്. 31 വയസ്സ് (06.07.1979) വിശാഖം നക്ഷത്രം, 173 സെ.മീറ്റർ ഉയരം. BSc (Stat) with PGDSEM (Institute of Business Management, Bangalore), സീനിയർ ബിസിനസ് അനലിസ്റ്റ്. Stratify Software (India Limited, Bangalore. അച്ഛൻ റിട്ട. ഇൻകം ടാക്സ് ഡെ. കമ്മീഷണർ. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| - | - | കു | ര ശു |
| ശി | രാശി | | ഗു ബു മാ |
| - | | | ല മ സ |
| - | ച | - | - |

| | | | |
|---|---|---|---|
| ശി | ര | കു | - |
| - | അംശകം | | ച |
| - | | | മ |
| ഗു | ല ശു ബു | - | സ |

ശിഷ്ടദശ 1 കൊല്ലം 6 മാസം വ്യാഴ ദശ

### BOX No. 438

Kshatriya girl, 24 Yrs, (01-10-1986), Makam Nakshathram, 173cm Slim, BAMS, (Ayurvedic Medicines) proposals invited from parents of suitable Kshatriya Youths Box No. 438

| | | | |
|---|---|---|---|
| രാഹു | - | - | - |
| വ്യാഴം | ഗ്രഹനില | | - |
| ചൊവ്വ | | | ചന്ദ്രൻ |
| ഗുളികൻ | ശനി | ശുക്രൻ ലഗ്നം ബുധൻ | സൂര്യൻ കേതു |

ജനനശിഷ്ടം 1 കൊല്ലം 7 മാസം 6 ദിവസം കേതുർദശ






പ്രൊഫ. കെ.എൻ.എസ്.വർമ്മയുടെയും രമണി വർമ്മയുടെയും (ത്രിവേണി, CMC-11, ചേർത്തല) മകൻ ജ്യോതിഷും, കെ. രാമവർമ്മയുടെയും ബീനാവർമ്മയുടെയും (39/2221, സ്വാമി ചിന്മയാനന്ദ റോഡ്, കൊച്ചി-20) മകൾ ഐശ്വര്യയും തമ്മിലുള്ള വിവാഹം നവംബർ 28ന് എറണാകുളം കടവന്ത്ര വിനായക കല്യാണമണ്ഡപത്തിൽ സമംഗളം നടന്നു.